malayalam cultural magazine

HINDUVISHWA
2011 NOVEMBER-DECEMBER

http://vhp.org

# ഹിന്ദുവിശ്വ

2011 നവംബർ - ഡിസംബർ 1187 വൃശ്ചികം ₹:10.00





5 **ശബരിമല**
**പ്രധാന തീർത്ഥാടനവഴികൾ**
സ്വാമി ജ്ഞാനാനന്ദസരസ്വതി




ഒരു സാധാരണക്കാരനെപ്പോലെയാണ് വൈലോപ്പിള്ളി നഗരവീഥികളിലൂടെ നടന്നുപോകാറ്. തൃശ്ശൂർ അദ്ദേഹത്തിന് ഇഷ്ടനഗരമായിരുന്നു. തൃശ്ശൂർ പ്രമേയ മായി വരുന്ന അനേകം കവിതകൾ അദ്ദേഹമെഴുതിയിട്ടുണ്ട്.

# ചിത്രമെഴുത്ത്: നമ്പൂതിരി

**എ.കെ.ഗോപിദാസ്**

ഒരു കഥയിലോ നോവലിലോ കഥാകാരൻ ആവിഷ്ക്കരിക്കുന്ന മുഖങ്ങൾക്കും ദേശങ്ങൾക്കും നവജീവൻ നൽകുകയാണ് കേരളത്തിന്റെ സ്വന്തം രേഖാചിത്രകാരനായ നമ്പൂതിരിമാഷ്.



# ഹിന്ദുവിശ്വ

പുസ്തകം 25, ലക്കം 7







1187 വൃശ്ചികം

2011 നവംബർ - ഡിസംബർ

**പ്രസാധകൻ**

പി.എസ്. കാശിവിശ്വനാഥൻ

**പത്രാധിപസമിതി**

കെ.വി. മദനൻ

കുമ്മനം രാജശേഖരൻ

കാലടി മണികണ്ഠൻ

കെ. സുനീഷ്

(പത്രാധിപർ)

ഫോൺ: 0484 - 4046322

**ഉപദേശകസമിതി**

മാടമ്പ് കുഞ്ഞുകുട്ടൻ

പി. നാരായണക്കുറുപ്പ്

എസ്. രമേശൻനായർ

കെ.പി. ശശികല ടീച്ചർ

കവർ & ലേഔട്ട്

രാജേഷ് ചാലോട്

**കാര്യാലയം**

ഹിന്ദുവിശ്വ

ഹിന്ദുസാംസ്കാരികകേന്ദ്രം

കലൂർ, കൊച്ചി-682 017

കേരളം

ഫോൺ : 0484-2539322

ഫാക്സ് : 0484-2539322

hinduvishwa.malayalam@gmail.com


## 16 വൈലോപ്പിള്ളി സ്മരണ

**ഒരു സാധാരണക്കാരനെപ്പോലെയാണ് വൈലോപ്പിള്ളി നഗരവീഥികളിലൂടെ നടന്നുപോകാറ്. തൃശ്ശൂർ അദ്ദേഹത്തിന് ഇഷ്ടനഗരമായിരുന്നു. തൃശ്ശിവപേരൂർ പ്രമേയമായി വരുന്ന അനേകം കവിതകൾ അദ്ദേഹമെഴുതിയിട്ടുണ്ട്.**




5 ശബരിമല പ്രധാന തീർത്ഥാടനവഴികൾ
സ്വാമി ജ്ഞാനാനന്ദസരസ്വതി

25 സാമൂഹ്യസമരസത ഒരാത്മപരിശോധന
കെ.വി. മദനൻ

16 വൈലോപ്പിള്ളിസ്മരണ
കെ.കെ. ഹിരണ്യൻ

18 നാഥനല്ലാത്ത ഒരുവൻ
ബിന്ദു കൃഷ്ണൻ

19 ഗ്രാമവികാസ് ഗ്രാമീണ ഭാരതത്തിന്റെ സംഘപഥം
കെ. കൃഷ്ണൻകുട്ടി/മാധവദാസ്

24 ചിത്രമെഴുത്ത്: നമ്പൂതിരി
എ.കെ. ഗോപിദാസ്

29 ശാസ്താരം പ്രണമാമ്യഹം
നിലീൻ കിള്ളൂർ

30 വർഗ്ഗീയബിൽ: ചില യാഥാർത്ഥ്യങ്ങൾ
ജെ. നന്ദകുമാർ

33 മാളികപ്പുറത്തമ്മ
അഖില

35 ആഴ്വാഞ്ചേരി തമ്പ്രാക്കൾ
ഡോ. രാജൻ ചുങ്കത്ത്

37 ധർമ്മസ്ഥല
എസ്.പി. നമ്പൂതിരി

# വിപത്‌സൂചന നൽകുന്ന പ്രസ്താവനകൾ

മുതിർന്ന കോൺഗ്രസ് നേതാവ് ദിഗ്‌വിജയ്‌സിംഗ് സമീപകാലങ്ങളിലായി നടത്തിവരുന്ന പ്രസ്താവനകൾ ഗുരുതരമായ പ്രത്യാഘാതങ്ങളുളവാക്കുന്നതാണ്. ഇന്ത്യയിൽ 'ഹിന്ദുത്വതീവ്രവാദി'കളെയാണ് ഏറ്റവും ഭയക്കേണ്ടതെന്ന രീതിയിൽ സിംഗ് മുമ്പൊരിക്കൽ നടത്തിയ പ്രസ്താവനയും ആർഎസ്എസിനു നേരെ നടത്തിയ വിവാദപരാമർശങ്ങളും അന്താരാഷ്ട്രതലത്തിൽ തന്നെ വലിയ കോളിളക്കം സൃഷ്ടിച്ചിരുന്നു. അഴിമതിക്കെതിരെ സമരം നടത്തുകയും ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന രാഷ്ട്രസ്നേഹികളായ സന്നദ്ധസേവകർക്കുനേരെയാണ് ഇപ്പോൾ സിംഗ് ആഞ്ഞടിക്കുന്നത്. കൂട്ടത്തിൽ ആർഎസ്എസാണ് അഴിമതി വിരുദ്ധ സമരത്തിന്റെ സൂത്രധാരനെന്നും പലകുറി സിംഗ് കാച്ചിവിടുന്നുണ്ട്. അണ്ണാഹസാരെക്കും ബാബാ രാംദേവിനുമെല്ലാം എതിരെ അത്യന്തം മോശമായ ഭാഷയിലാണ് സിംഗ് ആക്രോശിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോഴിതാ ലോകം മുഴുവൻ ആദരിക്കുന്ന ആർട്ട് ഓഫ് ലിവിംഗ് പ്രസ്ഥാനത്തിന്റെ ആചാര്യൻ ശ്രീ ശ്രീ രവിശങ്കറിനു നേരെയും ആക്ഷേപശരങ്ങളുമായി എത്തിയിരിക്കുന്നു.

അഴിമതിവിരുദ്ധ പോരാട്ടത്തിൽ പങ്കുചേരാനുള്ള ശ്രീ ശ്രീ രവിശങ്കറിന്റെ തീരുമാനത്തെ തുടർന്നാണ് സിംഗ് അദ്ദേഹത്തിന് നേരെ തിരിഞ്ഞിരിക്കുന്നത്. മാത്രമല്ല, ബിജെപി നേതാവ് ഗഡ്ഗരിയുടെ പുസ്തകപ്രകാശനത്തിൽ പങ്കെടുത്തതും, ഗുജറാത്ത് സന്ദർശനം നടത്തുമ്പോൾ മുഖ്യമന്ത്രി നരേന്ദ്രമോഡി ശ്രീ ശ്രീയുമായി കൂടിക്കാഴ്ച നടത്തിയതുമാണ് ദിഗ്‌വിജയ്‌സിങ്ങിനെ പ്രകോപിതനാക്കിയത്.

വാസ്തവത്തിൽ യുപിഎ സർക്കാരിന്റെയും കോൺഗ്രസിന്റെയും ചാവേറാണ് സിംഗ് എന്നതിൽ സംശയമില്ല. മൂല്യാധിഷ്ഠിത രാഷ്ട്രീയപ്രവർത്തനത്തെ നിർബാധം എതിർത്തുപോന്ന കോൺഗ്രസിന് ആർഎസ്എസിനും ബിജെപിക്കുമെതിരെ സിംഗിനെപോലുള്ള ചാവേറുകൾ ആവശ്യമാണ്. അഴിമതിക്കൊപ്പം രാഷ്ട്രഅന്തഃഛിദ്രവും കോൺഗ്രസിന്റെ നിശ്ചിതമായ അജണ്ടകളാണെന്നു സംശയിക്കണം. കഴിഞ്ഞ കുറേ വർഷങ്ങളായി അഴിമതിയും രാഷ്ട്രവിധ്വംസകപ്രവർത്തനങ്ങളും രൂക്ഷമായ തോതിൽ വർദ്ധിച്ചുകൊണ്ടിരുന്നിട്ടും സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരുവിധ നടപടിയും ഉണ്ടായില്ലെന്നു മാത്രമല്ല, എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കുന്ന വിധവുമായിരുന്നു പ്രവർത്തനങ്ങൾ. ഇസ്ലാമികതീവ്രവാദത്തിന്റെ ഏറ്റവും വലിയ ഇരയായി ത്തീർന്നിരിക്കുകയാണ് ഇന്ന് ഇന്ത്യ. കാശ്മീർപ്രശ്നത്തിൽ ഇന്ത്യയുടെ അയഞ്ഞ സമീപനം സംശയമുണർത്തുന്നു. രാഷ്ട്രസ്നേഹികളായ ചില സംസ്ഥാന ഭരണാധികാരികൾക്കുനേരെ നിരന്തരമായി വ്യാജകേസുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് അവരുടെ ആത്മവീര്യം നശിപ്പിക്കുവാൻ വേണ്ടിയാണ്. അഴിമതിക്കെതിരെ പോരാടുന്നവർക്കു നേരെയും തുടർച്ചയായി കേസുകൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. ഇന്ത്യാരാജ്യത്തുനിന്നുമുള്ള 25 ലക്ഷം കോടിയുടെ കള്ളപ്പണമാണ് സ്വിസ്ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നതെന്ന് അടുത്തയിടെ ബിജെപി നേതാവ് എൽ.കെ. അദ്വാനി നടത്തിയ പ്രസ്താവന അഴിമതിയുടെ രൂക്ഷത എത്രത്തോളം ഭീകരമാണെന്ന് ചൂണ്ടിക്കാണിക്കുന്നതാണ്. രാജ്യത്ത് ഇപ്പോഴും ദാരിദ്ര്യവും പട്ടിണിയും മാറാരോഗങ്ങളും തൊഴിലില്ലായ്മയും നിലനിൽക്കുന്നുണ്ടെന്ന സത്യം ഇവിടെ തിരിച്ചറിയപ്പെടാതെ പോയിക്കൂടാ. വൻകിടവ്യവസായികളുടെയും സമ്പന്നരുടേയും താൽപര്യം മാത്രം സംരക്ഷിക്കുന്ന ഒരു സർക്കാർ ഗുരുതരമായ വിഭാഗീയതയാണ് സൃഷ്ടിക്കുക. ഇതിന്റെയല്ലാം അനന്തരഫലം അനുഭവിക്കേണ്ടിവരുന്നതാകട്ടെ ഭൂരിപക്ഷസമുദായമാണ്. സമീപകാലത്ത് വിവിധ സംസ്ഥാനങ്ങളിൽ നടന്ന കർഷകആത്മഹത്യാനിരക്കു നൽകുന്ന സൂചന മറ്റൊന്നല്ല. മാവോയിസ്റ്റ് പോലുള്ള വിധ്വംസകശക്തികൾക്ക് വളക്കൂറുള്ള മണ്ണാക്കി ഇന്ത്യയെ മാറ്റിത്തീർക്കുന്നത് ഈ ഭരണാധികാരികളാണ്. ദിഗ്‌വിജയസിംഗ് ഭരണാധികാരികളുടെ ഒരു ചട്ടുകം മാത്രം എന്ന് ഞങ്ങൾ സംശയിക്കുന്നു.. വലിയ മാനങ്ങളുള്ള ഒരു അന്താരാഷ്ട്രഗൂഢാലോചനയുടെ ഭാഗമാണ് ദിഗ്‌വിജയസിംഗിന്റെ മേൽപറഞ്ഞ പ്രസ്താവനകൾ എന്ന് വ്യക്തമാണ്. ഈ ഗൂഢാലോചനയുടെ പ്രധാന സൂത്രധാരൻ ആരെന്നു മാത്രമേ ഇനി അറിയാനുള്ളൂ. അതുകൊണ്ട് രാഷ്ട്രസ്നേഹികളായ ഓരോ ഭാരതീയനും അത്യന്തം ജാഗ്രത പുലർത്തുക. അതാണ് ഞങ്ങൾക്ക് നൽകാനുള്ള മുന്നറിയിപ്പ്.

**രാജ്യത്ത് ഇപ്പോഴും ദാരിദ്ര്യവും പട്ടിണിയും മാറാരോഗങ്ങളും തൊഴിലില്ലായ്മയും നിലനിൽക്കുന്നുണ്ടെന്ന സത്യം ഇവിടെ തിരിച്ചറിയപ്പെടാതെ പോയിക്കൂടാ. വൻകിടവ്യവസായികളുടെയും സമ്പന്നരുടേയും താൽപര്യം മാത്രം സംരക്ഷിക്കുന്ന ഒരു സർക്കാർ ഗുരുതരമായ വിഭാഗീയതയാണ് സൃഷ്ടിക്കുക. ഇതിന്റെയല്ലാം അനന്തരഫലം അനുഭവിക്കേണ്ടിവരുന്നതാകട്ടെ ഭൂരിപക്ഷസമുദായമാണ്.**



ജീവന്റെ പത്തിന്ദ്രിയങ്ങളും അവയുടെ അഞ്ചു വിഷയങ്ങളും, മനസ്സും ബുദ്ധിയും അയ്യപ്പമയമായാൽ അതോടെ ജീവനും അയ്യപ്പമയനായിത്തന്നെതീരുന്നു.

# ശബരിമല

**സ്വാമി ജ്ഞാനാനന്ദസരസ്വതി**

എരുമേലി: തീർത്ഥയാത്രയിലെ അതിപ്രധാനമായ സങ്കേതമാണ് ഏരുമേലി. ഇവിടത്തെ ശാസ്താക്ഷേത്രത്തിൽ പേട്ട തുള്ളിയതിനു ശേഷമാണ് അയ്യപ്പന്മാർ വനയാത്ര ആരംഭിക്കുന്നത്. പേട്ടയിൽ ശാസ്താവിന്റെ സന്നിധാനത്തിൽ നിന്നാണ് പേട്ടതുള്ളൽ ആരംഭിക്കുന്നത്. കന്നി അയ്യപ്പന്മാരാണ് കാട്ടാളവേഷം കെട്ടി പേട്ടതുള്ളുക. രണ്ടാം കന്നിക്കാരോ മറ്റുള്ളവരോ ആയിരിക്കും ഇവരെ നയിക്കുന്നത്. പേട്ടക്കുള്ള സാധനങ്ങൾ  വാഴപ്പഴം, കായ്, കിഴങ്ങ്, ശരക്കോൽ ഇവയാണ്.  ഇവയെല്ലാം ബലമായി ഒരു തണ്ടിൽ കമ്പിളിയിലോ മറ്റോ ഇട്ടൊതുക്കി ബന്ധിപ്പിച്ച് തോളിൽ എടുത്തുകൊണ്ടാണ് ചെണ്ടമേളത്തോടെ പേട്ടതുള്ളൽ ആരംഭിക്കുക. പേട്ടയിൽ ശാസ്താവിനേയും വാപരന്റെ ക്ഷേത്രത്തിനേയും പ്രദക്ഷിണം വെച്ച് ആർത്തുവിളിച്ച് തുള്ളിക്കൊണ്ട് പേട്ടക്കാർ പ്രധാന ക്ഷേത്രത്തിൽ വന്ന് മൂന്നു പ്രദക്ഷിണം വയ്ക്കുന്നു. എന്നിട്ട് കർപ്പൂരദീപം അയ്യപ്പന് ആരാധിച്ച് പേട്ടതുള്ളൽ സമാപിപ്പിക്കുകയാണ് പതിവ്. പേട്ടതുള്ളുന്നവരുടെ ശുദ്ധം മാറുന്നതുകൊണ്ട് അവർ കുളിച്ചതിനുശേഷമേ വിരിയിൽ പ്രവേശിക്കാവൂവെന്നാണ് നിയമം. വൈഷയികജീവിതം-വിഷയങ്ങളെ വേട്ടയാടി അനുഭവിക്കുന്ന ജീവിതം-അശുദ്ധമാണെന്നും അതിനെ കളഞ്ഞു കുളിച്ചതിനുശേഷമേ അയ്യപ്പന്റെ പൂങ്കാവനത്തിലൂടെയുള്ള

> തീർത്ഥയാത്രയിലെ അതിപ്രധാനമായ സങ്കേതമാണ് ഏരുമേലി. ഇവിടത്തെ ശാസ്താക്ഷേത്രത്തിൽ പേട്ട തുള്ളിയതിനു ശേഷമാണ് അയ്യപ്പന്മാർ വനയാത്ര ആരംഭിക്കുന്നത്.

## പ്രധാന തീർത്ഥാടന വഴികൾ



തീർത്ഥയാത്ര ആരംഭിക്കാവൂ. അയ്യപ്പൻ മഹിഷീമർദ്ദനം നടത്തിയ വനമാണ് എരുമേലി. എരുമയുടെ മുകളിൽ ഏറി നൃത്തം ചെയ്ത ഇടം "എരുമേലി" യായിത്തീർന്നതാണ്. "മഹിഷീമാരികം" എന്നാണ് ഈ പ്രദേശത്തിന്റെ സംസ്കൃത നാമം. അമ്പലപ്പുഴ അയ്യപ്പന്മാരുടേയും ആലങ്ങാട് അയ്യപ്പന്മാരുടേയും എരുമേലി പേട്ടതുള്ളൽ അത്യന്തം പ്രസിദ്ധമാണ്.

എരുമേലിയിലെ പേട്ടതുള്ളൽ അയ്യപ്പന്റെ മഹിഷീമർദ്ദനസൂചകമായ ഒരു തുള്ളൽവിശേഷമാണ്. "അയ്യപ്പ തിന്ത



കന്തോം സ്വാമിതിന്തകന്തോം" എന്ന താളത്തിനനുസരിച്ചാണ് ഈ നൃത്തവും. അയ്യപ്പൻ പുലിപ്പാലിനു പോയി തിരികെ വരുന്ന വരവിനെ ഓർമ്മിപ്പിക്കുന്നതാണ് പേട്ടതുള്ളൽ എന്നും കരുതുന്നവരുണ്ട്.

**ആരാണ് മഹിഷി?**

ത്രിമൂർത്തികൾ ഒരുമിച്ച് 'ദത്ത' രൂപത്തിൽ അവതരിച്ചപ്പോൾ അവരുടെ ശക്തികളും ഒരുമിച്ച് 'ലീല' രൂപത്തിലും ഈ ലോകത്തിൽ അവതരിക്കുകയുണ്ടായി. ദത്തൻ ലീലയെ വിവാഹം കഴിച്ച് ഗൃഹസ്ഥാശ്രമജീവിതം നയിച്ചുകൊണ്ടിരിക്കെ വിരക്തി വർദ്ധിച്ച് വാനപ്രസ്ഥാശ്രമം സ്വീകരിക്കാൻ ഒരുങ്ങി. ലീലയാകട്ടെ അതിനു വിലങ്ങടിച്ചുനിന്നു. താൻ ദത്തന്റെ മഹിഷി (ഭാര്യ) യാണെന്നും തനിക്ക് ദാമ്പത്യസുഖത്തിൽ മതിവന്നിട്ടില്ലെന്നും അതുകൊണ്ട് ഗൃഹസ്ഥാശ്രമത്തെ ഉപേക്ഷിക്കരുതെന്നും ലീല ശഠിച്ചപ്പോൾ ദത്തൻ "നീ മഹിഷി മഹിഷി എന്നു പറയുന്നതുകൊണ്ട് ഒരു മഹിഷി (എരുമ) ആയിത്തീരട്ടെ" എന്നു ശപിച്ചു. ലീല ദത്തേനേയും 'അവിടുന്ന് ഒരു മഹിഷമായിത്തീർന്ന് തന്റെ കാമാർത്തി തീർത്തുതരാൻ ഇടയാവട്ടെ" എന്ന് തിരിച്ചും ശപിച്ചു. ദത്തൻ തന്റെ തപശക്തികൊണ്ട് തന്നെ ത്രിമൂർത്തികളിൽ ലയിപ്പിച്ച് ശരീരം ത്യജിച്ചു. ലീലയാകട്ടെ മഹിഷാസുരന്റെ അച്ഛൻ രംഭന്റെ അനുജനായ കരംഭന്റെ പുത്രിയായി മഹിഷീമുഖത്തിൽ ശാപാനുസാരം ജനിച്ചു. മഹിഷാസുരനെ ദേവന്മാരെ സഹായിക്കാനായി ചണ്ഡികാദേവി മർദ്ദിച്ചുകൊന്ന വിവരമറിഞ്ഞ് മഹിഷി ക്രോധാക്രാന്തയായി. അതിന് പകവീട്ടാൻ തക്ക ശക്തി ആർജ്ജിക്കാൻ

**എരുമേലി ക്ഷേത്രസങ്കേതം കഴിഞ്ഞ് ഏഴു കോട്ടകൾ കടന്നുവേണം ശബരിമല സന്നിധാനത്തിൽ എത്താൻ. ഒന്നാമത്തെ കോട്ടയുടെ പടിയെയാണ് "കോട്ടപ്പടി"യെന്ന് പറയുന്നത്. ഒരു പൂർണ്ണക്ഷേത്രത്തിന് ഏഴുഘടകങ്ങൾ ഒന്നിനൊന്ന് ഉള്ളിലായിട്ടു ഉണ്ടായിരിക്കും. അവയെയാണ് കോട്ടകളായി നിർമ്മിച്ചിട്ടുള്ളത്.**

ബ്രഹ്മദേവനെ ഉഗ്രതപസ്സു ചെയ്ത് പ്രസാദിപ്പിച്ച് ഹരിഹരസുതൻ മാത്രമേ തന്നെ കൊല്ലാവൂ എന്ന് ബ്രഹ്മദേവനിൽനിന്ന് വരവും നേടി. എന്നിട്ട് വരബലത്താൽ ത്രൈലോക്യചക്രവർത്തിനിയായി സ്വർഗ്ഗത്തിൽ താമസമാക്കി. ഈ മഹിഷിയെയാണ് അയ്യപ്പൻ മർദ്ദിച്ച് ദേവന്മാരെ രക്ഷിക്കുന്നത്. ഈ മഹിഷിയെ മർദ്ദിച്ചുകൊന്ന സ്ഥലമാണ് എരുമേലിയായിത്തീർന്നത്. മഹിഷിയുടെ ജഡം കല്ലിടുംകുന്നിലാണ് മറവു ചെയ്തിട്ടുള്ളത്.

**കോട്ടപ്പടി:** എരുമേലി ക്ഷേത്രസങ്കേതം കഴിഞ്ഞ് ഏഴു കോട്ടകൾ കടന്നുവേണം ശബരിമല സന്നിധാനത്തിൽ എത്താൻ. ഒന്നാമത്തെ കോട്ടയുടെ പടിയെയാണ് "കോട്ടപ്പടി"യെന്നു പറയുന്നത്. ഒരു പൂർണ്ണക്ഷേത്രത്തിന് ഏഴുഘടകങ്ങൾ ഒന്നിനൊന്ന് ഉള്ളിലായിട്ടുണ്ടായിരിക്കും. അവയെയാണ് കോട്ടകളായി നിർമ്മി



ച്ചിട്ടുള്ളത്. സ്ഥൂലശരീരത്തിന്റെ ഈ ഏഴു കോട്ടകളായ രസ,രക്ത,മാംസ, മേദസ്സ്, അസ്ഥി, മജ്ജാ ശുക്ലങ്ങളെയാണ് സപ്തധാതുക്കളെന്നു പറയുന്നത്. ഇവയിൽ പൂർവപൂർവമായിട്ടുള്ളത് ഉത്തരോത്തരത്തിനു കാരണമായി ഭവിക്കുന്നുണ്ട്. അതുപോലെ പഞ്ചജ്ഞാനേന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും കൂടിയാണ് സൂക്ഷ്മമായ ക്ഷേത്രത്തിന്റെ ഏഴു ഘടകങ്ങൾ. കോട്ടപ്പടി അതായത് ഒന്നാമത്തെ കോട്ട കഴിഞ്ഞുള്ള സ്ഥലമത്രയും അയ്യപ്പന്റെ പൂങ്കാവനമാണെന്നാണ് ഇന്നും കരുതിവരുന്നത്. പേരൂർതോടിനു മുമ്പുള്ള ഭാഗത്തെയാണ് കോട്ടപ്പടിയെന്നു പറയുന്നത്. എരുമേലിയിൽ നിന്നും പേരൂർതോട്ടിലേക്ക് രണ്ടു മൈൽ ദൂരമുണ്ട്. വാപരൻ ഈ കോട്ടപ്പടികാവലുകാരനുമാണ്. പത്രം ഇട്ട് വന്ദിച്ചാണ് അയ്യപ്പന്മാർ കോട്ടപ്പടി കടന്ന് പൂങ്കാവനത്തിലേയ്ക്കു പ്രവേശിക്കുക. ഗോപുരവാതിൽ കടന്ന് ക്ഷേത്രത്തിലേക്കു പ്രവേശിക്കുന്ന പ്രകാരം തന്നെയാണ് കോട്ട

പ്പടി കടന്ന് വനത്തിലേയ്ക്ക് പ്രവേശിക്കുന്നതും എരുമേലിയിൽ കോട്ടപ്പടി, കാളകെട്ടി, ഇഞ്ചിപ്പാറക്കോട്ട, കരിമല, ശബരിപീഠം, ശരംകുത്തിയാൽത്തറ, പതിനെട്ടാംപടി ഇവയാണ് ശബരിമല ക്ഷേത്രത്തിന്റെ ഏഴുകോട്ടകൾ. ഓരോ കോട്ടക്കും ദേവതകളുണ്ട്. അവർക്കൊക്കെ വഴിപാട് കഴിച്ചിട്ടു വേണം തീർത്ഥയാത്ര തുടരാൻ.

**കാളകെട്ടി**: പേരൂർതോട്ടിൽ നിന്നും എട്ടുമൈൽ ദൂരത്തുള്ള ഒരു പ്രധാന താവളമാണ് പ്രകൃതിരമണീയമായ കാളകെട്ടി. ഹരിഹരസുതന്റെ അവതാരധർമ്മനിർവ്വഹണം കാണാൻ വന്ന ശ്രീപരമേശ്വരൻ തന്റെ വാഹന



*ചിത്രീകരണം: എ.കെ.ഗോപിദാസ്*

മായ കാളയെ ബന്ധിച്ച സ്ഥലമാണ് കാളകെട്ടിയെന്ന പുണ്യവിശ്രമകേന്ദ്രം. നാളികേരം അടിക്കുക. വെടിവെയ്പിക്കുക, കാണിക്ക സമർപ്പിക്കുക, കർപ്പൂരം കത്തിക്കുക മുതലായവയാണ് ഇവിടെ നടത്താറുള്ള വഴിപാടുകൾ.

**അഴുതാനദി:** പമ്പയുടെ ഒരു പോഷകനദിയും തീർത്ഥനദിയുമാണ് അഴുത. 'അലസാ' എന്നാണ് സംസ്കൃതത്തിൽ ഈ നദിയുടെ പേര്. അഴുതാ എന്നാൽ കരയണ്ടാ ദു:ഖിക്കേണ്ട എന്നൊക്കെയാണർത്ഥം. സർവ്വധർമ്മങ്ങളേയും പരിത്യജിച്ച് അയ്യപ്പസ്വാമിയെ ശരണം പ്രാപിക്കുന്ന ഭക്തന്റെ എല്ലാ പാപങ്ങളേയും ഭഗവാൻ നശിപ്പിച്ചു മോചിപ്പിക്കുമെന്നാണ് അഴുതാനദി അവിടെ വരുന്നവരോടെല്ലാം അനാദികാലം തൊട്ട് ഉപദേശിച്ചുകൊണ്ടിരിക്കുന്നത്. അവിടുത്തെ സ്നാനവും, കല്ലുമുങ്ങിയെടുക്കലും ശബരിമലയാത്രയുടെ ഒരു പ്രധാന ചടങ്ങാണ്. കന്നിഅയ്യപ്പന്മാരും മാളികപ്പുറങ്ങളും ഇവിടെ നിന്നും മുങ്ങിയെടുക്കുന്ന കല്ല് കല്ലിടുംകുന്നിൽ അർപ്പിച്ച് വന്ദിച്ചതിനുശേഷമാണ് ശബരിമലയാത്ര തുടരുക. അഴുത ആഴിപൂജ നടത്താറുള്ള തീർത്ഥസ്ഥാനം കൂടിയാണ്. പമ്പയും മലനടയുമാണ് മറ്റ് ആഴി പൂജ നടത്തുന്ന താവളങ്ങൾ.

**കല്ലിടുംകുന്ന്:** മലയാത്രയിൽ അഴുതാനദി കടന്നു ചെല്ലുമ്പോൾ ഏകദേശം രണ്ടു മൈൽ തൂക്കനെയുള്ള ഒരു കയറ്റമുണ്ട്. ഇതിനെയാണ് അഴുതമേട് അല്ലെങ്കിൽ കല്ലിടുംകുന്ന് എന്നു പറഞ്ഞുവരുന്നത്. ഈ കയറ്റത്തിന്റെ അവസാനത്തിലാണ് അഴുതയിൽ നിന്നു മുങ്ങിയെടുത്ത കല്ലിട്ട് വന്ദിക്കുന്നത്. യാത്രയിലെ പ്രയാസമേറിയ ഒരു കയറ്റമാണ് കല്ലിടുംകുന്നു കയറ്റം. ഇവിടെയാണ് മഹിഷിയുടെ ശവം മറവു ചെയ്തിരിക്കുന്നതെന്നാണ് ഐതിഹ്യം. മൃഗീയവാസനകളെ ആദ്ധ്യാത്മികജീവിതത്തിൽ ആരോഹണം ചെയ്തുവേണം നശിപ്പിക്കാനെന്നുള്ളതാണ് ഈ കുന്നുകയറ്റവും കല്ലിട്ടുവന്ദനവുമൊക്കെ സൂചിപ്പിക്കുന്നത്. ജഡത്തെ ത്യജിച്ചും വിന



യത്തെ വളർത്തിയുമേ അയ്യപ്പന്റെ അടുക്കലേയ്ക്കു പോകാനാവൂ എന്നാണ് കല്ലിടുന്നതിന്റെയും തൊട്ടുവന്ദിക്കുന്നതിന്റെയും രഹസ്യം.

**ഇഞ്ചിപ്പാറകോട്ട:** ശബരിമലക്ഷേത്രത്തിന്റെ മൂന്നാമത്തെ കോട്ടയാണ് ഇഞ്ചിപ്പാറകോട്ട. കല്ലിടുംകുന്നിന്റെ ശിരസ്സായി വർത്തിക്കുന്ന ഈ താവളത്തിലെ പ്രധാന സംഗതി കോട്ടയിൽ ശാസ്താവിനെ സങ്കല്പിച്ചു നടത്തുന്ന പൂജകളാണ്. നാളികേരമടിക്കലും, വെടിവയ്പ്പിക്കൽ, കർപ്പൂരം കത്തിക്കൽ, സർപ്പപാട്ടു നടത്തുക മുതലായവയും ഇവിടെ ചെയ്തു വരുന്നുണ്ട്. ജലക്ഷാമമുള്ള ഒരു താവളമാണ് ഇഞ്ചിപ്പാറകോട്ട. ഈ കോട്ടയുടെ കിടങ്ങ് അയ്യപ്പൻ നികത്തിയ കഥയെ ആസ്പദിച്ചാണ് കല്ലിടുംകുന്നിൽ കല്ലിട്ടു വന്ദിക്കുന്നതെന്നും ചിലർ വിശ്വസിച്ചുവരുന്നു.

**കരിമല:** നാലാമത്തെ കോട്ടയാണ് കരിമല. കറുത്തിരുണ്ട മലയും ആനകളും ധാരാളമുള്ള ഒരു വനപ്രദേശമായതിനാൽ ഇതിന് 'കരിമല' എന്ന പേര് അന്വർത്ഥമായിരിക്കുന്നു. കരിമലത്തോടു കടന്നുകഴിഞ്ഞാൽ കരിമലകയറ്റം ആരംഭിക്കുകയായി. എട്ടുതട്ടുകളായിട്ടാണ് കരിമലകയറ്റം. എട്ടാമത്തെ തട്ട് കരിമല മുകളായി വരും. കരിമലകയറ്റം മലയാത്രയുടെ കഠിനമേറിയ ഒരു ഭാഗമാണ്. ഏഴാമത്തെ തട്ടിലാണ് 'കരിമലനാഥന്റെ' ശിലാപ്രതിഷ്ഠ. ഇവിടെ മഞ്ഞപ്പൊടി തൂവുകയും കർപ്പൂര ദീപാരാധന നടത്തുകയുമെല്ലാം ചെയ്യാറുണ്ട്. കരിമലമുകളിൽ ഒരു കിണറും ഒരു കുളവും ഉണ്ട്. കരിമല മുകളിലാണ് കൊച്ചു കടുത്തസ്വാമിയുടേയും കരിമലദേവന്റെയും കരിമലഭഗവതിയുടെയും സങ്കേതമെന്നാണ് വിശ്വാസം. കരിമല ഇറങ്ങിച്ചെല്ലുമ്പോൾ വലിയാനവട്ടം, ചെറിയാനവട്ടം എന്ന പേരോടുകൂടി പ്രകൃതിരമണീയമായ രണ്ടു സമതല പ്രദേശങ്ങൾ കാണാം. ഇവയുടെ തീരത്തെ പുൽകിക്കൊണ്ടാണ് ദക്ഷിണഭാഗീരഥി പടിഞ്ഞാറോട്ട് ഒഴുകിക്കൊണ്ടിരിക്കുന്നത്. ഈ സമതലപ്രദേശത്തുനിന്നാണ് അയ്യപ്പശിശുവിനെ പന്തളത്തു രാജാവിന് കിട്ടിയതെന്നാണ് ഐതിഹ്യം.

**പമ്പാതീർത്ഥം:** മദ്ധ്യകേരളത്തിലെ ചൈതന്യസ്രോതസ്സാണ് പമ്പാതീർത്ഥം. പാപത്തെ നീക്കി പാലനം ചെയ്യുന്നതെന്തോ അതാണ് പമ്പാനദിയായിത്തീർന്നിരിക്കുന്നത്. ഗംഗ വിഷ്ണുപാദതീർത്ഥമാണെങ്കിൽ രാമായണകാലത്തെ രാമപാദതീർത്ഥമായിരുന്നു കേരളഗംഗയായ പമ്പാനദി. സർവതീർത്ഥങ്ങളെയും സമന്വയിപ്പിച്ച് സൃഷ്ടിച്ചതാണ് പമ്പാതീർത്ഥമെന്നു പറഞ്ഞുവരുന്നു. ശബരിമല തീർത്ഥാടകരുടെ ഏറ്റവും പ്രധാനപ്പെട്ട താവളസ്ഥലമാണ് പമ്പാപുളിനം. വിശാലമായ മണൽത്തട്ടിനു കുറച്ചുമുകളിലായി ത്രിവേണിയെന്നു പറയുന്ന ഒരു തീർത്ഥകേന്ദ്രമുണ്ട്. പമ്പാതീർത്ഥത്തിൽ അനുഷ്ഠിക്കേണ്ട മുഖ്യകാര്യങ്ങൾ പിതൃതർപ്പണം, പമ്പാസദ്യ, ദാനം, ഭജന, ഗുരുദക്ഷിണ, ആഴിപൂജ, പമ്പാവിളക്ക്, മുതലായവയാണ്. പമ്പയിലെ ഗണപതിക്ഷേത്രത്തിലും ആഞ്ജനേയക്ഷേത്രത്തിലും ദേവീക്ഷേത്രത്തിലും വേണ്ടപോലെ വഴിപാടുകൾ നടത്തേണ്ടതാണ്. ധനുമാസം 29-ാം തീയതിയാണ് പമ്പയിലെ പ്രധാനപ്പെട്ട സദ്യയും വിളക്കും. അന്ന് അയ്യപ്പൻ സദ്യയിൽ പങ്കുകൊള്ളുമെന്നാണ് വിശ്വാസം. പമ്പയിൽ നിന്ന് ശബരിമലക്ക് നാലുനാലര മൈലോളം ദൂരമുണ്ടാകും.

**നീലിമല**

"ജയ മാതംഗതനയേ
ജയ നീലോത്പലദ്യുതേ"
ജയ സംഗീതരസികേ
ജയ ലീലാശുകപ്രിയേ"



മതംഗവനമാണ് നീലിമല. മാതംഗത നയയെ സ്മരിച്ചുകൊണ്ടുവേണം നീലിമലകയറ്റം ആരംഭിക്കുവാൻ. ശ്യാമളാദേവിയാണ് നീലി. നീലിയുടെ തപസ്സുകൊണ്ടും സാന്നിദ്ധ്യം കൊണ്ടും പരിശുദ്ധിയാർജ്ജിച്ചിട്ടുള്ള ഈ പ്രദേശത്തെ സന്ദർശിക്കാൻ സാധിക്കുക പുണ്യാതിരേകം കൊണ്ടു മാത്രമാണ്. ശ്യാമളാദേവിയിൽ നീലി യേയും നീലിയിൽ ശബരിയേയും സാക്ഷാത്കരിക്കാനാണ് നീലിമല കയറുന്നത്. ഒരുത്തമനായ ഗുരുവിന്റെ ശിഷ്യപദത്തിന് യോഗ്യതനേടി ഗുരൂപ ദിഷ്ട മാർഗ്ഗത്തിൽ സാധന ചെയ്യു മ്പോൾ അനുഭൂതമാകുന്ന സത്യമാണ് ശബരീശതത്വം. പ്രകൃതിശക്തികളെ യെല്ലാം പിന്നിട്ട് മുന്നേറലാണ് ശബരി മലയാത്രകൊണ്ട് ഉദ്ദേശിക്കുന്നത്. നീലിമലകയറ്റം ശബരിമലതീർത്ഥയാ ത്രയുടെ അവസാനത്തെ കയറ്റമാണ്. ഈ കയറ്റം കയറിച്ചെന്നാൽ അയ്യപ്പ സ്വാമിയെക്കാണാമെന്നുള്ള വിശ്വാസം ഇതിന്റെ കാഠിന്യത്തെക്കുറയ്ക്കുന്നു ണ്ട്.

മലയെ തൊട്ടുവന്ദിച്ച് മലകയറ്റം ആരംഭിക്കണം. ശരണംവിളി അഖണ്ഡ മായി നടത്തുന്നത് ക്ലേശത്തിന് അയവു വരുത്തും. ഏതാണ്ട് തൂക്ക നെയുള്ള മൂന്നുമൈൽ കയറ്റം അവ സാനിക്കുന്നത് അപ്പാച്ചിമേട് എന്ന സ്ഥലത്താണ്. ഈ മേടിന്റെ രണ്ടു വശങ്ങളിലും അഗാധഗർത്തങ്ങളു ണ്ട്. അവിടെയുള്ള ഭൂതങ്ങളെ തൃപ്തിപ്പെടുത്താൻ കന്നി അയ്യപ്പ ന്മാരും മാളികപ്പുറങ്ങളും അരിയുണ്ട, ശർക്കരയുണ്ട മുതലായവ കുഴിയി ലേക്ക് എറിയാറുണ്ട്. സ്വാമിഭൃ ത്യനായ കടുരവൻ ദുർദേവതകളെ അടക്കിനിർത്തിയിരിക്കുന്നത് ഈ കുഴികളിലാണെന്നാണ് വിശ്വാസം. ദുഷിച്ച സങ്കല്പങ്ങളെ ത്യജിച്ചാലേ സത്സങ്കല്പങ്ങൾ വികസിച്ചു ഭക്തി യുണ്ടാവൂ എന്നതാണ് ഈ മേട്ടിലും കുഴിയിലും നടത്തുന്ന ദാനധർമ്മങ്ങ ളുടെയും അരിയുണ്ട എറിയലി ന്റെയും താത്വികവശം.

**ശബരിമലക്ഷേത്രത്തിന്റെ മൂന്നാമത്തെ കോട്ടയാണ് ഇഞ്ചിപ്പാറകോട്ട. കല്ലിടും കുന്നിന്റെ ശിരസ്സായി വർത്തിക്കുന്ന ഈ താവള ത്തിലെ പ്രധാന സംഗതി കോട്ടയിൽ ശാസ്താവിനെ സങ്കല്പിച്ചു നടത്തുന്ന പൂജകളാണ്. നാളികേരമടി ക്കലും, വെടിവയ്പ്പിക്കൽ, കർപ്പൂരം കത്തിക്കൽ, സർപ്പപാട്ടു നടത്തുക മുത ലായവയും ഇവിടെ ചെയ്തു വരുന്നുണ്ട്.**

**ശബരിപീഠം:** അപ്പാച്ചിമേടു കടന്ന് കാൽ മൈൽ ദൂരം ചെല്ലുമ്പോൾ ശബ രിപീഠം കാണം. ഇത് അയ്യപ്പഭഗ വാന്റെ അഞ്ചാമത്തെ കോട്ടയാണ്. ഇവിടെ നിന്നും സന്നിധാനത്തി ലേക്ക് പിന്നെ ഒരു മൈൽ ദൂരമേ യുള്ളൂ. ഈ പീഠം ശബരി പണ്ടു തപസ്സു ചെയ്തിരുന്ന സ്ഥലമാണെ ന്നാണ് വിശ്വാസം.

ഇവിടെയും അയ്യപ്പന്മാർ നാളികേരം എറിയുകയും കർപ്പൂരം കത്തിക്കു കയും ശരണം വിളിയോടെ നമസ്ക രിക്കുകയും ചെയ്യുന്നു. ധർമ്മശാ സ്താവിന്റെ അഞ്ചാമത്തെ കോട്ട കട ക്കണമെങ്കിൽ ഭഗവാനിൽ ശബരിക്ക് പണ്ടുണ്ടായിരുന്നതുപോലെയുള്ള അനന്യഭക്തി വളരണമെന്നാണ് ഈ ഭക്തിപീഠം ഭക്തന്മാരോട് മൗനപ്ര ഭാഷണം ചെയ്തുകൊണ്ടിരിക്കുന്നത്.

**ശരംകുത്തി ആൽത്തറ:** ശബരിപീഠ ത്തിനും പതിനെട്ടാംപടിക്കും മദ്ധ്യ ത്തിലായിട്ടാണ് അയ്യപ്പഭഗവാന്റെ ആറാമത്തെ കോട്ടയായ ശരംകുത്തി യാൽത്തറ വരുന്നത്. എരുമേലിയെ നിന്നു വാങ്ങിയ ശരക്കോൽ അയ്യപ്പ ന്മാർ ഇവിടെ കുത്തി, നാളികേരം അടിച്ചിട്ടാണ് സന്നിധാനത്തിലേക്ക് പോവുക.

**പതിനെട്ടാംപടി:** പതിനെട്ടാംപടി ചവിട്ടാനാണ് ശബരിമലയാത്ര നട ത്തുന്നതുതന്നെയെന്നു പറയുമ്പോൾ ഈ പടികളുടെ പ്രാധാന്യം എത്ര ക്കുണ്ടെന്നു വ്യക്തമാണല്ലോ. ഈ പടികൾ കയറാനുള്ള കഴിവ് സമ്പാ ദിക്കാനാണ് മണ്ഡലവ്രതം. ആഴിപൂ ജ, കെട്ടുമുറുക്ക്, എരുമേലിപേട്ട ഇവ യെല്ലാം സ്വാമിദർശനത്തിനുള്ള



ബാഹ്യസാധനകളാണെങ്കിൽ, കോട്ടപ്പടിതൊട്ട് പതിനെട്ടാംപടിവരെയുള്ള ഏഴുകോട്ടകളെ കടക്കുകയെന്നത് അയ്യപ്പദർശനത്തിനുള്ള ആന്തരിക സാധനകളാണ്. ആദ്യത്തെ അഞ്ചുകോട്ടകളെ കടക്കുകയെന്നാൽ ജ്ഞാനേന്ദ്രിയങ്ങളെ ജയിക്കുകയെന്നാണർത്ഥം. ശരംകുത്തിയാൽത്തറ കടക്കുകയെന്നാൽ മനസ്സിനെ അതിവർത്തിക്കുക എന്നും പതിനെട്ടാം പടി ചവിട്ടുകയെന്നാൽ ബുദ്ധിയെ അതിവർത്തിക്കുകയെന്നും. ബുദ്ധി പതിനെട്ടാം പടിപോലെ ഉറപ്പുള്ളതും ആരോഹണക്ഷമവുമായിരിക്കണം. ജീവന്റെ പത്തിന്ദ്രിയങ്ങളും അവയുടെ അഞ്ചു വിഷയങ്ങളും, മനസ്സും ബുദ്ധിയും അയ്യപ്പമയമായാൽ അതോടെ ജീവനും അയ്യപ്പമയനായിത്തന്നെതീരുന്നു. ഈ കഥയാണ് സത്യമായ പൊന്നുപതിനെട്ടാംപടിക്ക് അയ്യപ്പഭക്തന്മാരോട് പറയാനുള്ളത്. മണ്ഡലവ്രതദീക്ഷയുള്ളവരും ഇരുമുടിക്കെട്ടുള്ളവരും മാത്രമേ പതിനെട്ടാം പടി കയറാനും ഇറങ്ങാനും പാടുള്ളൂവെന്നാണ് അവിടുത്തെ നിയമം. ഭക്തന്മാർ പടിതൊട്ടു വന്ദിച്ചും തങ്ങളുടെ തീർത്ഥയാത്രയുടെ തവണ അനുസരിച്ചു പടിയിൽ നാളികേരബലി നടത്തിയും പതിനെട്ടാംപടി കയറി, കർപ്പൂരാഴിയേയും ഗണേശനെയും വന്ദിച്ച് പ്രദക്ഷിണമായി അയ്യപ്പസന്നിധാനത്തിൽ കൂപ്പുകൈയോടും ശരണംവിളിയോടും അയ്യപ്പദർശനം നടത്തി കൃതാർത്ഥരാവുന്നു. ദർശനം നടത്തുന്നത് കെട്ടിറക്കാതെ കാണിക്കയിട്ടുവേണം. എന്നിട്ട് പ്രദക്ഷിണമായി നടന്ന് പടിഞ്ഞാറെ നടയിലൂടെയോ വടക്കേ നടയിലൂടെയോ താഴെ നെയ്തേങ്ങയിലെ നെയ്യ് അഭിഷേകത്തിന് കൊടുക്കുകയാണ് വേണ്ടത്. നെയ്തേങ്ങ കെട്ടിൽ നിന്നെടുത്ത് ഭസ്മക്കുളത്തിൽ തീർത്ഥമാടിയതിനു ശേഷം ഒരു പാത്രത്തിൽ നെയ്യ് പകർന്ന് അഭിഷേകത്തിന് സമർപ്പിക്കുകയാണ് പതിവ്. നെയ്തേങ്ങായുടച്ച് ഒരു മുറി കന്നിമേൽ ഗണപതിഭഗവാന്റെ ഹോമകുണ്ഡത്തിൽ അർപ്പിക്കുന്നു. എന്നിട്ട് അഭിഷേകം ചെയ്ത നെയ്യും ഹോമകുണ്ഡത്തിൽ നിന്നെടുക്കുന്ന കരിഞ്ഞ നാളികേരവും പ്രസാദമായി സ്വീകരിക്കുന്നു. അതിനു ശേഷം അവിടെയുള്ള ദേവതാസങ്കല്പങ്ങൾക്കൊക്കെ സൗകര്യം പോലെയും പ്രാർത്ഥനയനുസരിച്ചും വഴിപാടുകൾ നടത്തുന്നു. സുബ്രഹ്മണ്യസ്വാമിക്ക് കാവടിയും, മലക്ക് മലർപ്പൊടി, മഞ്ഞപ്പൊടി മുതലായവയുമാണ് വഴിപാടായി സമർപ്പിക്കുക. കന്നിമേൽ ഗണപതിഭഗവാന്റെ ഇടത്തുഭാഗത്ത് സുബ്രഹ്മണ്യസ്വാമിയുടെയും വടക്കുപടിഞ്ഞാറെ ഭാഗത്ത് മലയുടെയും പ്രതിഷ്ഠകളുണ്ട്.

**മാളികപ്പുറത്തമ്മ :** നെയ്യഭിഷേകവും മറ്റും കഴിഞ്ഞതിനുശേഷം ഭക്തന്മാർ മാളികപ്പുറത്തമ്മയുടെ ക്ഷേത്രസങ്കേതത്തിലേക്കു പോകുന്നു. അവിടെ നട തുറന്നുള്ള ദർശനമില്ല. പരാശക്തിയായിട്ടാണ് ഇവിടെ അമ്മയെ ഉപാസിക്കുന്നത്. ദേവീസാന്നിദ്ധ്യമുള്ള ത്രിശൂലത്തേയും വിളക്കിനേയും ഭക്തന്മാർ തൊഴുത് തൃപ്തരാവുന്നു. ത്രിശൂലം ത്രിഗുണാത്മികയായ മായയുടെയും വിളക്ക് പുരുഷൻ അല്ലെങ്കിൽ ചൈതന്യത്തിന്റെയും പ്രതീകങ്ങളാണ്. താരകബ്രഹ്മശക്തിയാണല്ലോ മാളികപ്പുറത്തമ്മ. അമ്മ ഇവിടെ അവ്യക്തഭാവത്തിലാണ് വിരാജിക്കുന്നത്. അതുകൊണ്ടാണ് നട തുറന്നു ദർശനമില്ലാത്തത്. നാളികേരം ഉരുട്ടുകയാണ് ഇവിടുത്തെ പ്രധാന വഴിപാട്. വെറ്റില, മഞ്ഞപ്പൊടി, പട്ട്, കുങ്കുമം, കർപ്പൂരം എന്നിവ ഇവിടെ വഴിപാടായി അർപ്പിക്കാറുണ്ട്. ഇവിടെ വെടിവഴിപാടും നടത്താറുണ്ട്. ദേവീ പ്രസാദാർത്ഥം മാളികപ്പുറത്തുനിന്ന് മലനടയിലേക്ക് ചില ഭക്തന്മാർ ശയനപ്രദക്ഷിണവും ചെയ്യുന്നു.

**മാളികപ്പുറത്തമ്മയുടെ വടക്കുഭാഗത്താണ് മലനടയിൽ ഭഗവതിയുടെ തിരുനട. വിളക്കുവെയ്ക്കുക, വെടിവയ്പ്പിക്കുക. കാണിക്കയിടുക, മുതലായവയാണ് ഇവിടുത്തെ വഴിപാടുകൾ**

**കടുത്തസ്വാമി:** കടുത്തസ്വാമിയുടെ പ്രതിഷ്ഠയും മാളികപ്പുറത്തമ്മയുടെ ക്ഷേത്രവളപ്പിൽ തന്നെയാണ്. ഇവിടുത്തെ വഴിപാട്ദ്രവ്യങ്ങൾ കദളിപ്പഴം, വറപൊടി, അവൽ, മലർ, നാളികേരം, ശർക്കര, കൽക്കണ്ടം, മുന്തിരിപ്പഴം, കഞ്ചാവ് മുതലായവയാണ്. ഈ സ്വാമി ഭക്തന്മാരെ വനഭൂതങ്ങളിൽ നിന്നും ഭൂതപ്രേതാദിബാധകളിൽ നിന്നും രക്ഷിക്കുന്നുവെന്നാണ് വിശ്വാസം.

**മലനടയിൽ ഭഗവതി:** മാളികപ്പുറത്തമ്മയുടെ വടക്കുഭാഗത്താണ് മലനടയിൽ ഭഗവതിയുടെ തിരുനട. വിളക്കുവെയ്ക്കുക, വെടിവയ്പ്പിക്കുക, കാണിക്കയിടുക മുതലായവയാണ് ഇവിടുത്തെ വഴിപാടുകൾ

**കറുപ്പസ്വാമി:** പതിനെട്ടാംപടിക്ക് തൊട്ടുവടക്കായി കാണുന്ന പ്രതിഷ്ഠ കറുപ്പസ്വാമികളുടേതാണ്. കർപ്പൂരം, മുന്തിരിങ്ങ മുതലായവ വഴിപാടായി ഇവിടെ അയ്യപ്പന്മാർ അർപ്പിക്കുന്നു.

**നാഗരാജാവും നാഗയക്ഷിയും:** ഭസ്മക്കുളത്തിന് വടക്കായിട്ടാണ് ഈ പ്രതിഷ്ഠ. നാഗരാജാവിനെ സങ്കല്പിച്ച് കർപ്പൂരം, കാണിക്ക, മഞ്ഞപ്പൊടി എന്നിവയും നാഗയക്ഷിയെ സങ്കല്പിച്ച് പട്ട്, കുങ്കുമം, മുതലായവയും വഴിപാടായി അർപ്പിക്കുന്നു. കൂടാതെ സർപ്പംപാട്ടും




ഇവിടെ വഴിപാടായി നടത്തിക്കുന്നുണ്ട്.

**ഭസ്മക്കുളതീർത്ഥം:**

ഇത് സന്നിധാനത്തിലെ ഒരു പുണ്യതീർത്ഥമാണ്. പാപശാന്തി വരുത്തിയാലേ ഭഗവദ്ദർശനം നല്ലപോലെ ലഭിക്കൂ. ഇതിനെ ഭസ്മതീർത്ഥമെന്ന് പറയുന്നതിന് ഒരു ചരിത്രമുണ്ട്. പരമഭക്തയായ ശബരിയുടെ ചിതാഭാസ്മം നിമജ്ജനം ചെയ്ത സ്ഥലമായതുകൊണ്ടാണിതിനെ ഭസ്മതീർത്ഥമെന്നു പറഞ്ഞുവരുന്നത്. ശബരി തന്റെ

പുണ്യശരീരത്തെ ഭക്തിയോഗാഗ്നിയിൽ ദഹിപ്പിച്ച് വിഭൂതിയാക്കി. ആ വിഭൂതി ലയിച്ച സ്ഥാനമാണ് പരമപാവനമായ ഈ സ്ഥാനം. ഈ തീർത്ഥത്തിൽ സദ്ഭാവനയോടെ വന്ന് സ്നാനം ചെയ്യുന്നവരുടെ പാപഭാരം നിശ്ശേഷം നശിക്കും. ഇതിൽ കുളിച്ചു വന്ന് നെയ്യഭിഷേകവും അയ്യപ്പദർശനവും നടത്തുന്ന ഭക്തന്റെ മനോദോഷം സൂര്യപ്രകാശത്തിൽ അന്ധകാരമെന്നപോലെ ഇല്ലാതാവും.

ഈശ്വരനോടുള്ള അനുരാഗം അല്ലെങ്കിൽ പ്രേമമാണ് ഭക്തി. ഈശ്വരപ്രേമമുദിച്ചവന്റെ മനസ്സ് ഗംഗാനദി സമുദ്രത്തിലേക്ക് ഒഴുകുന്നതുപോലെ അനന്യമായി ഭഗവാനിലേക്കു തന്നെ അഖണ്ഡമായി പ്രവഹിച്ചുകൊണ്ടിരിക്കും. ഭക്തിയുടെ പ്രതീകമാണ് നെയ്യ്. പാലിൽ നിന്നു നെയ്യുണ്ടാവുന്നതുപോലെ മനസ്സിൽ നിന്ന് ഭക്തി പൊന്തി പ്രകാശിക്കണം. വെണ്മയുള്ള പാല് ശുദ്ധമനസ്സിന്റെ പ്രതീകമാണ്. പാല് കാച്ചി ഉറയൊഴിച്ച് നിശ്ചലമാക്കി വയ്ക്കുമ്പോഴാണ് തൈരുണ്ടാവുന്നത്. ആ തൈരു കടഞ്ഞാണ് വെണ്ണ എടുക്കുന്നത്. വെണ്ണയുരുക്കിയാണ് നെയ്യ് ഉണ്ടാക്കുന്നത്. അതുപോലെ ഭക്തൻ മനസ്സിനെ സത്വഗുണപ്രധാനമാക്കി ഈശ്വരപ്രേമമാകുന്ന ഉറയൊഴിച്ച് ധ്യാനിക്കുമ്പോൾ മനസ്സ് സഗുണഭാവത്തിൽ ഉറയ്ക്കുന്നു. അതിലെ നാമരൂപങ്ങളെ തീവ്രമായ വിവേക വൈരാഗ്യങ്ങളാകുന്ന മത്തുകൊണ്ട് മഥിക്കുമ്പോൾ അവ മാറി നിർഗുണഭക്തി അല്ലെങ്കിൽ പരാഭക്തി പ്രകാശിക്കും. നെയ്യ് ജ്വലിച്ച് പ്രകാശമാകുന്നതുപോലെ തന്നെ പരാഭക്തി വികസിച്ച് പരമാത്മജ്യോതിസ്സായി പ്രകാശിക്കും. ഭസ്മക്കുളത്തിലെ തീർത്ഥാടനവും അതുകഴിഞ്ഞുള്ള പതിനെട്ടാംപടിദർശനവും നെയ്യഭിഷേകവും അയ്യപ്പദർശനവുമെല്ലാം ഒരു ഭക്തൻ പടിപടിയായി എങ്ങനെയാണ് ഭഗവദ്ദർശനം നേടുകയെന്നതിന്റെ സാധനാസമ്പ്രദായം കൂടി ആവിഷ്കരിച്ചുതരുന്നുണ്ട്.

**കുംഭദളതീർത്ഥം**

കുമ്പളത്തോട് ഉരൽക്കുഴിതീർത്ഥം എന്നീ പേരുകളിലാണ് ഈ തീർത്ഥം സാധാരണ അറിയപ്പെടുന്നത്. പണ്ട് വിജയബ്രാഹ്മണന് ഭക്തോത്തമയായ ശബരിയുടെ അനുഗ്രഹത്താൽ പാപമോചനം കിട്ടിയ സ്ഥാനമാണിത്. ഈ വിജയബ്രാഹ്മണനാണ് തന്റെ അടുത്ത ജന്മത്തിൽ പന്തളരാജാവും അയ്യപ്പഭഗവാന്റെ വളർത്തച്ഛനുമായിട്ടുള്ളത്. ബ്രാഹ്മണന് തീർത്ഥം കോരി കുളിക്കാൻ ശബരി കൊടുത്തയച്ച കുടം ഇവിടുത്തെ തീർത്ഥപാതം കൊണ്ട് പൊട്ടി ദളാകാരമായി വർത്തിച്ചതിനാലാണ് ഈ തീർത്ഥത്തിന് കുംഭദള തീർത്ഥമെന്നു പേരുണ്ടായത്. ശബരിമലക്ഷേത്രത്തിൽ നിന്നും ഒരു മൈൽ വടക്കുകിഴക്കുമാറിയാണ് ഈ തീർത്ഥസ്ഥാനം സ്ഥിതിചെയ്യുന്നത്. പൊന്നമ്പലമേട്ടിലെ അയ്യപ്പഭഗവാനെ ദേവേന്ദ്രൻ ദിവസവും ഗംഗാജലം കൊണ്ട് അഭിഷേകം ചെയ്യുന്നുണ്ടെന്നും ആ ജലമാണ് ഉരൽക്കുഴി തീർത്ഥമായി വരുന്നതെന്നുമാണ് ഭക്തന്മാരുടെ വിശ്വാസം. ചിലർ ഈ തീർത്ഥത്തിൽ ഇറങ്ങി മുങ്ങിക്കുളിക്കുന്നു. അതിനു കഴിവില്ലാത്തവർ ഈ തീർത്ഥം കോരിക്കുളിച്ച് സംതൃപ്തിയടയുന്നു. പമ്പയിൽ നടത്താറുള്ളതുപോലെ സദ്യയും ദാനധർമ്മാദികളും ഇവിടെയും ചുരുങ്ങിയ തോതിൽ നടത്തിവരുന്നുണ്ട്. യജ്ഞദാന തപസ്സുകൾ ഒരിക്കലും ത്യജിക്കരുതെന്നാണല്ലോ ഭഗവദനുശാസനവും, ഭക്ത



ന്മാർ കഴിവതും പുണ്യമേറിയ ഈ തീർത്ഥംകൂടി ആടിയിട്ടുവേണം മലയിറങ്ങാൻ.

**മകരവിളക്ക്**

എന്തുകൊണ്ടും ശുഭകർമ്മാനുഷ്ഠാനങ്ങൾക്ക് അത്യുത്തമമായ ഉത്തരായണകാലാരംഭമാണല്ലോ മകരസംക്രമദിവസം. അന്നാണ് ശബരിമലക്ഷേത്രത്തിലെ മൂലപ്രതിഷ്ഠാദിനവും. ആ ദിവസം അയ്യപ്പദർശനം നടത്താൻ കഴിയുന്നവർ ധന്യധന്യന്മാരാണ്. അവർ പിന്നെ ആ കൊല്ലം ചെയ്യുന്ന കർമ്മങ്ങളെല്ലാം ശുഭവും ശോഭനവുമായിത്തീരും. ജീവബ്രഹ്മൈക്യബോധത്തെയാണ് ഭഗവാൻ തന്റെ പ്രിയഭക്തന്മാർക്ക് ജ്ഞാനമുദ്രയിലൂടെ ഉപദേശിച്ചുകൊണ്ടിരിയ്ക്കുന്നത്. ഹരിഹരസുതനായ ധർമ്മശാസ്താവ് സാക്ഷാൽ ദക്ഷിണാമൂർത്തി തന്നെയാണ്. ഈ തത്വം ഉൾക്കൊണ്ട് അയ്യപ്പദർശനം നടത്തുന്നവർക്ക് ഹൃദയശുദ്ധിയും, അനന്യഭക്തിയും, ആത്മജ്ഞാനവും, കൃതകൃത്യതയുമെല്ലാം ഉത്തരോത്തരം അനുഭൂതമാകും. മകരസംക്രമദിവസം രാത്രിയിലെ ശ്രീ അയ്യപ്പഭഗവാന്റെ ആഘോഷപൂർവ്വമുള്ള എഴുന്നുള്ളത്ത് ദർശിക്കുന്നതിനെയാണ് "മകരവിളക്കുകാണുക"യെന്നു പറയുന്നത്. മാളിക്കപുറത്തുള്ള മണ്ഡപത്തിൽ ശാർദ്ദൂലാധിരൂഢനായ അയ്യപ്പന്റെ രൂപം കളമെഴുതി പൂജയും പാട്ടും നടത്തിയതിനുശേഷമാണ് മകരവിളക്കെഴുന്നള്ളത്തു തുടങ്ങുന്നത്. നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്റെ മുകളിൽ അയ്യപ്പനെ മാളികപ്പുറത്തു നിന്നും പതിനെട്ടാംപടിക്ക് എഴുന്നള്ളിക്കുന്നു. കുട, തഴ താമരങ്ങളും നാനാവിധ വാദ്യഘോഷങ്ങളും ദീപയഷ്ടികളും വിളക്കുകളും ഇതിന്റെ അനുപമമായ ദിവ്യതയെ എടുത്തുകാട്ടുന്നുണ്ട്. എഴുന്നുള്ളത്ത് പതിനെട്ടാംപടിക്ക് എത്തിയാൽ അത് അവിടെ നിർത്തി പള്ളിനായാട്ടുവിളി നടത്തുന്നു. അതിനുശേഷം പ്രദക്ഷിണമായി പ്പോയി ഈ മകരവിളക്കെഴുന്നള്ളത്ത് അവസാനിക്കുന്നു. ഒരു ദിവസമെങ്കിലും വിളക്കു കണ്ടിട്ടുവേണം അയ്യപ്പഭക്തൻ പതിനെട്ടാംപടി ഇറങ്ങാൻ എന്നുള്ളതായിരുന്നു പണ്ടത്തെ ചട്ടം. മകരവിളക്കുദിവസം പൊന്നമ്പലമേട്ടിലും സംക്രമാഘോഷം നടത്തുന്നുണ്ട്. അവിടുത്തെ വിളക്കിന്റെ ചില ദൃശ്യങ്ങൾ സന്നിധാനത്തിൽ നിന്നും കാണാൻ കഴിയുന്നുണ്ട്.

സർവ്വേശ്വരന്റെ ശക്തിയെയാണല്ലോ മായയെന്നു പറയുന്നത്. ആ മായയുടെ വിദ്യാവിദ്യാഭാവങ്ങളാണ് യഥാക്രമം പൂർണ്ണ പുഷ്കലാ ശക്തികളായി അയ്യപ്പനോടൊത്ത് വിലസുന്നത്. ഈ ശക്തികൾ ഭഗവാനധീനമായതുകൊണ്ട് ഇവരെ ഭാര്യമാരെന്നു കരുതുന്നുവെന്നു മാത്രം. അയ്യപ്പനെ ആര് എങ്ങനെ ഭജിക്കുന്നുവോ അതുപോലെ ഭഗവാൻ അവരേയും അനുഗ്രഹിച്ച് രക്ഷിക്കുന്നു. അയ്യപ്പനെ വേണ്ടപോലെ ഭജിക്കുന്നവരുടെ പാപങ്ങൾ അകലും, ദു:ഖങ്ങൾ ഒഴിയും. ദാരിദ്ര്യം നശിക്കും. രോഗങ്ങൾ ശമിക്കും. ഇഹത്തിലും പരത്തിലും ഭക്തന് യോഗക്ഷേമത്തെ ഭഗവാൻ ചെയ്തുകൊണ്ടേയിരിക്കുന്നു. ഭഗവാന്റെ പൂങ്കാവനത്തേയും, പതിനെട്ടാംപടിയേയും ഭക്തസംഘങ്ങളേയും ഭസ്മക്കുളസ്നാനത്തേയുമൊക്കെ എന്നും ഓർത്തുകൊണ്ടിരിക്കാൻ ശ്രമിക്കണം. കുന്നിന്മേൽ ഗണപതിയും മാളികപ്പുറത്തമ്മയും അയ്യപ്പസ്വാമിയും അതിനുള്ള മന:കരുത്ത് അയ്യപ്പഭക്തന്മാർക്ക് ഏകട്ടെ, സ്വാമിയെ ശരണം അയ്യപ്പ!

**പതിനെട്ടാംപടിയിറക്കം:**

ശബരിമലക്ഷേത്രത്തിലെ ദീപാരാധനയും വിളക്കും ഒരു ദിവസത്തേക്കെങ്കിലും കണ്ടിട്ടേ അയ്യപ്പഭക്തന്മാർ പടിയിറങ്ങാറുള്ളൂ. മകരവിളക്കുതൊട്ടുള്ള ഏഴുദിവസത്തെ ഉത്സവമാണ് അവിടെയുള്ളത്. അവസാനദിവസം വനദേവതമാർക്ക് കുരുതികൊടുക്കുന്നു. വിളക്കു കണ്ടവർ പിന്നെ മടങ്ങിപ്പോവാൻ തയ്യാറാവുകയായി. ഇരുമുടിക്കെട്ടോടെ വടക്കേനടയിലൂടെ അയ്യപ്പസന്നിധാനത്തിലെത്തി കൈകൂപ്പി പ്രാർത്ഥിക്കുന്നു. പ്രദക്ഷിണമായി വന്ന് നാളികേരം അടിച്ച് തൃപ്പടിയിറങ്ങുന്നു. അയ്യപ്പാഭിമുഖമായി പിന്നിലേക്കാണ് പടി ഇറങ്ങേണ്ടത്. പടിയിറങ്ങി വീണ്ടും ശരണം വിളിച്ച് പ്രാർത്ഥിച്ച് നമസ്കരിച്ച് അയ്യപ്പന്മാർ നാട്ടിലേക്ക് മടങ്ങുന്നു. വീട്ടിൽ വന്ന്‌ല വിളക്കു കത്തിച്ച് നാളികേരമടിച്ച് ഭക്തിയോടുകൂടി വിളക്കിനു മുമ്പിൽ കെട്ടിറക്കി വെയ്ക്കുന്നു. മകരം 7-ാനു കഴിഞ്ഞാണ് വരുന്നതെങ്കിൽ മുദ്രയൂരി കെട്ടിൽ സമർപ്പിച്ച് വ്രതം കാലം കൂടുന്നു. മണ്ഡലവ്രതം ശബരിമല മകരോത്സവം കഴിയുന്നതുവരെ പാലിക്കേണ്ടതാണ്.

**തിരുവാഭരണം:** അയ്യപ്പഭഗവാൻ പന്തളരാജാവിന്റെ വളർത്തുപുത്രനായിരുന്നപ്പോൾ ധരിച്ചിരുന്ന അതേ ആഭരണങ്ങളാണ ഇന്നും ഉത്സവകാലത്ത് ശബരിമലയിൽ കൊണ്ടു പോയി അയ്യപ്പനെ ചാർത്തി അലങ്കരിക്കുന്നതെന്ന് വിശ്വസിച്ചുപോരുന്നു. ഇന്നും ഈ ആഭരണങ്ങൾ പന്തളത്ത് രാജാവിന്റെ സൂക്ഷിപ്പിലാണ് ധനുമാസം 28-ാനു പന്തളത്തു നിന്നും തിരുവാഭരണം പോലീസകമ്പടിയോടു കൂടി ശബരിമലക്കു കൊണ്ടു പോകുന്നു. അന്നു രാത്രി അയിരൂർ പുതിയകാവ് ദേവീക്ഷേത്രത്തിലാണ് വിശ്രമിക്കുക. ഭക്തന്മാർക്ക് ദർശനത്തിനുവേണ്ടി തിരുവാഭരണപ്പെട്ടി അവിടെ തുറന്നുവയ്ക്കാറുണ്ട്. അയിരൂർ ആയിരുന്നു പന്തളരാജവംശത്തിന്റെ മൂലകുടുംബം. അയിരൂർ കോവിലന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു ഒരു കാലത്ത് ശബരിമല ഉൾപ്പെടെ വനപ്രദേശങ്ങളത്രയും, 29-ാനു വെളുപ്പിനെ അയിരൂർ പതുയി കാവിൽ നിന്നും തിരിച്ച് പെരുനാട്ടിലെത്തി ആഹാരം കഴിച്ച് അവിടുത്തെ ക്ഷേത്രത്തിൽ വിശ്രമിച്ച് അന്നു രാത്രി വ്ളാഹയിൽ എത്തുന്നു. രാത്രി അവിടെ വിശ്രമിച്ച് രാവിലെ അവിടെ നിന്നും രാജാംപാറയിൽ എത്തി ആഴികൂട്ടി ആഴിപൂജ നടത്തി പ്രദക്ഷിണം വച്ച് അവിടെ നിന്നും നീലക്കൽ ശിവക്ഷേത്രത്തിൽ വന്ന് ക്ഷീണം തീർത്ത് കൊല്ലമൂഴിയിൽ എത്തി ഭക്ഷണം അവിടെ കഴിക്കുന്നു. ഭക്ഷണാനന്തരം അവിടെനിന്നും പുറപ്പെട്ട് വെള്ളാച്ചിമല കയറിയിറങ്ങി വൈകീട്ട് അഞ്ചുമണിയോടെ പമ്പയിലും അവിടെ നിന്നും തിരിച്ച് ചിരുവാഭരണം സന്ധ്യയോടെ ശബരിപ്പീഠത്തിലും എത്തുന്നു

ശബരിപീഠത്തിൽ നിന്നും വിളക്കുകളുടേയും തീവട്ടികളുടേയും, വാദ്യാഘോഷങ്ങളുടെയുമെല്ലാം അകംപടിയോടുകൂടി തിരുവാഭരണം സന്നിധാനത്തിലേക്ക് കൊണ്ടു വരുന്നു. ഈ കാഴ്ച ഒരു നോക്കുകാണാനും തിരുവാഭരണപ്പെട്ടിയെ ഒന്നുതൊട്ട് നിർവൃതിയടയാനും പലരും ശ്രമിക്കുന്നതു കാണാം. അയ്യപ്പനു ചാർത്താനുള്ള തിരുവാഭരണപ്പെട്ടി സന്നിധാനത്തിലേയ്ക്കും ബാക്കിയൊക്കെ മാളികപ്പുറത്തേയ്ക്കും കൊണ്ടു പോകുന്നു. ധനുമാസം 30-ാനു രാത്രിയാണ് തിരുവാഭരണം ചാർത്തിയുള്ള ആദ്യത്തെ ദീപാരാധനയും വിളക്കുമെല്ലാം. ഇതുകണ്ടു തൊഴാൻ വളരെ ബുദ്ധിമുട്ടുണ്ട്. 7 ദിവസത്തെ ഉത്സവത്തിനുശേഷം തിരുവാഭരണം വീണ്ടും പന്തളത്തേയ്ക്കു തിരിച്ചുകൊണ്ടുപോകുന്നു.

# സാമൂഹ്യസമരസത ഒരാത്മപരിശോധന

**കെ.വി. മദനൻ**

സാമൂഹ്യസമരസത(Social equality) യാഥാർത്ഥ്യമായി കാണാൻ ആഗ്രഹിക്കാത്തവരില്ലെന്നുതന്നെ പറയാം. ഭാരതീയസമൂഹത്തിൽ ആഴത്തിൽ വേരോടിയ ഉച്ചനീചത്വങ്ങളെ പിഴുതുമാറ്റാനുള്ള ശ്രമങ്ങൾ വളരെക്കാലമായി നടന്നുകൊണ്ടിരിക്കുകയാണ്. ഏറെക്കുറെ ഫലവത്തായിക്കൊണ്ടിരിക്കുന്ന ആ പരിശ്രമങ്ങൾ ഇനിയും അവസാനിക്കാറായിട്ടില്ല. ഉച്ചനീചഭേദഭാവത്തിന്റെ കെടുതികൾ അനുഭവിക്കുന്നവരാണ് സമൂഹത്തിലെ ഭൂരിപക്ഷവും.



നമ്മുടെ ചരിത്രത്തിലെ വലിയൊരു വിരോധാഭാസമായി മാത്രമേ ഇതിനെ കാണാനാവൂ. ഭാരതത്തിന്റെ ഗതകാലചരിത്രത്തിൽ ഉച്ചനീചത്വങ്ങൾക്ക് ഒട്ടും സ്ഥാനമുണ്ടായിരുന്നില്ല. ഭാരതീയരുടെ സമത്വബോധത്തിന്റെ ഏറ്റവും പഴയ രേഖകൾ വേദങ്ങളാണ്. ഋക്‌വേദത്തിനൊപ്പം പഴക്കമുള്ള മറ്റൊരു ഗ്രന്ഥം ഇന്ന് ഭൂമുഖത്തില്ല. ഋക്‌വേദത്തിലെ ഏറ്റവും അവസാ

**സാമൂഹികമായ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുന്നതിൽ നാം എങ്ങുമെത്തിയില്ലെന്നതാണ് വാസ്തവം. 30 കോടിയോളം വരുന്ന അധഃസ്ഥിതർ ഇപ്പോഴും അവഗണനയിലും അസമത്വത്തിലും കഴിഞ്ഞുകൂടുകയാണ്.**




പണ്ഡിറ്റ് കറുപ്പൻ


ശ്രീനാരായണഗുരു


മഹാത്മാ ഫൂലെ


അംബേദ്കർ

നത്തെ സൂക്തം സമാപിക്കുന്നത് "സമാനമസ്തുവോമനോയഥാ വസുസഹാസതി" (നിങ്ങളുടെ സങ്കല്പങ്ങൾ ഒന്നാകട്ടെ, നിങ്ങളുടെ ഹൃദയവും മനസ്സും ഒന്നായിത്തീരട്ടെ) എന്ന ഉദ്ബോധനത്തോടുകൂടിയാണ്. ഇതുപോലെ 'കൃണ്വന്തോ വിശ്വമാര്യം" എന്ന പ്രഖ്യാപനവും വേദങ്ങളിലുള്ളതാണ്. അയ്യായിരത്തിലധികം വർഷങ്ങളുടെ പഴക്കമുള്ള ഭഗവത്ഗീത സമത്വഭാവനയെക്കുറിച്ച് വിവരിക്കുന്നത് ബ്രാഹ്മണനിലും പശുവിലും ആനയിലും നായയിലും ചണ്ഡാലനിലും എല്ലാം ഒരേ പരമാത്മാവ് സന്നിധാനം ചെയ്യുന്നുവെന്നു വെളിപ്പെടുത്തിക്കൊണ്ടാണ്. വേദങ്ങളും ഉപനിഷത്തുകളും ഭഗവത്ഗീതയും പ്രഖ്യാപിക്കുന്ന മഹത്തായ സത്യങ്ങൾ ഇന്നും ഒളിമങ്ങാതെ നിലനിൽക്കുന്നു. ശ്രീശങ്കരന്റെ അദ്വൈതവും ശ്രീനാരായണഗുരുവിന്റെ 'ഒരു ജാതിയും...' ഏകാത്മകതയുടെ വേറിട്ട ഭാഷ്യങ്ങളാണ്.

എന്നാൽ മനുഷ്യനെ വേർതിരിക്കുന്ന രണ്ട് പ്രസ്താവനകൾ വളരെ പഴയതായിട്ടുണ്ട്. അവ പുരുഷസൂക്തത്തിലും ഭഗവത്ഗീത 4 (13) ശ്ലോകത്തിലും കാണാം. മനുസ്മൃതി അതിനെ ദുർവ്യാഖ്യാനം ചെയ്ത് വികലമാക്കി. ശ്രീബുദ്ധന്റെ കാലത്ത് ഭാരതീയസമൂഹം  അനാചാരങ്ങളും അന്ധവിശ്വാസങ്ങളുംകൊണ്ട് വീർപ്പുമുട്ടുകയായിരുന്നു. ജാതീയ വേർതിരിവും ഉച്ചനീചത്വങ്ങളും അതിന്റെ ഏറ്റവും വികൃതമായ അവസ്ഥയിലുമായിരുന്നു.

ദീർഘകാലം നിലനിന്നിരുന്ന അവ്യവസ്ഥയ്ക്കും സംഘർഷങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ ശ്രീശങ്കരൻ ശ്രമിച്ചുവെന്നു കാണാം.

**ഭരണഘടന പ്രാബല്യത്തിൽ വന്നിട്ട് 60 ൽ അധികം കൊല്ലമായി. ഇക്കാലംകൊണ്ട് ഭരണഘടനാ സങ്കല്പങ്ങൾ എത്രമാത്രം യഥാർത്ഥ്യമായി? സ്വാതന്ത്ര്യവും ജനാധിപത്യവും നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്നാണ് വിശ്വസിച്ചിരുന്നത്. എന്നാൽ, സാമൂഹികമായ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുന്നതിൽ നാം എങ്ങുമെത്തിയില്ലെന്നതാണ് വാസ്തവം.**

ഏഴു നൂറ്റാണ്ടുകാലം നീണ്ടുനിന്ന അഫ്ഘാൻ മുസ്ലീംഭരണവും രണ്ടുനൂറ്റാണ്ടുകാലത്തെ യൂറോപ്യൻമാരുടെ ഭരണവും ഭാരതസമൂഹത്തെ കൂടുതൽ സങ്കീർണ്ണമാക്കി. ഏറ്റവും ശോചനീയമായ അവസ്ഥയിലായിരുന്നു അന്നത്തെ ഇന്ത്യൻ സമൂഹം. അടിമവ്യാപാരം നടന്നിരുന്നതും മനുഷ്യരെകൊണ്ട് മലം ചുമപ്പിച്ചിരുന്നതുമായ സംഭവങ്ങളും ഉണ്ടായിരുന്നു.

ഭാരതീയസമൂഹത്തെ മനുഷ്യത്വവും സ്വാതന്ത്ര്യവും അനുഭവിക്കുന്ന സ്ഥിതിയിലെത്തിക്കാൻ 1850-നും 1950-നും ഇടയിലുള്ള ഒരു നൂറ്റാണ്ടുകാലം തീവ്രമായ പരിശ്രമങ്ങൾ നടന്നു. സ്വാമി ദയാനന്ദസരസ്വതി, മഹാത്മാ ഫൂലേ, രാജാറാം മോഹൻ റോയി, റാനഡെ, സ്വാമി വിവേകാനന്ദൻ, അയ്യങ്കാളി, പണ്ഡിറ്റ് കറുപ്പൻ, ഡോ. അംബേദ്കർ തുടങ്ങിയവർ ആ കാലഘട്ടത്തിലെ മഹാരഥന്മാരാണ്. ആ കാലഘട്ടത്തെ നവോത്ഥാന കാലഘട്ടം എന്നു വിളിക്കാം.

നവീനഭാരതത്തെ കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങളും സങ്കല്പങ്ങളും ഉൾക്കൊള്ളുന്നത് 1950 ജനുവരി 26ന് പ്രാബല്യത്തിൽ വന്ന നമ്മുടെ ഭരണഘടനയിലാണ്. അയിത്താചരണം ഭാരതത്തിലെ ഏറ്റവും വലിയ അപമാനമായിരുന്നു. അതിനേക്കാൾ വലിയൊരു പാപം മനുഷ്യത്വത്തിനു നേരെ കാണിക്കാനില്ല. അയിത്താചാരത്തെ ഭരണഘടന നിരോധിക്കുകയും ഇല്ലായ്മ ചെയ്യുകയും ചെയ്തു. ഉച്ചനീചത്വങ്ങളും വേർതിരിവുകളും അവസാനിപ്പിച്ചു. സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും ഉറപ്പാക്കി.

ഭരണഘടന പ്രാബല്യത്തിൽ വന്നിട്ട് 60 ൽ അധികം കൊല്ലമായി. ഇക്കാലംകൊണ്ട് ഭരണഘടനാ സങ്കല്പങ്ങൾ എത്രമാത്രം യഥാർത്ഥ്യമായി? സ്വാതന്ത്ര്യവും ജനാധിപത്യവും നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്നാണ് വിശ്വസിച്ചിരുന്നത്. എന്നാൽ, സാമൂഹികമായ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുന്നതിൽ നാം എങ്ങുമെത്തിയില്ലെന്നതാണ് വാസ്തവം. 30 കോടിയോളം വരുന്ന അധഃസ്ഥിതർ ഇപ്പോഴും അവഗണനയിലും അസമത്വത്തിലും കഴിഞ്ഞുകൂടുകയാണ്. അധഃസ്ഥിത സമുദായക്കാരുടെ സ്വത്തുക്കൾ നശിപ്പിക്കുന്നതും ഗ്രാമങ്ങളിൽ അക്രമം നടത്തുന്നതും സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നതും സർവ്വസാധാരണമായിരിക്കുന്നു.

സമത്വത്തിൽ അധിഷ്ഠിതമായ സാമൂഹ്യവേഴ്ചകൾ കുറഞ്ഞുകുറഞ്ഞു വരുന്നു. "ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത്" എന്നൊരു

സംസ്കാരം നമ്മെ ആഴത്തിൽ സ്വാധീനിച്ചിരുന്ന കാലമുണ്ടായിരുന്നു. എന്നാൽ, ഇപ്പോഴാകട്ടെ ജാതി പറഞ്ഞ് അഭിമാനിക്കണം എന്നായിട്ടുണ്ട്. ജാതിമനോഭാവം ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി ജാതി അവഗണിച്ചുകൊണ്ടുള്ള വിവാഹത്തെ പ്രോത്സാഹിപ്പിക്കുമായിരുന്നു. ഇന്നത് നിരുത്സാഹപ്പെട്ടുവരുന്നു. ജനാധിപത്യം ജാതിപ്രാതിനിനിധ്യമായി വളർന്നുകഴിഞ്ഞു. നാം മുന്നേറുകയല്ല; പിന്നോട്ടു പോവുകയാണ്.

നമ്മുടെ സമഷ്ടിമനസ്സ് സാമൂഹ്യസമത്വം കാംക്ഷിക്കുന്നില്ലെന്നു തോന്നുന്നു. സമത്വം കൈവരിക്കാനുള്ള ശ്രമങ്ങളെ തടസ്സപ്പെടുത്തുന്നത് ഈ മനോഭാവമാണ്. നിങ്ങളുടെ വലിപ്പം മറ്റുള്ളവരുടെ താഴ്ചയിലാണെന്ന് അവർ വിചാരിക്കുന്നുണ്ടാകണം.

ഭാരതത്തിലെമ്പാടും സമ്പന്നവും ദീർഘകാലമായി നില നിന്നുപോരുന്നതുമായ നിരവധി സന്ന്യാസി ആശ്രമങ്ങളുണ്ട്. സമൂഹത്തിൽ ഏകാത്മകമനോഭാവം

**ഹിന്ദുജീവിതരീതിയിലെ സർവ്വസ്പർശിയായ ഘടകമാണ് ക്ഷേത്രാരാധന. ക്ഷേത്രാരാധനയിൽ സമത്വം കൈവരിക്കാൻ വേണ്ടി ശക്തങ്ങളായ പല പ്രക്ഷോഭങ്ങളും നടന്നിട്ടുണ്ട്. അവയിൽ ശ്രദ്ധേയമായ പ്രക്ഷോഭണങ്ങൾ ഡോ. അംബേദ്കറുടെ നേതൃത്വത്തിൽ മഹാരാഷ്ട്രയിലെ കാലാറാം ക്ഷേത്രത്തിലും കേളപ്പജിയുടെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യഗ്രഹവുമാണ്.**

വളർത്തേണ്ട ആശാകേന്ദ്രങ്ങളാകേണ്ടവയാണവ. എന്നാൽ, അവയുടെ പ്രവർത്തനങ്ങൾ ആവർത്തനവിരസമായ ചില സ്ഥിരം പരിപാടികളിൽ ഒതുങ്ങുന്നു. ആശ്രമങ്ങളും മഠങ്ങളും സമ്പന്നരെക്കൊണ്ട് വീർപ്പുമുട്ടുകയാണ്. ചില മഠങ്ങൾ ജാതികേന്ദ്രങ്ങളായി ചുരുങ്ങിയിട്ടുണ്ട്. അധഃസ്ഥിതജനത ആശ്രമങ്ങൾക്കും മഠങ്ങൾക്കും പുറത്താണ്.



ജാതീയത ഹിന്ദുസമൂഹത്തിന്റെ മാത്രമാണ്. ജാതിയുടെ അവശതകൾ പരിഹരിക്കാൻ ജാതീയമായി സംഘടിച്ചു പ്രവർത്തിക്കുകയെന്നൊരു സമീപനം ഉണ്ടായിരുന്നു; ഇന്നും അതുണ്ട്. കേരളത്തിൽ ജാതീയസംഘടനകളുടെ ബഹളമാണ്. ജാതീയമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതിലുപരി ദൈനംദിനഭരണത്തിൽ വിലപേശാനാണ് അവർക്കു താല്പര്യം. 100-ൽ അധികം വർഷത്തെ പ്രവർത്തനചരിത്രമുള്ള സംഘടനകൾ കേരളത്തിലുണ്ട്. സ്ഥാപനോദ്ദേശ്യങ്ങൾ പോലും പൂർണ്ണമായും വിസ്മരിച്ചുകൊണ്ട് സ്പർദ്ധയും വിദ്വേഷവും വളർത്തുന്ന പ്രസ്ഥാനങ്ങളായി അവ മാറിക്കഴിഞ്ഞു.

ഹിന്ദുജീവിതരീതിയിലെ സർവ്വസ്പർശിയായ ഘടകമാണ് ക്ഷേത്രാരാധന. ക്ഷേത്രാരാധനയിൽ സമത്വം കൈവരിക്കാൻ വേണ്ടി ശക്തങ്ങളായ പല പ്രക്ഷോഭണങ്ങളും നടന്നിട്ടുണ്ട്. അവയിൽ ശ്രദ്ധേയമായ പ്രക്ഷോഭണങ്ങൾ ഡോ. അംബേദ്കറുടെ നേതൃത്വത്തിൽ മഹാരാഷ്ട്രയിലെ കാലാറാം ക്ഷേത്രത്തിലും കേളപ്പജിയുടെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യഗ്രഹവുമാണ്. ഇതിന്റെയൊക്കെ ഫലമായാണ് 1936-ൽ തിരുവിതാംകൂർ ക്ഷേത്രപ്രവേശനവിളംബരം ഉണ്ടായത്. 1948ൽ കൊച്ചിയിലും മലബാർ പ്രദേശത്തും അധഃസ്ഥിതഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം ലഭിച്ചു. ക്ഷേത്രപ്രവേശനവും അയിത്താചാരനിരോധനവും ഹിന്ദുനവോത്ഥാനത്തിലെ ശ്രദ്ധേയമായ സംഭവങ്ങളാണ്. എന്നാൽ ക്ഷേത്രാരാധനാസ്വാതന്ത്ര്യത്തിലുപരി ക്ഷേത്രകാര്യങ്ങളിൽ അധഃസ്ഥിത ഹിന്ദുക്കൾക്ക് യാതൊരു പങ്കുമില്ല.

ജാതിമനോഭാവത്തിന്റെ തടവറയിൽനിന്നും എന്ന് നമ്മൾ സ്വയം മോചിതരാകുന്നുവോ അന്നു മാത്രമേ ഏകാത്മകതയുടെ പൊൻകിരണങ്ങൾ നമ്മുടെ സമൂഹത്തിൽ ഉദയം ചെയ്യുകയുള്ളൂ. അതിനുവേണ്ടിയുള്ള ആത്മപരിശോധനയും ചിന്തയും പ്രവൃത്തികളും ഉണ്ടാകേണ്ടിയിരിക്കുന്നു.



# വൈലോപ്പിള്ളി സ്മരണ

**കെ.കെ. ഹിരണ്യൻ**

വടക്കേച്ചിറ ഭക്തപ്രിയം ശ്രീകൃഷ്ണക്ഷേത്രവഴിയിലൂടെ നടന്നുപോകുമ്പോഴെല്ലാം അതിനു മുന്നിലുള്ള ദേവസ്വം ക്വാർട്ടേഴ്സിലേക്ക് ഞാൻ നോക്കിനിൽക്കാറുണ്ട്. അവിടെയാണ് 1966 ൽ അധ്യാപകജോലിയിൽ നിന്ന് വിരമിച്ചതിനുശേഷം വൈലോപ്പിള്ളി ഏറെക്കാലം താമസിച്ചത്. വൈലോപ്പിള്ളി നട്ടുവളർത്തിയ മാവും പ്ലാവുമെല്ലാം ഇന്നും ബി-9 ക്വാർട്ടേഴ്സിന്റെ പിൻവശത്ത് കാണാം. 66-85 കാലഘട്ടത്തിലെ വൈലോപ്പിള്ളി കവിതകളെല്ലാം പിറവിയെടുത്തത് ഈ ക്വാർട്ടേഴ്സിൽ വച്ചായിരിക്കണം.

1970 ൽ സെന്തോമാസിൽ പ്രീഡിഗ്രിക്കു പഠിക്കുമ്പോഴാണ് മഹാകവിയെ കാണാനും പരിചയപ്പെടാനും ഈ ക്വാർട്ടേഴ്സിലേക്കു ഞാനാദ്യമായി കടന്നുചെല്ലുന്നത്. കോളേജ് വിട്ടതിനുശേഷം ഒരു ദിവസം ഉച്ചതിരിഞ്ഞ് നാലുമണിക്ക്. ജെ.ആർ.പ്രസാദ് ആറ്റിങ്ങലിൽ നിന്നിറക്കിയിരുന്ന 'രാഷ്ട്രശില്പി' കയ്യെഴുത്തുമാസിക വൈലോപ്പിള്ളിയെ കാണിക്കാൻ പ്രസാദ് എന്നെയാണ് ഏൽപ്പിച്ചിരുന്നത്. ആ ലക്കത്തിൽ വൈലോപ്പിള്ളി കവിതയുണ്ടായിരുന്നു. ആ മാസികയുംകൊണ്ടാണ് ഞാൻ ബി-9 ക്വാർട്ടേഴ്സിലേക്കു ചെന്നത്. സന്ദർശകരോട് പരുക്കൻ മട്ടിലാണ് വൈലോപ്പിള്ളി പെരുമാറാറ് എന്ന് കേട്ടിരുന്നു. അതിനാൽ ശങ്കിച്ചും പരിഭ്രമിച്ചും ആണ് അടച്ചിട്ട ഗേറ്റിൽ മുട്ടിയത്. അകത്തെ മുറിയിൽനിന്ന് തുറന്നിട്ട ജനലിലൂടെ മഹാകവി എന്നെ നോക്കി. 'രാഷ്ട്രശില്പി' മാസിക കൊണ്ടുവന്നതാണെന്നു പറഞ്ഞപ്പോൾ വൈലോപ്പിള്ളി വാതിൽ തുറന്നു. അകത്ത് കസേരയിലിരുത്തി. എന്റെ പേര് ചോദിച്ചു. ഞാൻ പേര് പറഞ്ഞപ്പോൾ എന്നോട് കവിതയെഴുതാറുണ്ടോ എന്ന് ചോദിച്ചു. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ബാലപംക്തിയിൽ അക്കാലത്ത് എന്റെ കവിതകൾ തുടർച്ചയായി പ്രസിദ്ധീകരിച്ചുവന്നിരുന്നു. 1969 ലെ മാതൃഭൂമി വിഷുപ്പതിപ്പ് കവിതാമത്സരത്തിൽ എനിക്ക് ഒന്നാം സമ്മാനമുണ്ടായിരുന്നു. എന്റെ പേരും ബാലപംക്തി കവിതകളും അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ടെന്നറിഞ്ഞപ്പോൾ സന്തോഷവും അഭിമാനവും തോന്നി. ഏറെ നേരം സംസാരിച്ചിരുന്നു. സെന്തോമാസിലെ അധ്യാപകരെപ്പറ്റി, പഠനത്തെപ്പറ്റി. അതിനിടയ്ക്ക് അടുക്കളയിൽ പോയി ചായയുണ്ടാക്കി കൊണ്ടുവന്നു.

വൈലോപ്പിള്ളിയെ പിന്നീട് ഇടയ്ക്കിടെ പോയി കാണുക പതിവായി. 71 ജൂണിൽ സി.ആർ. പരമേശ്വ

വര: എ.കെ.ഗോപിദാസ്



# സായാഹ്നസ്മൃതി

ജോസ് ടി.ഇ

"എല്ലാമിപ്പോൾ ഭദ്രമായി

ബ്രിട്ടീഷുകാർ വാണകാലം പോലെ"

അടിയന്തരാവസ്ഥയെക്കുറിച്ച്, അതിനെതിരെ പ്രതികരിച്ച അപൂർവം കവികളിലൊരാളായ വൈലോപ്പിള്ളി മാഷിന്റെ വരികൾ ഉറക്കെ ചൊല്ലി എന്റെ സുഹൃത്ത് തേക്കിൻകാട് മൈതാനം ഇടമുറിച്ച് കടന്നു.

ആ സായാഹ്നത്തിൽ മുൻനിശ്ചയിച്ച് അനുവാദം വാങ്ങിയതിന്റെ അഹങ്കാരത്തോടെ, സന്തോഷത്തോടെ ഞാനും എന്റെ സുഹൃത്തും കൂടി മലയാളത്തിന്റെ കന്നിക്കൊയ്ത്തുകാരന്റെ വീട്ടിലെത്തി.

മാഷേ, ഞങ്ങളാ

അകത്തുനിന്ന്, ഞങ്ങളെന്ന് പറഞ്ഞാൽ!

ആരാ നിങ്ങള്?

ആ സ്വരത്തിൽ അല്പം കാർക്കശ്യം ഉണ്ടായിരുന്നു. ജനൽപാളികളിലൊന്ന് തുറന്ന് സ്ത്രൈണഭാവഹാദികളോടെ തുറിച്ചുനോക്കി.

'ഒരു കൂടിക്കാഴ്ച പറഞ്ഞായിരുന്നു'.

ഒരു പത്തിരുപത് പൂച്ചകളുമായ് സഹജീവനം നടത്തിയിരുന്ന, ശിരസ്സിന് തീ പിടിച്ച നാളുകളിലൊന്നായിരുന്നു അത്. 'കൂടിക്കാഴ്ച്ചേം കൂടിയാട്ടവും!' കറുത്ത കാടൻ പൂച്ചയൊന്നുണ്ട് അവനുമായ് കൂടിക്കാഴ്ച വിസ്തരിച്ചാവാം വിരോധല്ല്യാ.

ഇറങ്ങിക്കോളും വൈകുന്നേരങ്ങളിൽ ഓരോ 'സഞ്ചിമൃഗ'ങ്ങള്.

അറിവിന്റെ അഹങ്കാരമായിരുന്നില്ല അത്. കടുത്ത ജീവിതാനുഭവങ്ങളുടെ കറുത്തനാളുകളിലെ അസ്വസ്ഥതയുടെ വികാരവിക്ഷോഭപ്രകടനം മാത്രം. ഞങ്ങളത് തിരിച്ചറിഞ്ഞു.

മുറ്റത്ത് പൂത്ത് നിന്നിരുന്ന മാവിന്റെ പൂങ്കുലയിറുക്കാതെ – ഞങ്ങൾ പടിയിറങ്ങി.

രൻ, കെ.വിനോദ് ചന്ദ്രൻ എന്നിവരുടെ കൂടെ പോയത് ഓർമ്മയുണ്ട്. ആ വർഷത്തെ മാതൃഭൂമി വിഷുപ്പതിപ്പ് കവിതാമത്സരത്തിൽ കോളേജ്‌വിഭാഗം ഒന്നാം സമ്മാനം പരമേശ്വരനും ഹൈസ്കൂൾ വിഭാഗം സമ്മാനം വിനോദ്ചന്ദ്രനുമായിരുന്നു.രണ്ടുപേർക്കും വൈലോപ്പിള്ളിയെ കാണണം, പരിചയപ്പെടണം. അതിനായിട്ടാണ് തൃശ്ശൂരിൽ വന്നിരിക്കുന്നത്. എന്നെയും കൂട്ടി ക്വാർട്ടേഴ്സിൽ പോയി. വിനോദ്ചന്ദ്രനോട് വൈലോപ്പിള്ളി അന്ന് പ്രത്യേക മമത കാണിച്ചു. വിനോദ് പ്രശസ്ത സാഹിത്യകാരൻ സി.പി.ശ്രീധരന്റെ മകനായതുകൊണ്ടായിരിക്കണം.

വൈലോപ്പിള്ളിയുടെ 'വിത്തും കൈക്കോട്ടും' എന്ന പുസ്തകത്തിന്റെ പ്രൂഫ് നോക്കാനുള്ള അവസരം ഒരിക്കൽ എനിക്ക് കിട്ടി, 1975 ൽ. ഞാനന്ന് കേരളവർമ്മ കോളേജ് സ്റ്റുഡന്റ് എഡിറ്ററായിരുന്നു. കോളേജ് മാഗസിൻ അച്ചടിച്ചിരുന്നത് പാട്ടുരായ്ക്കലിലെ ഐ.എസ്സ്. പ്രസ്സിൽ. മാഗസിന്റെ പ്രൂഫ് നോക്കാനും ലേ ഔട്ട് ചെയ്യാനും മറ്റും പ്രസ്സിനോട് ചേർന്ന് ഒരു മുറിയിലാണ് ഞാൻ താമസിച്ചിരുന്നത്. പ്രസ്സ് മാനേജർ പ്രകാശ് അച്ചൻ അവിടെ അടിക്കാൻ കൊണ്ടുവന്ന മറ്റു പുസ്തകങ്ങളുടേയും മാസികകളുടേയും പ്രൂഫ് എന്നെക്കൊണ്ട് നോക്കിപ്പിച്ചിരുന്നു. വൈലോപ്പിള്ളി സൈക്കിളിൽ അന്നെല്ലാം പതിവായി പാട്ടുരായ്ക്കലിലെ ഐ.എസ്സ്. പ്രസ്സിൽ വരും. പ്രൂഫ് ശരിയായി നോക്കിയോ എന്നറിയാൻ.

ഒരു സാധാരണക്കാരനെപ്പോലെയാണ് വൈലോപ്പിള്ളി നഗരവീഥികളിലൂടെ നടന്നുപോകാറ്. തൃശ്ശൂർ അദ്ദേഹത്തിന് ഇഷ്ടനഗരമായിരുന്നു. തൃശ്ശിവപേരൂർ പ്രമേയമായി വരുന്ന അനേകം കവിതകൾ അദ്ദേഹമെഴുതിയിട്ടുണ്ട്. തൃശ്ശൂരിലെ തിരുവാതിരകൾ, തൃശ്ശൂരിലെ വടക്കേച്ചിറ, സർക്കസ്, ചർച്ചകൾ എന്നിവയിലെല്ലാം തൃശ്ശൂർ പരിസരമാണ്. തൃശ്ശൂർ റൗണ്ടിലും പാലസ് റോഡിലും തേക്കിൻകാട് മൈതാനത്തും ചിലപ്പോൾ കവിയെ കണ്ടുമുട്ടാറുണ്ട്. അമ്പാടി ഹോട്ടലിൽ ഉച്ചയൂണിന് ചില ദിവസങ്ങളിൽ വന്നിരിക്കാറുള്ളതും കണ്ടിട്ടുണ്ട്.

1984 ൽ വൈലോപ്പിള്ളിയെ ഇന്റർവ്യൂ ചെയ്യാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ അന്നത്തെ എഡിറ്ററായിരുന്ന കെ.സി. നാരായണൻ എന്നോടാവശ്യപ്പെട്ടു. ഞാനന്ന് മലപ്പുറം ഗവ. കോളേജിൽ പഠിപ്പിക്കുന്ന കാലം. ശനി, ഞായർ ദിവസങ്ങളിൽ ദേവസ്വം ക്വാർട്ടേഴ്സിൽ വന്ന് വൈലോപ്പിള്ളിയെ കണ്ട് ദീർഘനേരം സംസാരിച്ചു. സാഹിത്യകാരന്മാരെക്കുറിച്ചും രാഷ്ട്രീയക്കാരെക്കുറിച്ചും പല അപ്രിയ സത്യങ്ങളും അന്ന് അദ്ദേഹം തുറന്നുപറയുകയുണ്ടായി. പുതിയ കവിതയിലെ കള്ളനാണയങ്ങളെക്കുറിച്ചും പരിഹസിച്ചു സംസാരിച്ചു.

വൈലോപ്പിള്ളിയെ പിന്നീട് കാണുന്നത് 1985 ആഗസ്റ്റിൽ തൃശ്ശൂർ സബ്ട്രഷറിയുടെ മുന്നിൽ വെച്ച്. ഞാൻ തൃശ്ശൂർ ഗവ. കോളേജിൽ ട്രാൻസ്ഫറായി വന്ന കാലം. ശമ്പളം വാങ്ങാൻ ഞാൻ ട്രഷറിയിൽ ചെന്നപ്പോൾ മഹാകവിയുണ്ട് പരുങ്ങിക്കൊണ്ട് ഒരു മൂലയിൽനിൽക്കുന്നു. പെൻഷൻ വാങ്ങാൻ വന്നതാണ്. ട്രഷറിയിൽ നല്ല തിരക്കുള്ള ദിവസം. ഞാനകത്ത് ചെന്ന് രാവുണ്ണിയോട് വിവരം പറഞ്ഞു. രാവുണ്ണി പെട്ടെന്ന് തന്നെ വൈലോപ്പിള്ളിയുടെ അടുത്ത് വരികയും അദ്ദേഹത്തിന്റെ പെൻഷൻ കാര്യങ്ങൾ ശരിയാക്കിക്കൊടുക്കുകയും ചെയ്തു.

* * * * *

# നാഥനല്ലാത്ത ഒരുവൻ

**ബിന്ദു കൃഷ്ണൻ**

**അ**വനുണ്ടിപ്പോഴും
അതിഥികളെല്ലാം പോയശേഷം
തളർന്നിരിക്കുമ്പോൾ
വരുന്നവൻ,
അക്ഷയപാത്രം തരുന്നവൻ.
ഉറ്റവരെല്ലാം നോക്കിനിൽക്കുമ്പോൾ
ആട നൽകി മാനം കാക്കുന്നവൻ
കാട്ടിലെറിഞ്ഞ നിറവയറിനെ
ഏറ്റെടുക്കുന്നവൻ,
അവളുടെ കഥ കാവ്യമാക്കുന്നവൻ.

ആണ്ടാളിന്റെ മുടിയിഴ കുരുങ്ങിയ
മാലമാത്രം മതിയെന്നു പറയുന്നവൻ
അവളുടെ ചുംബനമറിയാത്തവൻ,
കണ്ണീരിന്റെ വിയർപ്പിന്റെ
സ്വാദറിയുന്നവൻ.
അവളുടെ തനുമുകരാത്തവൻ
മനം തഴുകുന്നവൻ.

അവനുണ്ടിപ്പോഴും
എവിടെയൊക്കെയോ
കണ്ടെത്താനാണു പാട്
അതിലാണവളുടെ പുണ്യം.



## ▶ വൈലോപ്പിള്ളി സ്മരണ

"അലിവേറിന മൃത്യു, നിദ്ര തൻ-
വലിയേട്ടൻ, പ്രിയകാവ്യമൊന്നു
ഞാൻ
നുകരുമ്പോൾ, നിഗൂഢമെത്തിയെൻ-
മിഴി പൊത്തിടുകിലാം-കൊതിപ്പു
ഞാൻ"

'ഇതുപോലെ' (വിട) എന്ന കവിതയിൽ മരണത്തെ മധുരമുള്ള ഒരനുഭവമായി വൈലോപ്പിള്ളി സ്വപ്നം കണ്ടിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ അന്ത്യദിനങ്ങൾ വേദന നിറഞ്ഞതായിരുന്നു. ക്രൂരമായാണ് മൃത്യുദേവത മഹാകവിയെ സമീപിച്ചത്. മസ്തിഷ്ക്കാഘാതത്തെ തുടർന്ന് ഏറെനാൾ അദ്ദേഹത്തിന് പൂങ്കുന്നത്തെ ഡോ.ടി.ഐ. രാധാകൃഷ്ണന്റെ ഹോസ്പിറ്റലിൽ കിടക്കേണ്ടിവന്നു. മരിക്കുന്നതിന് ഒരാഴ്ച മുമ്പ് ഞാൻ കാണാൻ ചെന്നപ്പോൾ ഭാനുമതി ടീച്ചർ അരികിലിരുന്ന് പരിചരിക്കുന്നുണ്ട്. ആരേയും, തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയിലായിരുന്നു കവി. 'ഹിരണ്യൻ വന്നിട്ടുണ്ട്, ഹിരണ്യൻ' എന്ന് ഉച്ചത്തിൽ ഭാനുമതി ടീച്ചർ പറഞ്ഞു. വൈലോപ്പിള്ളി ഒന്നു മൂളിയോ എന്നു സംശയം. എന്നെ അദ്ദേഹം തിരിച്ചറിഞ്ഞിരിക്കും എന്ന തൃപ്തിയിൽ ഞാൻ മടങ്ങി. വൈലോപ്പിള്ളിയെ അവസാനമായി കണ്ടത് അന്നാണ്. 85 ഡിസംബർ 22ന് അദ്ദേഹം വിട പറഞ്ഞു.

സംഭാഷണം

**കെ.കൃഷ്ണൻകുട്ടി/ മാധവദാസ്**

ഗ്രാമം എന്നത് ഒരു ജീവിതരചനയാണ്. ഒരു വ്യക്തിക്കും ഒറ്റക്ക് പൂർണത നേടുവാൻ സാധിക്കുകയില്ല. സമൂഹത്തിലൂടെ മാത്രമേ ഓരോ വ്യക്തിക്കും പൂർണത നേടാൻ സാധിക്കുകയുള്ളൂ. ഏതൊരു പ്രവൃത്തിയുടെയും ആത്യന്തികലക്ഷ്യം സുഖപ്രാപ്തിയാണ്.

# ഗ്രാമവികാസ്

## ഗ്രാമീണഭാരതത്തിന്റെ സംഘപഥം



**രാ**ഷ്ട്രീയ സ്വയംസേവക് സംഘത്തിന്റെ പ്രവർത്തനം ഭാരതീയ മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

'അവനാത്മസുഖത്തിനാചരിക്കുന്നവ-

യപരന്ന് സുഖത്തിനായ്‌വരണം'

എന്ന നാരായണഗുരുദേവവചനത്തിന്റെ സാക്ഷാത്കാരമാണ് സംഘത്തിന്റെ ഗ്രാമവികാസ്പ്രവർത്തനം. അനേകം ഗ്രാമങ്ങളെയും ഗ്രാമവാസികളെയും സംഘത്തിന്റെ ഗ്രാമവികാസ പ്രവർത്തനം പ്രഗതിയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമത്തിന്റെ പുരോഗതി രാഷ്ട്രത്തിന്റെ പുരോഗതിയായി പരിണമിക്കുന്നു. സംഘപ്രവർത്തനം ഗ്രാമങ്ങളിലേക്ക് വളരുമ്പോൾ ഭാരതം ശക്തിശാലിയാകുന്നു. സംഘത്തിന്റെ ഗ്രാമവികാസ് സങ്കല്പത്തെയും അതിന്റെ പ്രായോഗികരൂപത്തേയും പറ്റി ആർഎസ്.എസ്. പ്രാന്തീയകാര്യകാരി സദസ്യനും പ്രാന്തീയ ഗ്രാമവികാസ് പ്രമുഖുമായ കെ.കൃഷ്ണൻകുട്ടി തന്റെ അനുഭവങ്ങളുടെയും യാത്രകളുടെയും പശ്ചാത്തലത്തിൽ വിശദീകരിക്കുന്നു. നഗരം നാടിന്റെ ബാഹ്യരൂപം. ആന്തരികരൂപം ഗ്രാമവും. ഈ ആന്തരികഘടനയെ ശക്തിപ്പെടുത്തുന്നതാണ് സംഘപ്രവർത്തനമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

*** ഭാരതീയ ഗ്രാമീണജീവിതത്തിന്റെ അടിസ്ഥാനഭാവങ്ങൾ എന്തൊക്കെയാണ്?**

ഭാരതത്തിന്റെ അടിത്തറ ഗ്രാമങ്ങളാണ്. ദേശീയ ജനസംഖ്യയുടെ 75% ഉം ഗ്രാമങ്ങളിലാണ് വസിക്കുന്നത്. മാത്രമല്ല, ഭാരതത്തിന്റെ ജീവിതമൂല്യങ്ങൾ ഇന്നും നിലനിൽക്കുന്നതും ഗ്രാമങ്ങളിൽ തന്നെ. ഗ്രാമം എന്നാൽ നാട്ടിൻപുറം എന്നല്ല. 'സംവസ്ഥ ഗ്രാമഃ' എന്നാണ് ഗ്രാമത്തിന്റെ നിർവചനം. സംവസ്ഥഃ എന്നാൽ സുഖമായി പാർക്കുന്നയിടം. നമ്മൾ ഗ്രാമം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗൃഹങ്ങളുടെ സമൂഹം അഥവാ ഗൃഹങ്ങളുടെ സമുദായം എന്നൊക്കെയാണ്.

ഗൃഹങ്ങൾ എന്നത് ബഹുത്വത്തെ സൂചിപ്പിക്കുന്നു. ഗ്രാമം എന്നാലാകട്ടെ ഏകത്വത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആയതിനാൽ ഗൃഹങ്ങളുടെ നാനാത്വം ഏകത്വമാകുന്നിടമാണ് ഗ്രാമം. ഗ്രാമം ഗൃഹങ്ങളുടെ ഐക്യത്തെ പ്രഖ്യാപിക്കുന്നു.

*** സംഘത്തിന്റെ ഗ്രാമവികാസ സങ്കല്പം എന്താണ്?**

ഗ്രാമം എന്നത് ഒരു ജീവിതരചനയാണ്. ഒരു വ്യക്തിക്കും ഒറ്റക്ക് പൂർണത നേടുവാൻ സാധിക്കുകയില്ല. സമൂഹത്തിലൂടെ മാത്രമേ ഓരോ വ്യക്തിക്കും പൂർണത നേടാൻ സാധിക്കുകയുള്ളൂ. ഏതൊരു പ്രവൃത്തിയുടെയും ആത്യന്തികലക്ഷ്യം സുഖപ്രാപ്തിയാണ്.

ഗ്രാമത്തിൽ ആദ്യം വേണ്ടത് വിദ്യയാണ്. ഇതിലൂടെ ധർമ്മാഭിമുഖ്യം വളർത്താൻ സാധിക്കും. വിദ്യ ആചരിക്കുമ്പോൾ മാത്രമേ സംസ്കാരം ഉണ്ടാവുകയുള്ളൂ. ഗ്രാമോദ്ധാരണം സാദ്ധ്യമാകുന്നതിന് ധർമ്മാഭിമുഖ്യം

വളർത്തണം. സംസ്കാരത്തിന് വിനയം എന്നും അർത്ഥമുണ്ട്. വിനയം ഉണ്ടാക്കുന്നതിനാണ് വിദ്യ ഉപയോഗിക്കേണ്ടത്. വിദ്യ കൊടുക്കുന്ന പ്രവൃത്തിക്കാണ് വിനയനം എന്നു പറയുന്നത്. ഇത് നൽകുന്നയാൾ വിനേതാവ്.

ഗ്രാമവൈഭവം വിനേതാവിൽനിന്നും ആരംഭിക്കുന്നു. വിനേതാവ് ഇല്ലാത്തതാണ് നമ്മുടെ നാടിന്റെ ഏറ്റവും വലിയ കുറവ്. വിനേതാവിനെ ഗുരു എന്നോ ആചാര്യൻ എന്നോ പറയുന്നു. നാടിനെയും ജനങ്ങളെയും നയിക്കേണ്ടത് വിനേതാക്കന്മാരാണ്. എന്നാൽ നിർഭാഗ്യവശാൽ നമുക്കുള്ളത് നേതാക്കന്മാരാണ്. ഓരോ ഗ്രാമത്തിനും വിനേതാവാണ് ആവശ്യം.

ഗ്രാമത്തിന് ആവശ്യമുള്ള മറ്റൊന്നാണ് പുരോഹിതന്മാർ. ഗ്രാമകാര്യങ്ങളിൽ മുമ്പേ നടക്കേണ്ടവൻ പുരോഹിതനാണ്. ഗ്രാമഹിതത്തിനായി പ്രവർത്തിക്കുന്നവനാവണം പുരോഹിതൻ. പുരോഹിതനിൽ വിനേതാവിന്റെ ഗുണങ്ങൾ ഉണ്ടായിരിക്കണം. ഗ്രാമത്തിന് ഗ്രാമക്ഷേത്രവും ദേവതയും വേണം. ഗ്രാമവികാസത്തിന് ഉപാസന ആവശ്യമാണ്. ഗ്രാമബന്ധങ്ങളെ പുരുഷാർത്ഥത്തിന് അനുകൂലമാക്കിയാൽ മാത്രമേ ഗ്രാമവൈഭവം സാദ്ധ്യമാകുകയുള്ളൂ.

ഗ്രാമത്തിന്റെ പൈതൃകം, കല, സാഹിത്യം, ശാസ്ത്രങ്ങൾ, വീരപുരുഷന്മാർ, സമ്പദ്വ്യവസ്ഥ, കൃഷി,



*നാനാജി ദേശ്മുഖ്*

കൈതൊഴിൽ എന്നിവ സംരക്ഷിക്കപ്പെടണം.

എല്ലാ ഗ്രാമങ്ങളിലും ഗ്രാമവിദ്യാലയം ആവശ്യമാണ്. അതുപോലെ തന്നെ ഗ്രന്ഥശാലയും. തനതു ഗ്രാമവിനോദങ്ങൾ കണ്ടെത്തി സംരക്ഷിക്കേണ്ടത് ഗ്രാമസംസ്കാരം നിലനിർത്താൻ ആവശ്യമാണ്.

ഓരോ ഗ്രാമത്തിനും പരമ്പരാഗത കൃഷികളുണ്ട്. അത് ഗ്രാമത്തിന്റെ പരിസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ കൃഷിക്കു പകരം മറ്റൊരു കൃഷി വന്നാൽ അത് ഗ്രാമജീവിതത്തിനു തന്നെ പരിവർത്തനം സൃഷ്ടിക്കും.

ഗ്രാമജീവിതത്തിന്റെ അടിത്തട്ടിൽ വന്നിട്ടുള്ള വിനാശകരമായ പരിണാമങ്ങളാണ് സംസ്കാരത്തിന്റെ നാശകാരണങ്ങൾ. ഗ്രാമപൈതൃകത്തിന്റെ പിൻതുടർച്ചക്കാരെ സൃഷ്ടിക്കേണ്ടത് ഗ്രാമസംസ്കാരം നിലനിർത്തുവാൻ ആവശ്യമാണ്. ഗ്രാമചരിത്രങ്ങളെല്ലാം എഴുതപ്പെട്ടവയല്ല. ഇവ വാമൊഴിയായി പകർന്നുവന്നവയാണ്. ഇവയുടെ സംരക്ഷണവും ആവശ്യമാണ്.

*** സംഘത്തിന്റെ ഗ്രാമവികാസസങ്കല്പവുമായി ബന്ധപ്പെടുത്തി ഇതിന്റെ ചരിത്രം ഒന്നു വിശദമാക്കാമോ?**

1990 കളുടെ അവസാനമാണ് ഗ്രാമവികാസ് ആരംഭിക്കുന്നത്. സംഘത്തിന്റെ സേവാവിഭാഗത്തിന്റെ വികസിതരൂപമാണ് ഇത്. സേവാഭാരതിയും ഇതും രണ്ടാണ്. സേവാവിഭാഗത്തിന്റെ പ്രവർത്തനം സ്വയംസേവകരിൽ സേവനമനോഭാവം വളർത്തുകയാണ്. 1989 ൽ സേവാവിഭാഗം നിലവിൽവന്നു. പട്ടണങ്ങളിലെ ആരോഗ്യമേഖലയിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, വൻനഗരങ്ങളിലെ ചേരികളെ കേന്ദ്രീകരിച്ചുള്ള സേവാപ്രവർത്തനങ്ങൾ ഇതെല്ലാ സേവാവിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ പെടുന്നു. സംഘസ്ഥാപകന്റെ ജീവിതം തന്നെ സേവനമായിരുന്നു. ആ നിലയ്ക്ക് സംഘസ്ഥാപനത്തോടൊപ്പം സേവനവും



ആരംഭിച്ചുവെന്ന് പറയാം. എല്ലാകാലത്തും സംഘം സേവനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ അടിയന്തിരസേവനം (Disastic Service) സ്ഥിരസേവനം (Permanent Service) എന്നിങ്ങനെയുണ്ട്. സംഘശക്തിയുടെ വിനിയോഗമാണ് സേവനം. സേവനം ഒരു മനോഭാവമാണ്. മറ്റു പല സംഘടനകളുടേയും സേവനപ്രവർത്തനത്തിന് പിന്നിൽ ചരടുകൾ ഉണ്ട്. എന്നാൽ സംഘസേവനം അങ്ങനെയല്ല. 1,65,000 സേവനപ്രവർത്തനങ്ങളാണ് സംഘം ഭാരതമൊട്ടാകെ നടത്തിവരുന്നത്. സംഘപ്രവർത്തകന്റെ ഉള്ളിൽനിന്നുമുണ്ടാകുന്ന കർമ്മമാണ് സേവനം. അതുകൊണ്ടാണ് സേവനം ഒരു മനോഭാവമാണെന്ന് പറയാൻ കാരണം.

രാഷ്ട്രീയത്തിനും മതത്തിനും ജാതിക്കും അതീതമായി നിന്നുകൊണ്ട് ചെയ്യുന്ന പ്രവൃത്തിയാണ് സംഘം ചെയ്യുന്നത്. ഇതിന്റെ വികസിത രൂപമാണ് ഗ്രാമവികാസ്. വ്യക്തി നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ ആ വ്യക്തി സമൂഹത്തിലിറങ്ങി പ്രവർത്തിക്കണം. വിപുലമായ സാമൂഹ്യപ്രവർത്തനത്തിലെത്തിപ്പെടണം. ഇതിനെയാണ് ഗ്രാമവികാസ് എന്നു പറയുന്നത്. സംഘശാഖയുടെ സാമൂഹ്യമായ വിനിയോഗം ആണത്. വ്യക്തിവികാസം, ശാഖാവികാസം, ഗ്രാമവികാസം എന്നിങ്ങനെയാണ് അതിന്റെ തലം.





**രാഷ്ട്രീയത്തിനും മതത്തിനും ജാതിക്കും അതീതമായി നിന്നുകൊണ്ട് ചെയ്യുന്ന പ്രവൃത്തിയാണ് സംഘം ചെയ്യുന്നത്. ഇതിന്റെ വികസിത രൂപമാണ് ഗ്രാമവികാസ്. വ്യക്തി നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ ആ വ്യക്തി സമൂഹത്തിലിറങ്ങി പ്രവർത്തിക്കണം. വിപുലമായ സാമൂഹ്യപ്രവർത്തനത്തിലെത്തിപ്പെടണം.**

സ്വാമി വിവേകാനന്ദൻ പറഞ്ഞത് നിങ്ങൾ ലോകത്തിലെ മുഴുവൻ സമ്പത്തും ഒരു ഗ്രാമത്തിൽ കൊണ്ടുവന്ന് ചെലവാക്കിയാലും ആ ഗ്രാമത്തിലെ ജനങ്ങളിൽ ഗ്രാമവികാസത്തിന്റെ ആവശ്യകത എപ്പോഴാണോ ബോദ്ധ്യപ്പെടുന്നത്, അപ്പോൾ മാത്രമേ അത് ഉപകരിക്കുകയുള്ളൂ എന്നാണ്. ഗാന്ധിജി പറഞ്ഞത് ഗ്രാമസ്വരാജ് പ്രയോഗത്തിൽ വന്നാൽ അത് രാമരാജ്യമായി മാറുന്നുവെന്നാണ്. രാഷ്ട്രത്തിന്റെ ഏറ്റവും അടിസ്ഥാനഘടകം ഗ്രാമങ്ങളാണ്.

*** ഗ്രാമവികാസിനോടുള്ള സർക്കാരുകളുടെ സമീപനം എങ്ങനെയാണ് ? വിവിധ കേന്ദ്രങ്ങളിൽനിന്നും എതിർപ്പുകളുണ്ടോ?**

1945 ഒക്ടോബർ 5ന് ഗാന്ധിജി നെഹ്റുവിന് എഴുതിയ കത്താണ് പ്രമേയരൂപത്തിൽ ഗ്രാമസ്വരാജ്. ഗാന്ധിജിയുടെ വിവരമില്ലായ്മയായാണ് നെഹ്റു ഇതിനെ പരിഗണിച്ചത്. ഇതിനു വിരുദ്ധമായി കേന്ദ്രീകൃത വ്യവസായങ്ങളും നഗരങ്ങളും വൻകിട അണക്കെട്ടുകളുമൊക്കെയാണ് നെഹ്റു കൊണ്ടുവന്നത്. എന്നാൽ ഇപ്പോൾ ഇത്തരം കാഴ്ചപ്പാടുകളിൽ മാറ്റം വന്നിട്ടുണ്ട്. വാജ്പേയി സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിൽ ഒരു ഗ്രാമവികസനമന്ത്രാലയം രൂപീകരിച്ചു. വെങ്കയ്യ നായിഡു പ്രഥമ ഗ്രാമവികസനവകുപ്പു മന്ത്രിയായി. കാബിനറ്റു പദവിയായി പരിഗണിക്കപ്പെടുന്ന തരത്തിലേക്ക് ഗ്രാമസ്വരാജ് ഉയർത്തപ്പെട്ടു.

അധികാരവികേന്ദ്രീകരണം, വികേന്ദ്രീകൃത വ്യവസായം എന്നീ തലത്തിലേക്ക് ഇപ്പോൾ സർക്കാർ സമീപനത്തിൽ മാറ്റം വന്നിട്ടുണ്ട്. ഇതിനൊരു പ്രധാന കാരണം സംഘപ്രചാരകനായിരുന്ന നാനാജിദേശ്മുഖിന്റെ പ്രവർത്തനങ്ങളാണ്. രാഷ്ട്രീയവും മന്ത്രിസ്ഥാനവുമെല്ലാം ഉപേക്ഷിച്ച് ചിത്രകൂടം കേന്ദ്രമാക്കി 500 ഗ്രാമങ്ങളിൽ ദേശ്മുഖിന്റെ നേതൃത്വത്തിൽ ഗ്രാമവികാസപ്രവർത്തനങ്ങൾ ആരംഭിച്ചു. പിടിച്ചുപറിയും കൊള്ളയുമെല്ലാമുണ്ടായിരുന്ന ഈ ഗ്രാമങ്ങൾ എല്ലാ തലത്തിലും പിന്നാക്ക നിലയിലായിരുന്നു. എല്ലാവർക്കും തൊഴിൽ, സമൃദ്ധമായ വെള്ളം, ആദ്ധ്യാത്മികമായ ജീവിതസംതൃപ്തി, സ്വസ്ഥവും ഭദ്രവുമായ സാമൂഹ്യകുടുംബജീവിതം ഇതെല്ലാം നാനാജി സ്ഥാപിതമാക്കി. നാനാജിയുടെ പ്രവർത്തനങ്ങൾ സാർവത്രികമായ അംഗീകാരങ്ങളാണ് നേടിയത്.

മുൻ രാഷ്ട്രപതി അബ്ദുൾ കലാം അവിടെ സന്ദർശനം നടത്തുകയും താമസിക്കുകയും ചെയ്തിരുന്നു. അദ്ദേഹം പറയുന്ന PURA (Providing Urban Rural Area) എന്ന ആശയത്തിനു പിന്നിൽ, ഇതൊക്കെയാണ്.

ഇതുപോലെ തന്നെയാണ് അണ്ണാഹസാരെയുടെ റാലേഗണസിദ്ധി ഗ്രാമവും. സൈനിക ഉദ്യോഗസ്ഥനായിരുന്ന ഹസാരെ പിരിഞ്ഞുവന്നതിനുശേഷം നശിച്ചുകിടന്ന ഒരു ഗ്രാമം ദത്തെടുക്കുകയാണ് ചെയ്തത്. പിടിച്ചുപറിയും കൊള്ളയും സകലവിധ ദുഷ്പ്രവണതകളുടെയും വിളനിലമായിരുന്നു ആ ഗ്രാമം. ക്ഷേത്രമെല്ലാം തകർത്തുകളഞ്ഞിരുന്നു. അണ്ണാഹസാരെ വന്ന് ആദ്യം സത്സംഗം തുടങ്ങി. പിന്നീട് സ്വയം പര്യാപ്തജീവിതത്തിലേക്ക് അവരെ പടിപടിയായി ഉയർത്തിക്കൊണ്ടുവന്നു. സർക്കാർ ഈ ഗ്രാമങ്ങളെ അംഗീകരിക്കുകയും സർക്കാർ പദ്ധതിയായി വികസിപ്പിക്കുകയും ചെയ്തു.

എതിർപ്പുകൾ ഒരിടത്തും ഇതുവരെ നേരിടേണ്ടിവന്നിട്ടില്ല. മറിച്ച് വലിയതോ

തിലുള്ള സ്വീകരണമാണ് ലഭിച്ചുവരുന്നത്.

*** ആഗോളവത്കരണത്തിന്റെ ഭാഗമായി അതിവേഗത്തിലുള്ള മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഗ്രാമങ്ങൾ നഗരങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ, കൃഷിയൊക്കെ അന്യം വന്നുകൊണ്ടിരിക്കുമ്പോൾ, ഗ്രാമവികാസ് പോലുള്ള ആശയങ്ങളുടെ പ്രസക്തിയെന്താണ്?**

നാം ആദ്യം ഗ്രാമം എന്താണ് നഗരം എന്താണ് എന്ന് മനസ്സിലാക്കണം. ഗ്രാമത്തിന്റെ നിർവചനം നേരത്തെ പറഞ്ഞു. ഏകത്വം, നിഷ്കളങ്കത, സത്യം, ധർമ്മം, നീതി, കാരുണ്യം ഇങ്ങനെയുള്ള നന്മകൾ എവിടെയാണ് രൂപപ്പെടുന്നത്, മനുഷ്യമനസ്സുകളുടെ ഏകീകരണം എവിടെയാണോ സാധ്യമാവുന്നത് അതാണ് ഗ്രാമം. അങ്ങനെ നോക്കുമ്പോൾ ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും അകൽച്ച മാറി വരുന്നു. ജനങ്ങളുടെ മനസ്സിനെ സംസ്കരിക്കുക, ശുദ്ധീകരിക്കുക, അതാണ് വേണ്ടത്. ഗ്രാമം സംസ്കൃതമാണ്, നഗരങ്ങൾ പരിഷ്കൃതവും. ഇന്ന് സംസ്കൃതിയെ പരിഷ്കരിച്ച് പുരോഗതിയാക്കി മാറ്റുകയാണ്. എന്നാൽ അതല്ല പരിഷ്കാരം. പരിഷ്കാരം പുരോഗതിയാണെന്ന് പറയുന്നത് അപകടമാണ്. ഇപ്പോൾ അങ്ങനെയാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

ഭാരതത്തിന്റെ കുടുംബജീവിതസങ്കല്പം ഓരോ പ്രദേശത്തും രൂപപ്പെടുത്തിയെടുക്കാൻ സാധിക്കണം. ഇതിനു വേണ്ട അനൗപചാരികമായ വിദ്യാഭ്യാസമാണ് നാം നൽകുന്നത്. അതിന് മാതൃകയാണ് ആവശ്യം. ഉദാഹരണങ്ങളാണ് വേണ്ടത്. ഏകലവ്യൻ ഒരു പ്രതിമയെ മുമ്പിൽ വച്ചാണ് പഠിച്ചത്. ഗാന്ധിജി സ്വയം മാതൃകയായി നിന്നുകൊണ്ടു പഠിച്ചു. ഭാരതത്തിൽ യഥാർത്ഥത്തിൽ വേണ്ടതായ ഒരു വികസനം ഒരു ഗ്രാമത്തിൽ കാണിച്ചുകൊടുക്കുകയാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ഒരു ഗ്രാമത്തിലെ വിഭവങ്ങൾ ആ ഗ്രാമത്തിൽ തന്നെ ഉപയോഗപ്പെടുത്തുക. അങ്ങനെയൊരു സ്വാശ്രയഗ്രാമം സൃഷ്ടിക്കുക. ഗ്രാമത്തിന്റെ പ്രശ്നങ്ങൾ അവിടെ തന്നെ പരിഹരിക്കുക. അങ്ങനെ സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ സൃഷ്ടിക്കുക. ഇത്തരം ഗ്രാമങ്ങൾ നമുക്കിവിടെയുണ്ട്. ഭഗവത് നഗരങ്ങളുടെ സൗകര്യങ്ങൾ നിഷേധിക്കുന്നില്ല. ആധുനിക ഇലക്ട്രോണിക്സിന് സൗകര്യങ്ങളെല്ലാം ഉൾപ്പെടുത്തണം. ഇതൊന്നുമല്ല പ്രധാനകാര്യം. ഒത്തൊരുമയോടുകൂടി ജനങ്ങൾ ജീവിക്കണം. സംരക്ഷിക്കപ്പെടണം. വെള്ളമില്ലാത്ത, വെളിച്ചമില്ലാത്ത ഉൾപ്രദേശമാണ് ഗ്രാമമെന്ന പഴയ ധാരണ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. എല്ലാ സൗകര്യങ്ങളോടും കൂടി ജനവാസമുള്ള സ്ഥലമാണ് ഗ്രാമങ്ങൾ. നാനാത്വത്തിൽ ഏകത്വമാണ് നമ്മുടെ മുഖമുദ്രയെന്ന് പറയാറുണ്ട്.

*** കേരളത്തിൽ ഗ്രാമവികാസ് പ്രവർത്തനങ്ങൾ എവിടെയൊക്കെയാണ് നടക്കുന്നത്? പ്രത്യേകതകൾ എന്തൊക്കെയാണ്?**

കേരളത്തിലെ കണ്ണൂർ ജില്ലയിലെ പത്തായക്കുന്ന്, ഈശാനമംഗലം, ഇരിട്ടിയിലെ പുന്നാട്, തൃശ്ശൂർജില്ലയിലെ കുഞ്ഞയിനി, ചാലക്കുടിയിൽ നാലഞ്ചു സ്ഥലങ്ങൾ, അങ്കമാലിക്കടുത്ത് എന്നിങ്ങനെ നിരവധി സ്ഥലങ്ങളിൽ പ്രവർത്തനം നടന്നുവരുന്നു. സംസ്കാരസമ്പന്നമായ ഒരു സാമൂഹ്യജീവിതം സാധ്യമാക്കുന്ന വിധമാണ് പ്രവർത്തനങ്ങൾ. ആയിരക്കണക്കിന് ആളുകൾ ഒരുമിച്ചിരുന്ന് ഭഗവത്ഗീത ചൊല്ലും. ഗ്രാമസമിതികൾ, ഗ്രാമവിദ്യാലയങ്ങൾ എന്നിവയൊക്കെ പ്രവർത്തിക്കുന്നുണ്ട്. നശിച്ചുകിടന്നിരുന്ന ഗ്രാമക്ഷേത്രം പുന



രുദ്ധരിക്കപ്പെട്ടു. ഗ്രാമീണജനങ്ങളിൽ ധാർമ്മികാവബോധം വളർത്താൻ ഗീതാസംസ്കാരം പ്രയോജനകരമാണ്.

ഇവിടെ എല്ലാ വിഭാഗം ജനങ്ങളും നമ്മുടെ ഈ ശ്രമത്തിന്റെ ഗുണഭോക്താക്കളാണ്. അടുത്തയിടെ അങ്കമാലിയിലെ ഒരു ഗ്രാമത്തിൽ പോയിരുന്നു. വൈകീട്ടു നടന്ന ഒരു സംസ്കാരിക പരിപാടിയിൽ എല്ലാ വിഭാഗം ജനങ്ങളും പങ്കെടുക്കുന്നത് കാണാൻ കഴിഞ്ഞു. ഗ്രാമത്തിന്റെ പ്രധാനപ്പെട്ട വ്യക്തിയെ ആദരിക്കുന്ന 'ഗ്രാമഗൗരവം' എന്ന പരിപാടിയിൽ ഒരു ക്രിസ്ത്യാനിയായ കർഷകനെയാണ് അത്തവണ ആദരിച്ചത്. ഇത്തരം പരിപാടികളെല്ലാം ജനങ്ങളെ ഏറെ ആകർഷിക്കുന്നു.

*** ഗ്രാമവികാസ് ദളിതരുടേയും അടിസ്ഥാനവർഗത്തിന്റെയും ജീവിതത്തിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ എപ്രകാരമാണ്?**

ഗ്രാമവികാസപ്രവർത്തനത്തിലൂടെ ജാതീയത മാറ്റിക്കൊണ്ടുവരാൻ സാധിക്കുന്നുണ്ട്. ദീനദയാൽജിയുടെ കാലത്തുതന്നെ ജാതീയതക്കെതിരെയുള്ള പ്രവർത്തനങ്ങളുണ്ട്. ഡൽഹിയിലെ ചേരിപ്രദേശങ്ങളിലൊക്കെ നമ്മുടെ അഖിലഭാരതീയ സേവാപ്രമുഖിന്റെ നേതൃത്വത്തിൽ വളരെയധികം പ്രവർത്തനങ്ങൾ നടത്തിയിരുന്നു. നമ്മുടെ സ്വാധീനത്തിലുള്ള അത്തരം കോളനികളിൽ വളരെ ശക്തമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ദക്ഷിണഭാരതത്തിലാണ് കൂടുതൽ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്.

*** ഉത്തരഭാരതത്തിലെയും ദക്ഷിണഭാരതത്തിലെയും പ്രവർത്തനങ്ങളുടെ സവിശേഷതകൾ?**

ഉത്തരഭാരതത്തിലും ദക്ഷിണഭാരതത്തിലും ഗ്രാമസങ്കല്പങ്ങൾ രണ്ടാണ്. ഇവിടെ ഒന്നിനോടു ഒന്ന് ചേർന്നുകിടക്കുന്ന ഗ്രാമങ്ങളാണ്. അവിടെ ഒരു ഗ്രാമം കഴിഞ്ഞാൽ കുറേ ദൂരം പോയിട്ടാണ് അടുത്ത ഗ്രാമം. ജനങ്ങളിൽ ആദ്ധ്യാത്മിക മൂല്യങ്ങളെക്കുറിച്ചുള്ള അറിവ് വളരെ കുറവാണ്. സാമ്പത്തികഭദ്രതയും. ധാർമ്മികമൂല്യങ്ങൾ ഉണ്ടാക്കിയെടുക്കുവാനുള്ള ശ്രമങ്ങൾ രണ്ടിടത്തും നടന്നുവരുന്നുണ്ട്.

ഇടുക്കിജില്ലയിലെ മറയൂർ, കോവിലൂർ പോലുള്ള ആദിവാസിഗ്രാമങ്ങളിൽ പ്രവർത്തനം ഏറെ മുന്നോട്ടുപോയിട്ടു

**ഗ്രാമവികാസപ്രവർത്തനത്തിലൂടെ ജാതീയത മാറ്റിക്കൊണ്ടുവരാൻ സാധിക്കുന്നുണ്ട്. ദീനദയാൽജിയുടെ കാലത്തുതന്നെ ജാതീയതക്കെതിരെയുള്ള പ്രവർത്തനങ്ങളുണ്ട്. ഡൽഹിയിലെ ചേരിപ്രദേശങ്ങളിലൊക്കെ നമ്മുടെ അഖിലഭാരതീയ സേവാപ്രമുഖിന്റെ നേതൃത്വത്തിൽ വളരെയധികം പ്രവർത്തനം നടത്തിയിരുന്നു.**

ണ്ട്. ഉത്തരേന്ത്യയിൽ മോഹിത്ത്വാഡ ഗ്രാമം ഉദാഹരണമായി പറയാം. ആർഎസ്എസ്എസിനെക്കുറിച്ച് ചോദിച്ചാൽ അവർക്ക് അറിഞ്ഞുകൊള്ളണമെന്നില്ല. പക്ഷെ, അവർ ഈ സാമൂഹ്യപ്രവർത്തനത്തിൽ സക്രിയരാണ്. ആർഎസ്എസ്പ്രചാരകരെ അവർ അവർക്ക് ആശ്വാസം നൽകുന്ന ആളായാണ് കരുതുന്നത്. നമ്മുടെ ഇവിടെ കാണുന്ന ശാഖാസമ്പ്രദായമല്ല അവിടെ.

*** ഇടുക്കിയിലെയും മറ്റും ഗ്രാമങ്ങളിൽ എങ്ങനെയാണ് ഗ്രാമവികാസ് പ്രവർത്തനങ്ങൾ എത്തിയത്?**

ഇടുക്കിജില്ലയിൽ സംഘത്തിന്റെ പ്രവർത്തനങ്ങളുണ്ട്. മറയൂർ, കോവിലൂർ ഭാഗങ്ങളിൽ മതപരിവർത്തനം വളരെ ശക്തമായി നടക്കുന്നതായി അറിയാൻ കഴിഞ്ഞു. ഇതിൽ ആശങ്ക തോന്നിയ അവിടുത്തെ ആളുകൾ സംഘപ്രവർത്തകരെ അന്വേഷിച്ചു വരികയായിരുന്നു. അവരുടെ പരമ്പരാഗത ജീവിതശൈലിയിൽ നിന്നുതന്നെ ഒരു സാമൂഹ്യകൂട്ടായ്മ ഉണ്ടാക്കിയെടുക്കുകയാണ് ആദ്യം ചെയ്തത്. കുടിവെള്ളപ്രശ്നം ആദ്യം പരിഹരിച്ചു. പിന്നീട് വിദ്യാലയം തുടങ്ങി. കുറച്ചുകൂടി പ്രവർത്തകരെ വിട്ടുകൊടുത്ത് ഡിസ്പെൻസറി ആരംഭിച്ചു. സ്വാസ്ഥ്യമിത്ര പോലുള്ള പ്രവർത്തനങ്ങളും മികച്ച രീതിയിൽ നടന്നുവരുന്നുണ്ട്.

*** കേരളീയജനജീവിതത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനം, ഭീകരവാദം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഇടയിൽ ഗ്രാമവികാസ് വരുത്തിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ? ചില അനുഭവങ്ങൾ പങ്കുവെക്കാമോ?**

ഇന്ന് മദ്യപാനം ഒരു പരിഷ്ക്കാരത്തിന്റെ ഭാഗമായാണ് കണക്കാക്കിവരുന്നത്. ഇതിന് മാറ്റം വരുത്തുന്നതിന് ഓരോ ഗ്രാമത്തിലും സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുവാനുള്ള ശ്രമമുണ്ട്. 'മാതൃശക്തി' ശക്തമാക്കി മദ്യത്തിനെതിരെ വ്യാപകമായ ബോധവത്കരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി വിശദമായ ഒരു സർവേ നടത്തിയിരുന്നു. സ്വയം വിചാരിച്ചാലും നിർത്താൻ പറ്റാത്ത അവസ്ഥയിലാണ് പലരുമെന്ന് ഈ സർവ്വേയിൽ അനുഭവപ്പെടുകയുണ്ടായി. മദ്യവിമുക്ത-ലഹരിവിമുക്തഗ്രാമം എന്ന ആശയത്തിന് ഇന്ന് കേരളത്തിൽ ഏറെ പ്രസക്തിയുണ്ട്. ചങ്ങനാശ്ശേരിക്കടുത്ത കടമാൻചിറ എന്ന ഗ്രാമത്തിൽ ലഹരിവിമുക്ത ഗ്രാമനിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചു. കണ്ണൂരിലെ പുന്നാട് ഗ്രാമത്തിലും തുടങ്ങിക്കഴിഞ്ഞു. ഗ്രാമത്തിന്റെയും അതുവഴി രാഷ്ട്രത്തിന്റെയും സുരക്ഷയും ഗ്രാമവികാസംവഴി സുഭദ്രമാക്കുവാൻ സാധിക്കുമെന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്.

*** കേരളത്തിലെപോലെ നിശ്ചിതമായ രാഷ്ട്രീയവിശ്വാസങ്ങൾ തീവ്രമായി നിലനിൽക്കുന്ന ഒരു സ്ഥലത്ത് ഗ്രാമവികാസ പ്രവർത്തനങ്ങളോടുള്ള പൊതുവേയുള്ള മനോഭാവം. പ്രത്യേകിച്ച് എതിർപ്പുകളുണ്ടോ?**

എല്ലായിടത്തും എതിർപ്പുകളില്ല. മാത്രമല്ല, നല്ല രീതിയിലുള്ള സഹകരണം ലഭിക്കുന്നുമുണ്ട്. ഉദാഹരണത്തിന് പത്തായക്കുന്നിൽ ഗ്രാമസേവാസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചപ്പോൾ അവിടെയുള്ള വ്യക്തികളെല്ലാം അതുമായി ബന്ധപ്പെടുകയും പ്രവർത്തനങ്ങളുടെ ഭാഗഭാക്കാവുകയും ചെയ്തിരുന്നു. അതിൽ അദ്ധ്യാപകരുണ്ട്, ധാർമ്മികരംഗത്ത് അറിയപ്പെടുന്നവരുണ്ട്. അതുകൊണ്ടുതന്നെ എതിർക്കുവാൻ ആരും തന്നെയില്ല. എതിർക്കുന്നവൻ ഒറ്റപ്പെടുമെന്ന അവസ്ഥയാണ്. കടുത്ത രാഷ്ട്രീയമനോഭാവമുള്ള ആൾക്കുപോലും ഇതിനോട് സഹകരിക്കാതിരിക്കാനാവില്ല.. സാമൂഹികപ്രവർത്തനത്തിൽ ആർക്കാണ് മാറി നിൽക്കാനാവുക?

●

# ചിത്രമെഴുത്ത്: നമ്പൂതിരി



എ.കെ.ഗോപീദാസ്

ഒരു കഥയിലോ നോവലിലോ കഥാകാരൻ ആവിഷ്ക്കരിക്കുന്ന മുഖങ്ങൾക്കും ദേശങ്ങൾക്കും നവജീവൻ നൽകുകയാണ് കേരളത്തിന്റെ സ്വന്തം രേഖാചിത്രകാരനായ നമ്പൂതിരിമാഷ്.



വര: എ.കെ.ഗോപിദാസ്



ഫോട്ടോ: പവിത്രൻ അങ്ങാടിപ്പുറം

**1980–85** കാലം. ഞാനന്ന് തൃപ്പൂണിത്തുറയിലെ ആർ.എൽ.വി. കോളേജിൽ ചിത്രകല പഠിച്ചുകൊണ്ടിരിക്കുന്നു. ഒരു ദിവസം രാവിലെ ഓടിക്കിതച്ചാണു കോളേജിലെത്തിയത്. കാരണം യാത്രക്ക് വണ്ടിയെത്തിയപ്പോൾ വൈകിപ്പോയിരുന്നു. വിയർത്തുകുളിച്ചു പ്രധാനവാതിലിനു മുന്നിലെത്തിയപ്പോൾ വാതിലിനു വലതുവശത്തായി വെളുത്ത ആർട്ട് പേപ്പറിൽ ഒരു ചെറിയ നോട്ടീസ് പതിച്ചിട്ടുണ്ട്. ശ്രദ്ധയോടെ വായിച്ചു. മുകളിൽ ചിരിച്ചിരിക്കുന്ന ഒരു മുഖം.

തലമുടി സമൃദ്ധമായി വളർന്നുകിടക്കുന്നു. ഫോട്ടോയ്ക്കു താഴെ "നമ്പൂതിരിയുടെ ചിത്രപ്രദർശനം" കേരളകലാപീഠം, കാരിക്കാമുറി, എറണാകുളം. സത്യം പറഞ്ഞാൽ അതിശയിച്ചുപോയി. കാരണം നമ്പൂതിരിമാഷിന്റെ ചിത്രങ്ങൾ മാതൃഭൂമിയിൽ അച്ചടിച്ചു വരുന്നത് കാണുവാനും ശൈലിയെക്കുറിച്ച് പഠിക്കുവാനും സൂക്ഷിച്ചുവയ്ക്കുവാനും ശീലിച്ചിരുന്ന കാലമായിരുന്നു അത്. ആ ചിത്രങ്ങൾ നേരിൽ കാണുവാൻ ഒരവസരം കലാപീഠം ഒരുക്കുന്നതിൽ ഒരുപാടു സന്തോഷം തോന്നി. ഒരു സ്വപ്നം കാണുന്ന സന്തോഷത്തോടെ ക്ലാസിലേക്ക് കയറി. അവിടെ എന്റെ അധ്യാപകൻ പൂജപ്പുര സുകുമാരൻമാഷ് നമ്പൂതിരിമാഷിന്റെ ചിത്രപ്രദർശനത്തെക്കുറിച്ച് വിശദമായി പറയുകയുണ്ടായി. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ താളുകളിൽനിന്നും കലാകൗമുദി ആഴ്ചപ്പതിപ്പിന്റെ താളുകളിലേക്കു നമ്പൂതിരിചിത്രങ്ങൾ മാറിയ കാലമായിരുന്നു അത്. പിറ്റേന്ന് ഉച്ചകഴിഞ്ഞ് കോളജിൽനിന്നും കാരിക്കാമുറിയിലെ കലാപീഠത്തിലേക്ക് യാത്രയായി. കലാപീഠത്തിന്റെ ചെറിയ ഗേറ്റിനു മുൻപിൽ ഒരു ബ്രൗൺ പേപ്പറിൽ നമ്പൂതിരിചിത്രങ്ങളായ രണ്ടു തലകൾ. അതിനു താഴെ ചിത്രപ്രദർശനത്തെക്കുറിച്ചുള്ള വിവരണങ്ങൾ. ബ്രഷ് ഉപയോഗിച്ചുകൊണ്ടുള്ള യഥാർത്ഥ ഡ്രോയിംഗിന് മുന്നിൽ ആശ്ചര്യത്തോടെ നിന്നുപോയി. പിന്നീട് ഗ്യാലറിയിലേക്ക് ചെന്നു. ഗ്യാലറിയുടെ ചുവരുകളിൽ വീതിയേറിയ വെള്ളക്കടലാസുകളിൽ ശക്തമായ രേഖകളിൽ നമ്പൂതിരിചിത്രങ്ങൾ നിറഞ്ഞുനിൽക്കുകയാണ്. ആശ്ചര്യത്തോടെ, അതിലേറെ കൗതുകത്തോടെ ചിത്രങ്ങളെല്ലാം സൂക്ഷ്മമായി കണ്ടു. വരയ്ക്കുമ്പോൾ പേനത്തുമ്പിൽ നിന്നു തെറിക്കുന്ന കുഞ്ഞുകുഞ്ഞു മഷിത്തുള്ളികൾ എന്റെ കാഴ്ചയുടെ കൗതുകം കൂടുതൽ വർദ്ധിപ്പിക്കുകയാണ്. ഇനി നമ്പൂതിരിമാഷിനെ ഒന്നു കാണണം. അതിനായി സംഘാടകരോട് അന്വേഷിച്ചപ്പോൾ ഒരുമണി






*നമ്പൂതിരിയുടെ ആദ്യകാല വരകളിലൊന്ന്*

വരെ മാഷ് ഇവിടുണ്ടായിരുന്നെന്നും നാളെ വരുമെന്നും അറിഞ്ഞു. പിറ്റേന്ന് വീണ്ടും കാരിക്കാമുറിയിലെത്തി. മാഷിനെ അന്വേഷിച്ചപ്പോൾ ഗ്യാലറിക്കു പിറകിൽ ഒരു ശില്പം ശരിയാക്കുകയാണ്. ഞാൻ ഉടൻതന്നെ അവിടേക്കു ചെന്നു. ഏകദേശം അഞ്ചരഅടിയോളം പൊക്കമുള്ള വലിയ ഒരു തടിയിൽ, ഉളിയും ചുറ്റികയും കൊണ്ട് തന്റെ മനസ്സിലെ രൂപങ്ങളെ തെരയുകയായിരുന്നു പൊന്നാനിയിലെ കരവട്ടുമനയിലെ വാസുദേവൻ നമ്പൂതിരിയെന്ന ആർട്ടിസ്റ്റ് നമ്പൂതിരി. കൊത്തിയെടുക്കുന്ന രൂപങ്ങളെക്കുറിച്ചന്വേഷിച്ചപ്പോൾ കൈയിലിരിക്കുന്ന ഉളിയും ചുറ്റികയും താഴെ വച്ച് ഒരു ഈർക്കിൽ കഷണമെടുത്ത് എനിക്കു വേണ്ടി പൂഴിമണ്ണിൽ വരച്ചുകാണിച്ചു മാഷ്. ഇതു പറയുവാനുള്ള കാരണം അത്രയ്ക്കു ശുദ്ധഹൃദയനാണ് നമ്പൂതിരിമാഷ്.

പൊന്നാനിയിലെ ബിലാത്തികുളത്തെ കരുവട്ടുമനയിലാണ് വാസുദേവൻനമ്പൂതിരി ജനിച്ചത്. അച്ഛൻ പണ്ഡിതനായ പരമേശ്വരൻ നമ്പൂതിരി. അമ്മ ശ്രീദേവി അന്തർജ്ജനം. ബാല്യകാലത്തുതന്നെ വാസുദേവന് ചിത്രകലയിൽ വാസനയുണ്ടായിരുന്നു. മനയിലെ ചുവരുകളിൽ കരിക്കട്ടകൊണ്ട് അപൂർണമായ ചിത്രങ്ങൾ കോറിയിടുവാൻ ആ കുഞ്ഞുവിരലുകൾ തുടിച്ചു. അച്ഛന്റെ ഗ്രന്ഥശേഖരങ്ങളിൽ നിന്നും പ്രശസ്തരായ പാശ്ചാത്യചിത്രകാരന്മാരെക്കുറിച്ചുള്ള അറിവുകൾ നന്നേ ചെറുപ്പത്തിൽതന്നെ മനസ്സിലാക്കാൻ സാധിച്ചിരുന്നു. അതോടെ ചിത്രകലയോടുള്ള അദമ്യമായ മോഹം നമ്പൂതിരിയിൽ നിറഞ്ഞുകവിഞ്ഞു. തുടർന്ന് ആ കുഞ്ഞുവിരലുകളിൽ നിന്നും ചെറിയ ചെറിയ രൂപങ്ങൾ കരിക്കട്ടയിലൂടെ പ്രവഹിക്കുവാൻ തുടങ്ങി. ഇതിൽ നിന്നും വരകളുടെ വൈവിദ്ധ്യമാർന്ന ഒരു ലോകം തന്നെ കാത്തിരിക്കുന്നതായി വാസുദേവൻ തിരിച്ചറിഞ്ഞിട്ടുണ്ടായിരിക്കണം. ശുകപുരം ക്ഷേത്രത്തിലെ ദാരുശില്പങ്ങളും പുരാതനമായ ക്ഷേത്രഎടുപ്പുകളും നമ്പൂതിരിയുടെ ഉള്ളിൽ തെളിയുന്ന ചിത്രകലാരൂപങ്ങളിൽ ശൈലികളായി നിലകൊണ്ടു. പിന്നീടുണ്ടായ നമ്പൂതിരി ചിത്രങ്ങളിൽ ഇതിന്റെ സ്വാധീനം കൂടുതൽ നിഴലിക്കുന്നുണ്ട്.

നന്നേ ചെറുപ്പത്തിൽ തന്നെ സംസ്കൃതവും ആയുർവേദവൈദ്യവും പഠിച്ചിരുന്ന വാസുദേവന് ചിത്രകലാപഠനത്തിലേക്കുള്ള വാതിൽ തുറന്നുകൊടുത്തത് ഒറ്റപ്പാലത്തെ വരിക്കാശ്ശേരി മനയിലെ ചിത്രകാരനായ കൃഷ്ണൻ നമ്പൂതിരിയാണ്. അങ്ങനെ മദ്രാസ് സ്കൂൾ ഓഫ് ആർട്സിലെ പ്രവേശനപരീക്ഷയ്ക്കെത്തിയ വാസുദേവൻ നമ്പൂതിരി പരീക്ഷയിൽ ഉയർന്ന മാർക്കോടെ പാസ്സായി. മദ്രാസ് സകൂൾ ഓഫ് ആർട്സ് ഡബിൾ പ്രമോഷൻ നൽകിയാണ് ചിത്രകലാപഠനത്തിന് നമ്പൂതിരിക്കു സ്വാഗതമേകിയത്.

മദ്രാസിലെ ജീവിതം നമ്പൂതിരിയെ പുതിയൊരാളാക്കിയിരുന്നു. അവിടെ നമ്പൂതിരിക്ക് കൈവന്ന വലിയ ഭാഗ്യം പ്രശസ്ത ചിത്രകാരന്മാരായ

**നന്നേ ചെറുപ്പത്തിൽ തന്നെ സംസ്കൃതവും ആയുർവേദവൈദ്യവും പഠിച്ചിരുന്ന വാസുദേവന് ചിത്രകലാപഠനത്തിലേക്കുള്ള വാതിൽ തുറന്നുകൊടുത്തത് ഒറ്റപ്പാലത്തെ വരിക്കാശ്ശേരി മനയിലെ ചിത്രകാരനായ കൃഷ്ണൻ നമ്പൂതിരിയാണ്. അങ്ങനെ മദ്രാസ് സ്കൂൾ ഓഫ് ആർട്സിലെ പ്രവേശനപരീക്ഷയ്ക്കെത്തിയ വാസുദേവൻ നമ്പൂതിരി പരീക്ഷയിൽ ഉയർന്ന മാർക്കോടെ പാസ്സായി. മദ്രാസ് സകൂൾ ഓഫ് ആർട്സ് ഡബിൾ പ്രമോഷൻ നൽകിയാണ് ചിത്രകലാപഠനത്തിന് നമ്പൂതിരിക്കു സ്വാഗതമേകിയത്.**

**കേവലം വെറും ഡ്രോയിംഗുകൾ മാത്രമായിരുന്നില്ല നമ്പൂതിരിമാഷ് ചെയ്തിരുന്നത്. ചിത്രങ്ങൾക്ക് ശില്പഭംഗിവരുത്തുമായിരുന്നു. അതായത് വരയിലൂടെ ത്രിമാനസ്വഭാവം കൈവരുത്തുക. രേഖാചിത്രങ്ങൾക്കു ത്രിമാനത വരുത്തണമെങ്കിൽ അത്രമാത്രം സൂക്ഷ്മനിരീക്ഷണം വേണ്ടിവരും.**



ഫോട്ടോ: പവിത്രൻ അങ്ങാടിപ്പുറം

കെ.സി.എസ്. പണിക്കരെ ഗുരുവായി കിട്ടിയതാണ്. ചിത്രങ്ങളിലൂടെയും വായിച്ചും മാത്രമറിഞ്ഞിരുന്ന പണിക്കരെ നേരിൽ കാണുന്നതും അടുത്തറിയുന്നതും മദ്രാസിൽ വച്ചായിരുന്നു. മദ്രാസ് സ്കൂൾ ഓഫ് ആർട്സിലെ അധ്യാപകനായിരുന്നു കെ.സി.എസ്. പണിക്കർ. അദ്ദേഹത്തിന്റെ ചിത്രരചനാശൈലി അവിടെ പഠിച്ച ചിത്രകാരന്മാരിൽ എല്ലാവരിലും കാണാം. നമ്പൂതിരിയിലും ആ ശൈലിയുടെ അംശമുണ്ടായിരുന്നെങ്കിലും ഇപ്പോഴത്തെ ശക്തമായ, സ്വന്തമായ ശൈലിയിലേക്ക് നമ്പൂതിരി വേഗം തന്നെ മാറുകയായിരുന്നു. പഠനകാലത്ത് നമ്പൂതിരിയിലെ വ്യത്യസ്തമായ രേഖാചിത്രശൈലിയെ കണ്ടെത്തിയതും പ്രോത്സാഹിപ്പിച്ചതും ഗുരുവായ കെ.സി.എസ് തന്നെയായിരുന്നു. ഇതുകൊണ്ടുതന്നെയാണ് "എന്റെ എല്ലാ കാര്യത്തിലും കെ.സി.എസിനു വളരെ താല്പര്യമായിരുന്നു. ജീവിതത്തിൽ പല പ്രശ്നങ്ങളെയും അഭിമുഖീകരിച്ചപ്പോൾ കെ.സി.എസാണ് അതു പരിഹരിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുൻകൈ ഉണ്ടായിരുന്നില്ലെങ്കിൽ ഞാൻ ഇങ്ങനെയൊന്നുമായിത്തീരുമായിരുന്നില്ല. ചിത്രകലയുടെ മേൽ നമുക്ക് ഇത്രയും ആഭിമുഖ്യമുണ്ടാക്കിയതും കെ.സി.എസിന്റെ സ്വാധീനം തന്നെ. ഗുരുനാഥൻ എന്ന തരത്തിൽ കെ.സി.എസ്. തന്നെയുള്ളൂ; വേറൊരാളെ പറയാനില്ല" എന്നു നമ്പൂതിരി തന്നെ പറഞ്ഞിട്ടുള്ളത്. മദ്രാസിൽ പഠനം നടന്നുകൊണ്ടിരിക്കെ 'ജയകേരളം' (മദ്രാസിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന) മാസികയിൽ കെ.സി.എസിന്റെ ധാരാളം ചിത്രങ്ങൾ അച്ചടിച്ചുവരുമായിരുന്നു. അതോടെ കെസിഎസിന്റെ ചിത്രങ്ങൾ വളരെ സൂക്ഷ്മതയോടെ ശ്രദ്ധിച്ചുകൊണ്ടിരുന്ന വാസുദേവനിൽ ചിത്രരചനയിലെ ചില പുതിയ ചിന്തകൾ ഉണർന്നു. കെസിഎസിന്റെ രേഖാചിത്രശൈലിയോടുള്ള അദമ്യമായ മോഹമായിരുന്നു നമ്പതിരിയിലെ രേഖാചിത്രകാരനെ ഉണർത്തിയതെന്നു പറയാം.



*രണ്ടാമൂഴത്തിലെ ഭീമൻ*

തന്റെ ചിത്രസങ്കല്പങ്ങളിൽ പൗരാണികമായ ക്ഷേത്രശില്പങ്ങളുടെ സൗകുമാര്യവും ഗാംഭീര്യവും ഒരാവരണം പോലെ മൂടി അതിനുള്ളിൽനിന്നും ശക്തമായ രേഖകളിലൂടെ ഒരു പുതിയ ശൈലി രൂപപ്പെടുത്തിയെടുക്കുകയായിരുന്നു വാസുദേവൻനമ്പൂതിരി.

മദ്രാസിലെ പഠനം പൂർത്തിയാക്കി നാട്ടിലെത്തി ചിത്രരചന തുടർന്നുകൊണ്ടിരിക്കെ 1960 ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഇലസ്ടേറ്റ് ചെയ്യാനായി അന്നത്തെ മാതൃഭൂമിയുടെ എഡിറ്റർ എൻ.വി.കൃഷ്ണവാരിയർ നമ്പൂതിരിയെ ക്ഷണിച്ചു. ഇരുപതുവർഷക്കാലമാണ് മാതൃഭൂമിയുടെ താളുകൾ നമ്പൂതിരി ചിത്രങ്ങൾ കൊണ്ടു സമ്പന്നമായത്. എത്രയെത്ര കഥകൾക്കാണ് നമ്പൂതിരി ചിത്രീകരണം നിർവ്വഹിച്ചത്. യു.എ. ഖാദറിന്റെ തൃക്കോട്ടൂർ കഥകൾക്കു വരച്ച ചിത്രങ്ങൾ ആ കഥകൾക്കൊപ്പം ഉയർന്നുനിൽക്കുന്നവയാണ്. വി.കെ.എൻ. കഥകൾക്ക് നമ്പൂതിരി വരച്ച ചിത്രങ്ങൾ നർമ്മത്തിൽ പൊതിഞ്ഞവതന്നെ. അന്നൊക്കെ നമ്പൂതിരി വരച്ചിരുന്നത്, രേഖകൾ ലളിതവൽക്കരിച്ചുകൊണ്ടല്ല, മറിച്ച് കഥാപാത്രങ്ങളുടെ രൂപത്തിനും ഭാവ



*നമ്പൂതിരിയുടെ വര*

ത്തിനും കൂടുതൽ സൂക്ഷ്മത വരുത്തിക്കൊണ്ടായിരുന്നു. അതുകൊണ്ടാവണം കേരളത്തിലെ വായനക്കാരുടെ മനസ്സുകളിൽ കഥയോടൊപ്പം നമ്പൂതിരിചിത്രങ്ങളും പ്രവേശിക്കുന്നത്.

കേവലം വെറും ഡ്രോയിംഗുകൾ മാത്രമായിരുന്നില്ല നമ്പൂതിരിമാഷ് ചെയ്തിരുന്നത്. ചിത്രങ്ങൾക്ക് ശില്പഭംഗിവരുത്തുകയുമായിരുന്നു. അതായത് വരയിലൂടെ ത്രിമാനസ്വഭാവം കൈവരുത്തുക. രേഖാചിത്രങ്ങൾക്കു ത്രിമാനത വരുത്തണമെങ്കിൽ അത്രമാത്രം സൂക്ഷ്മനിരീക്ഷണം വേണ്ടിവരും. നമ്പൂതിരിയുടെ നിരീക്ഷണപാടവത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയും അതുതന്നെയാണ്. വരയ്ക്കുവാൻ ഉദ്ദേശിക്കുന്ന രൂപങ്ങൾ ശില്പങ്ങളായി അദ്ദേഹത്തിന്റെ മനസ്സിൽ രൂപംകൊണ്ടിരിക്കണം. പത്രമാസികകളിൽ വരച്ചതുകൊണ്ടായിരിക്കാം നമ്പൂതിരിച്ചിത്രങ്ങളുടെ പിൻവശം മനോഹരമായി വാനിഷ് ചെയ്യപ്പെടുന്നത്. അതുകൊണ്ട് പേജുകളിൽ ചിത്രങ്ങൾ അടുക്കും ചിട്ടയോടുംകൂടി നിൽക്കുന്നു. ഈ സവിശേഷത മറ്റേതൊരു ചിത്രകാരന്റെ രചനയേക്കാൾ നമ്പൂതിരിചിത്രങ്ങൾക്കാണു കൂടുതൽ കാണുന്നത്.

1980 ൽ പത്രാധിപർ എസ്. ജയചന്ദ്രൻ നായർ കലാകൗമുദിയിലേക്കു നമ്പൂതിരിയെ ക്ഷണിച്ചു. അന്നുമുതൽ നമ്പൂതിരിചിത്രങ്ങൾ കലാകൗമുദിയുടെ താളുകളിൽ പരന്നൊഴുകി. എം. ടി. വാസുദേവൻ നായരുടെ 'രണ്ടാമൂഴം' നോവലിനുവേണ്ടി വരച്ച ചിത്രങ്ങൾ നമ്പൂതിരിയുടെ ശക്തമായ മറ്റൊരു തിരിച്ചുവരവായിരുന്നു. അതിനുശേഷം അയ്പ് പാറമേലിന്റെ ചേരപ്പായിക്കഥകൾ, മലയാറ്റൂർ രാമകൃഷ്ണന്റെ ബ്രിഗേഡിയർ കഥകൾ, എം.എം. മേനോന്റെ 'ജീവപര്യന്തം' നോവൽ തുടങ്ങിയവക്കു നമ്പൂതിരി സൃഷ്ടിച്ച കഥാപാത്രങ്ങളെപ്പറ്റി എത്ര പ്രശംസിച്ചാലും മതിയാവില്ല. ബ്രിഗേഡിയറുടെ നീളംകൂടിയ നാസിക മാഷുടെ ചിത്രീകരണകുസൃതിയുടെ മറ്റൊരു മുഖമായിരുന്നു. കഥകളിയുടെ ചലനങ്ങളും സംഗീതത്തിന്റെ മാസ്മരികഭാവവും ചിത്രങ്ങളിൽ ഒരു മാന്ത്രികന്റെ കരവിരുതോടെ നമ്പൂതിരി സന്നിവേശിപ്പിക്കുന്നു.

ബഷീറിന്റെ ആദ്യകാലജീവിതവും ബഷീറിയൻ കഥാപാത്രങ്ങളേയും കേരളത്തിലെ ചിത്രകലാസ്വാദകർക്കു മുന്നിൽ നമ്പൂതിരി ശക്തമായ വരകളിലൂടെ കോറിയിട്ടു. കാലങ്ങൾ എത്ര കടന്നുപോയാലും അവയൊക്കെ നമ്മുടെ മനസ്സിൽ എന്നെന്നും നിലനിൽക്കും. നമ്പൂതിരിചിത്രങ്ങൾ കഥയുടെ ഭാഗമാവുകയാണോ അതോ കഥകൾ ചിത്രങ്ങളുടെ ഭാഗമാവുകയാണോ എന്നു തിരിച്ചറിയാത്തവിധം അവ പരസ്പരം ലയിച്ചുകിടക്കുകയാണ്.

നമ്പൂതിരിചിത്രങ്ങളുടെ താങ്ങും തണലുമായി ഒപ്പം നിൽക്കുന്ന സഹധർമ്മിണി മൃണാളിനി അന്തർജനത്തിനു പറയാൻ ഒരുപാടു കാര്യങ്ങളുണ്ട്: "ഏറെ സമയവും അദ്ദേഹത്തിനു യാത്രകളും തിരക്കുമായിരിക്കും. അദ്ദേഹത്തിന്റെ ജോലിസംബന്ധമായ തിരക്കുകളെക്കുറിച്ചും ഒഴിവാക്കാനാവാത്ത യാത്രകളുടെ പ്രാധാന്യത്തെക്കുറിച്ചും ഞാൻ തികച്ചും ബോധവതിയായിരുന്നു." ഒരുപക്ഷെ ഈ ബോധമായിരിക്കണം നമ്പൂതിരിയിലെ ശക്തനായ ചിത്രകാരൻ അജയ്യനായി ഇപ്പോഴും കലാപ്രവർത്തനം നടത്തുവാൻ കാരണമാകുന്നത്.

കേരള ലളിതകലാ അക്കാദമിയുടെ ഫെലോഷിപ്പും ജി. അരവിന്ദൻ സംവിധാനം നിർവ്വഹിച്ച 'ഉത്തരായണം' എന്ന സിനിമയുടെ കലാസംവിധാനത്തിനു സംസ്ഥാന സർക്കാരിന്റെ അവാർഡും ലഭിച്ചിട്ടുണ്ട്. രണ്ടു തവണ കേരള ലളിതകലാഅക്കാദമി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

ചിത്രകലയിൽ ഗുരുവിന്റെ അനുഗ്രഹം വേണ്ടുവോളം ലഭിച്ച നമ്പൂതിരിയുടെ കൈവിരലുകൾക്കു പുതിയ പുതിയ രേഖാചിത്രങ്ങൾ നൽകുവാൻ ശക്തിയുണ്ടാവട്ടെയെന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

●

# ശാസ്താരം പ്രണമാമ്യഹം

നിലീൻ കില്ലൂർ

വ്രതാനുഷ്ഠാനത്തിന്റെയും തീർഥാടനത്തിന്റെയും മറ്റൊരു മണ്ഡലകാലം കൂടി മലയാളക്കരയിലേക്ക് വരവായി. ആധ്യാത്മികത ഉത്തുംഗശൃംഗത്തിൽനിന്ന് സമതലങ്ങളിലെത്തിയ കാലഘട്ടമായിരുന്ന ഇരുപതാംനൂറ്റാണ്ട്. സാമൂഹികസ്ഥിതിയും സാഹചര്യങ്ങളുമൊക്കെ ഇതിനു കാരണമായി. പുതിയ കാലം ആധ്യാത്മികതയുടെ പ്രതാപങ്ങളോടെയുള്ള തിരിച്ചുവരവിനാണ് സാക്ഷ്യംവഹിക്കുന്നത്. ഒരുകാലത്തും ഭക്തരുടെ എണ്ണത്തിൽ കുറവുണ്ടാകാതിരുന്ന അസംഖ്യം മഹാക്ഷേത്രങ്ങളും കേരളക്കരയിലുണ്ട്. അവയിലൊന്നാണ് ശബരീശസന്നിധി. പ്രതിബന്ധങ്ങൾ തരണം ചെയ്ത് ഓരോ വർഷവും ശരണമന്ത്രജപവുമായി പടികടന്നെത്തുന്ന ഭക്തരുടെ എണ്ണം വർധിക്കുകയാണിവിടെ. ശരണപദം വ്യവച്ഛേദിച്ചാൽ 'ശ' ശത്രുശക്തികളെ ഇല്ലാതാക്കുന്നുവെന്നും 'ര' ജ്ഞാനാഗ്നിയെ ഉണർത്തുന്നുവെന്നും 'ണ' ശാന്തി നൽകുന്നുവെന്നും മനസ്സിലാക്കാം.

ജനലക്ഷങ്ങളുടെ സംസാരദുഃഖങ്ങള

**ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളുമായി പ്ലാപ്പള്ളിക്കടുത്തുള്ള തലപ്പാറ കോട്ടയ്ക്കും വില്ലാളിവീരനും അഭേദ്യബന്ധമുണ്ട്. മലയാത്രയ്ക്കിടയിൽ മണികണ്ഠന് ഉറങ്ങാനും പൂജ ചെയ്യാനുമായി ഒരുക്കിയതാണ് മലപ്പാറ കോട്ട. ഇവിടെ പൂജ നടത്തിയശേഷമാണ് തിരുവാഭരണങ്ങൾ ശബരിമലയിൽ കൊണ്ടുപോകുന്നത്.**



കറ്റി 18 മലകളുടെ നാഥനായി വാഴുന്ന ഹരിഹരസുതന്റെ പൂങ്കാവനത്തിലേക്കുള്ള യാത്രകൾ ഓരോ ഭക്തനും പ്രകൃതിബന്ധത്തിന്റെയും നിസ്സഹായമായ മനുഷ്യജന്മത്തിന്റെയും പുത്തൻ അറിവുകൾ പകർന്നു നൽകുന്നു. മതവൈരം നിറഞ്ഞ ആധുനികലോകത്തിന് മതസാഹോദര്യത്തിന്റെ മഹദ്ദർശനമേകിയാണ് ഓരാ മണ്ഡലകാലവും കടന്നുപോകുന്നത്. സ്വർണപ്പാത്രത്താൽ മൂടിയിരിക്കുന്ന(ഈശാവാസ്യോപനിഷത്ത് )ശാശ്വതസത്യത്തെ ദർശിക്കലാണ് ശബരീശദർശനത്തിന്റെ ആധ്യാത്മികലക്ഷ്യം. ഗുരുകുലത്തിലെ ബ്രഹ്മചാരി പിന്നിടുന്ന 18 പടവുകൾ(4 വേദം, 6 ശാസ്ത്രം, 6 വേദാംഗം, 2 ഇതിഹാസം)പോലെയാണ് 18 പടികൾ താണ്ടി ഈശ്വരസാക്ഷാത്കാരത്തിനായി ഭക്തലക്ഷങ്ങളുടെ യാത്ര. മലയാളികൾ ശബരിമലദർശനം കഴിഞ്ഞു മടങ്ങുമെങ്കിൽ അന്യസംസ്ഥാന ഭക്തർ മാർഗമധ്യേയുള്ള മറ്റ് ക്ഷേത്രങ്ങളും സന്ദർശിച്ച് ആഴ്ചകൾ പിന്നിട്ടാണ് തിരിച്ചുപോകുന്നത്. ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതിൽ ഇതു വളരെ സഹായകമാകുന്നുണ്ടെന്നു കരുതണം.

കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ, ശബരിമല എന്നിങ്ങനെ നാലു കാനനക്ഷേത്രങ്ങളും പിന്നിടുതോടെയാണ് ദർശനത്തിനു പൂർണത കൈവരുക. കുളത്തൂപ്പുഴയിൽ കൗമാരഭാവത്തിലും ആര്യങ്കാവിൽ യൗവനാവസ്ഥയിലും അച്ചൻകോവിലിൽ ഗൃഹസ്ഥാശ്രമത്തിലുമാണ് പ്രതിഷ്ഠ. പരശുരാമനാണ് അച്ചൻകോവിലിൽ പ്രതിഷ്ഠ നടത്തിയതെന്നാണ് വിശ്വാസം. പൂർണ, പുഷ്കല എന്നീ പത്നിമാരുമൊത്ത് വസിക്കു ഗൃഹസ്ഥാശ്രമിയാണ് ഇവിടെ ശാസ്താവ്. വിഗ്രഹത്തിന്റെ വലതുകൈയിൽ സൂക്ഷിക്കുന്ന ചന്ദനവും തീർഥവും പാമ്പുവിഷത്തിന് ഔഷധമായി നൽകുന്ന പതിവുണ്ട്. ധനു ഒന്നുമുതൽ പത്തുദിവസമാണ് ഇവിടെ ഉത്സവം. തമിഴ് ആചാരങ്ങൾക്കാണ് പ്രാമുഖ്യം. കല്പാത്തി, ശുചീന്ദ്രം എന്നിവിടങ്ങളിലെപ്പോലെ അച്ചൻകോവിലിലും രഥോത്സവമുണ്ട്. ഉത്സത്തിന്റെ ഒമ്പതാംദിവസം നടക്കുന്ന രഥോത്സവത്തിൽ മണികണ്ഠമുത്തയ്യസ്വാമികളുടെ രഥം വലിച്ച് ക്ഷേത്രത്തിന് ഒരു വലംവയ്ക്കുന്നു. രഥത്തിന്റെ മുന്നിലും പിന്നിലും ചൂരൽ കെട്ടും. മുന്നിലേത് ബ്രാഹ്മണരും പിന്നിലേത് മറ്റുള്ളവരും വലിക്കും. ഭഗവാൻ ഊർവലം പോകുന്ന രഥം ക്ഷേത്രത്തിന്റെ വടക്കു



ഭാഗത്ത് എത്തുമ്പോൾ ഇരുവശത്തേക്കും പിടിവലി നടക്കും. ഭഗവാനെ തങ്ങളുടെ ദേശത്തേക്ക് കൊണ്ടുപോകാൻ തമിഴരും മലയാളികളും മത്സരിക്കുന്നുവെന്നാണ് വിശ്വാസം. തമിഴ്നാടിനോടു ചേർന്നുകിടക്കുന്ന ഇവിടേക്ക് കേരളത്തിൽനിന്ന് ഗതാഗതസൗകര്യം കുറവായതിനാൽ ഭക്തരിൽ കൂടുതലും തമിഴരാണ്.

കൊല്ലം–തിരുമംഗലം ദേശീയപാതയുടെ വശത്താണ് ആര്യങ്കാവ് ക്ഷേത്രം. ഇടതുവശത്ത് ദേവിയും വലതുവശത്ത് ശിവനുമൊത്ത് ശാസ്താവിരിക്കുന്നു. ചൊക്കംപെട്ടി ജമീന്ദാർ പാണ്ഡ്യന്റെ ഭാര്യ മായാൾ പണികഴിപ്പിച്ചതാണിത്. ശബരിമലയിലെപ്പോലെ 10നും 50നും മധ്യേ പ്രായമുള്ള സ്ത്രീകൾക്ക് പ്രവേശനമില്ലാത്ത ഇവിടെ ഉത്സവത്തിന് കൊടിയേറ്റില്ല. ശാസ്താവിന്റെ വിവാഹനിശ്ചയമായ പാണ്ഡ്യൻമുടിപ്പും തൃക്കല്യാണവും കുംഭാഭിഷേകവുമാണ് ഉത്സവങ്ങൾ. കുളത്തൂപ്പുഴ ശാസ്താക്ഷേത്രം പണികഴിപ്പിച്ചത് ഇളയിടത്ത് രാജാക്കന്മാരാണ്. കാർഷികോത്സവമായ വിഷുവാണ് ഇവിടത്തെ ഉത്സവം. ചെർപ്പുളശ്ശേരി, ശാസ്താംകോട്ട, തകഴി, തിരുവുള്ളക്കാവ്, ചമ്രവട്ടം എന്നിവിടങ്ങളിലാണ് പ്രശസ്തമായ മറ്റ് അയ്യപ്പക്ഷേത്രങ്ങളുള്ളത്.

ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളുമായി പ്ലാപ്പള്ളിക്കടുത്തുള്ള തലപ്പാറ കോട്ടയ്ക്കും വില്ലാളിവീരനും അഭേദ്യബന്ധമുണ്ട്. മലയാത്രയ്ക്കിടയിൽ മണികണ്ഠന് ഉറങ്ങാനും പൂജ ചെയ്യാനുമായി ഒരുക്കിയതാണ് മലപ്പാറ കോട്ട. ഇവിടെ പൂജ നടത്തിയശേഷമാണ് തിരുവാഭരണങ്ങൾ ശബരിമലയിൽ കൊണ്ടുപോകുന്നത്. മഹിഷീനിഗ്രഹത്തിന്റെ സന്തോഷസൂചകമായ എരുമേലി പേട്ടതുള്ളൽ നടത്തുന്ന അമ്പലപ്പുഴക്കാർ അയ്യപ്പന്റെ മാതൃസ്ഥാനീയരാണ്. മണികണ്ഠന്റെ ജനനത്തിനാധാരമായ മോഹിനീരൂപമെടുത്ത, വിഷ്ണുചൈതന്യം അമ്പലപ്പുഴയിൽ കുടികൊള്ളുന്നതാണ് ഈ വിശ്വാസത്തിന് അടിസ്ഥാനം. പമ്പാസദ്യയും കഴിഞ്ഞാണ് അമ്പലപ്പുഴ സംഘത്തിൻെറ മലകയറ്റം.

ശ്രീഅയ്യപ്പനുമായി ബന്ധപ്പെട്ട ചരിത്രമാണ് ചേർത്തല ചീരപ്പൻചിറയ്ക്കും മൂപ്പനുമുള്ളത്. ഇവിടത്തെ കളരിയിലാണ് അയ്യപ്പൻ പൂഴിയങ്കം പഠിക്കാനെത്തിയത്. ഗുരുവായ കുമാരപ്പണിക്കരുടെ ഏകമകളായ പൂങ്കൊടിയാണ് മാളികപ്പുറത്തമ്മയെന്നാണ് വിശ്വാസം. ശബരിമലയുമായി അഭേദ്യബന്ധമാണ് പന്തളം കൊട്ടാരത്തിനുള്ളത്. പാണ്ഡ്യരാജവംശത്തിലെ ചെമ്പഴന്നൂർ ശാഖയാണ് പന്തളം രാജവംശം സ്ഥാപിച്ചത്. ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാംപടി ചവിട്ടാനുള്ളതടക്കം മറ്റാർക്കുമില്ലാത്ത അവകാശങ്ങളാണ് ശബരിമലയിൽ പന്തളം രാജപ്രതിനിധിക്കുള്ളത്. കൊട്ടാരത്തിൽനിന്നുള്ള തിരുവാഭരണങ്ങൾ ചാർത്തിയശേഷമേ മകരവിളക്ക് നടത്താവൂ. മകരവിളക്കുപൂജകൾക്കുശേഷം അയ്യപ്പനെ ഒറ്റയ്ക്കു കാണാനുള്ള അവകാശവും പന്തളം പ്രതിനിധിക്കു മാത്രമുള്ളതാണ്.

പുരാതനകേരളത്തിൽ നമ്പൂതിരിമാരെ കുടിയിരുത്താനായി പരശുരാമൻ സ്ഥാപിച്ച 64 ഗ്രാമങ്ങളുടെയും രക്ഷയ്ക്കായി മലമുകളിൽ 64 ശാസ്താവ് ഉള്ളതായി ശാസ്താംപാട്ടിൽ സൂചയുണ്ട്. വൈദിക കാലഘട്ടത്തിലെ ആരാധനാമൂർത്തിയാണ് ശാസ്താവ്. ശങ്കരാചാര്യരുടെ കീർത്തനങ്ങളിൽ ശാസ്താവുണ്ടെങ്കിലും അയ്യപ്പനില്ല. കേരളത്തിലും തമിഴ്നാട്ടിലും മാത്രമാണ് അയ്യപ്പൻ, അയ്യൻ എന്നീ പേരുകളിൽ ശാസ്താസങ്കല്പം ലയിച്ചിരിക്കുന്നത്. താന്ത്രികാചാരങ്ങളാണ് ഇന്ന് അയ്യപ്പാരാധനയിൽ കൂടുതലുള്ളത്. കേരളത്തിലെ മറ്റു ഭാഗങ്ങളിലെ മുഖ്യശാസ്താക്ഷേത്രങ്ങളെല്ലാം കാനനമേഖലയിലാണ്.

●



# വർഗ്ഗീയബിൽ: ചില യാഥാർത്ഥ്യങ്ങൾ

**ജെ. നന്ദകുമാർ,** *ചീഫ് എഡിറ്റർ, കേസരിവാരിക*

**സോ**ണിയാഗാന്ധിയുടെ അദ്ധ്യക്ഷതയിലുള്ള ദേശീയ ഉപദേശകസമിതി തയ്യാറാക്കിയ **വർഗീയ ഹിംസാ വിരുദ്ധ ബിൽ – 2011** (Prevention of Communal and Targeted Violence (Access to Justice & reparations) Bill - 2011) ഭാരതത്തെ തകർക്കുവാൻ ലക്ഷ്യം വെച്ചുള്ളതാണെന്ന് സ്പഷ്ടമാണ്.

അവസരവാദരാഷ്ട്രീയക്കാരെയും വർഗ്ഗീയവാദികളെയും പ്രീണിപ്പിക്കുവാൻ യു. പി. എ. സർക്കാർ 2005 ൽ ഒരു ബിൽ കൊണ്ടുവന്നു. വർഗീയകലാപ(പ്രതിരോധം, നിയന്ത്രണം, ഇരകളുടെ പുനരധിവാസം) ബിൽ 2005 (Communal Violence (Prevention, Control and Rehabilitation) Bill - 2005)

ഇരകളെയും വേട്ടക്കാരേയും മുൻകൂറായി മതാടിസ്ഥാനത്തിൽ വേർതിരിച്ചിട്ടില്ലെന്നും സർക്കാരുദ്യോഗസ്ഥരെ കൂച്ചുവിലങ്ങിടുന്നില്ലെന്നുമുള്ള കാരണമുന്നയിച്ച് ക്രൈസ്തവ-മുസ്ലീം സംഘടനകൾ ബില്ലിനെ അതിശക്തിയായെതിർത്തു. തുടർന്ന് സോണിയാഗാന്ധിയുടെ നിർദ്ദേശപ്രകാരം അന്നത്തെ കേന്ദ്ര സർക്കാർ പ്രസ്തുതബിൽ പിൻവലിക്കുകയായിരുന്നു. ക്രൈസ്തവ-ഇസ്ലാമികതാത്പര്യങ്ങൾക്കനുസൃതമായി പുതിയതൊന്ന് രൂപപ്പെടുത്തുവാൻ ദേശീയ ഉപദേശക സമിതി – സോണിയ അദ്ധ്യക്ഷയായിട്ടുള്ള എൻ. എ. സി – യെ ചുമതലപ്പെടുത്തി. അതിന്റെ ഫലമായിട്ടാണ് ഭരണഘടനാവിരുദ്ധവും മതപരമായ സ്പർദ്ധ വളർത്തുന്നതും ഫെഡറൽഘടന തകർക്കുന്നതുമായ ഈ ബിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

**പ്രധാന അപകടങ്ങൾ**

1. ഹിന്ദുക്കൾ കുറ്റവാസനയുള്ള അപകടകാരികളാണ് എന്ന മുൻവിധിയോടെയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്.

2. ഈ ബില്ലിലൂടെ ന്യൂനപക്ഷങ്ങൾക്ക് മാത്രമാണ് നിയമപരിരക്ഷ ലഭിക്കുന്നത്.

3. ഇപ്പോൾ പ്രത്യേക സിവിൽ നിയമം. ഇനി ന്യൂനപക്ഷങ്ങൾക്ക് മാത്രം ബാധകമാവുന്ന ക്രിമിനൽ നിയമവും വരും.

4. ഈ നിയമത്തിന്റെ കണ്ണിൽ ന്യൂനപക്ഷ സ്ത്രീകൾക്ക് മാത്രമാണ് 'മാന'മുള്ളത്.

5. ന്യൂനപക്ഷത്തിൽപ്പെട്ടവർ കൊടുക്കുന്ന പരാതിക്ക് മുൻപിൻ നോക്കാതെ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്ത് നടപടി ആരംഭിക്കണം.

6. ചികിത്സാസഹായത്തിന് ന്യൂനപക്ഷത്തിൽപെടുന്നവർക്ക് മുൻഗണന.

7. ന്യൂനപക്ഷത്തിൽപ്പെട്ടവർക്ക് മാനസികസമ്മർദ്ദം ഉണ്ടാകും വിധത്തിൽ തെളിവു ശേഖരിക്കാനോ കുറ്റസ



മ്മത മൊഴിയെടുക്കാനോ പാടില്ല. (ചോദ്യം ചെയ്യാൻ പാടില്ലെന്നർത്ഥം.)

8. ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽസ്വഭാവം തന്നെ ഇല്ലാതാകും. കേന്ദ്രഗവൺമെന്റിന് സംസ്ഥാനസർക്കാരുകളെ തന്നിഷ്ടപ്രകാരം പിരിച്ചുവിടാം.

9. ന്യൂനപക്ഷത്തെ ലക്ഷ്യംവെച്ച് ഹിംസ നടത്തിയെന്ന് ആരോപിക്കപ്പെടുന്ന ആൾ അംഗമായിട്ടുള്ള സംഘടനയുടെ നേതൃത്വ-(കുറ്റത്തിൽ ബന്ധമോ പ്രേരണയോ ഉണ്ടാകണമെന്നില്ല)-ത്തെയും കുറ്റക്കാരായി കണ്ട് ജയിലിലടക്കാം.

**അടിസ്ഥാനധാരണയില്ലായ്മ**

ഇവിടെ മുഖ്യവിഷയം വർഗ്ഗീയ ഹിംസയാകയാൽ നമ്മുടെ നാട്ടിൽ ഇതുവരെ നടന്നിട്ടുള്ള കലാപങ്ങളെല്ലാം



നിയമനിർമ്മാണത്തിനു പിന്നിൽ പ്രവർത്തിക്കുന്നവർ പഠനവിധേയമാക്കേണ്ടതായിരുന്നു. അത്തരമൊരു പഠനം നടത്തിയിട്ടില്ല. അഥവാ നടത്തിയിട്ടുണ്ടെങ്കിൽതന്നെ ബോധപൂർവ്വം യാഥാർത്ഥ്യം മറച്ചുവെച്ചിരിക്കുന്നു. കാരണം വളരെ വ്യക്തമാണ്. ഭാരതത്തിലൊരിടത്തും ഹിന്ദുക്കൾ ഒരു കലാപത്തിനും തുടക്കമിട്ടിട്ടില്ല. ഇന്നോളം അത്തരമൊരു സംഭവവും ഹിന്ദുഭൂരിപക്ഷപ്രദേശങ്ങളിൽ നടന്നിട്ടുമില്ല. ഹിന്ദുക്കൾ സ്വതവേ കുറ്റവാളികളാ-(Habitual offenders)ണെന്ന ഈ നിയമനിർമ്മാതാക്കളുടെ വികൃതമനസ്സിന്റെ മുൻവിധിക്ക് ചരിത്രപരമായ പിന്തുണ ഇല്ലാത്തതുകൊണ്ടാണ് അവർ ബില്ലിന് ഒരു ആമുഖരേഖ ചേർക്കാതിരുന്നത്.

**സംശയാസ്പദമായ സമീപനം**

ഉപദേശകസമിതി അദ്ധ്യക്ഷ മുതൽ താഴോട്ട് ഡ്രാഫ്റ്റിംഗ് കമ്മറ്റി അംഗങ്ങൾ വരെയുള്ളവരുടെ പ്രവർത്തനചരിത്രം പരിശോധിച്ചാൽ ഭൂരിപക്ഷം പേരുടെയും ജീവിതവും പ്രവൃത്തികളും സംശയാസ്പദമാണ്. ഈ സമിതിയിൽപെട്ട ചിലരുടെ ഇംഗിതങ്ങൾക്കെതിരെ ഉന്നതനീതിന്യായപീഠംപോലും സംശയത്തിന്റെ വിരൽ ചൂണ്ടിയിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തേയും പരിപാടികളേയും തകർക്കാൻ ശ്രമിക്കുക വഴി കുപ്രസിദ്ധിയാർജ്ജിക്കുകയും അഴിമതി വിരുദ്ധസമരത്തിന്റെ മുനമടക്കാൻ അണ്ണാ ഹസാരെയ്ക്ക് എതിരായി സ്വന്തം ബില്ല് കൊണ്ടുവരികയും ചെയ്ത അരുണാ റോയി, അന്താരാഷ്ട്രകുറ്റവാളിയും കാശ്മീർ വിഘടനവാദിയുമായ ഗുലാം നബി ഫായിയുടെ ആശ്രിതനായി മനുഷ്യാവകാശത്തിന്റെ പേരിൽ ഇംഗ്ലണ്ടിൽ ഇന്ത്യാവിരുദ്ധ പ്രചാരവേല നടത്തുന്ന ഹർഷ് മെന്ദർ, ഹിന്ദുത്വത്തെ തകർക്കുക, നരേന്ദ്രമോഡിയെ അപകീർത്തിപ്പെടുത്തുക എന്നതൊഴികെ മറ്റൊന്നുമല്ല ലക്ഷ്യമെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ള ടീസ്റ്റ സെതൽവാദ്, മതപരിവർത്തനമെന്ന ഗൂഢലക്ഷ്യം അധികാരകേന്ദ്രങ്ങളിലെ അവിഹിതബന്ധങ്ങളിലൂടെ നിർബാധം നടത്തിക്കൊണ്ടിരിക്കുന്ന ജോൺ ദയാൽ, സെയ്ദ് ഷഹാബുദ്ദീൻ, ബെൽജിയംകാരനായ ജീൻ ഡെറീസ്..... ഈ നിര നീളുകയാണ്. ദേശീയതയോടും ഭാരതത്തിന്റെ അഖണ്ഡതയോടും യുദ്ധപ്രഖ്യാപനം നടത്തിയിട്ടുള്ള നിക്ഷിപ്തതാത്പര്യക്കാർ, ഇവരാണ് ഈ ബില്ലിനു പുറകിൽ ഉള്ളത് എന്നതുതന്നെ അതിന്റെ അപകടം വെളിപ്പെടുത്തുന്നു.

**ചരിത്രപശ്ചാത്തലം**

നിലവിലുള്ള നിയമത്തിന് കാലോചിതമായ ഭേദഗതിയോ പുതിയത് വരികയോ ചെയ്യുന്നത് സ്വാഭാവികം. വർഗ്ഗീയകലാപങ്ങളെ തടയുന്നതിനാവശ്യമായ കൂടുതൽ കർക്കശനിയമങ്ങൾ (153, 153 എ, 153 എഎ, 153 ബി, ടാഡാ തുടങ്ങിയവ) അങ്ങനെ ഉണ്ടായതാണ്. ഇതിനിടെയാണ് 2001 സെപ്റ്റംബർ 11 ന് അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്ററിന് നേരെ ആക്രമണം ഉണ്ടായത്. അമേരിക്ക ഉൾപ്പെടെയുള്ള വികസിതരാഷ്ട്രങ്ങളൊക്കെ അതിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് പുതിയ നിയമനിർമാണം നടത്തി. എന്നാൽ ഭാരതത്തിൽ അത്തരം ചർച്ചകൾ പോലും വർഗീയമായി വ്യാഖ്യാനിക്കപ്പെട്ടു. ഭീകരാക്രമണങ്ങളേയും അവയ്ക്ക് പിന്തുണ നൽകുന്നവരേയും ഫലപ്രദമായി തടയുന്നതിന് 'പോട്ട' പോലെയുള്ള ഭീകരവിരുദ്ധനിയമം വേണമെന്ന് ദേശീയവാദികൾ അഭിപ്രായപ്പെട്ടു. പക്ഷെ കപടപുരോഗമനവാദികൾ അതിനെ എതിർത്തു. ഏതൊരു ഭീകരസാഹചര്യത്തേയും നേരിടാൻ നിലവിലുള്ള നിയമം പര്യാപ്തമാണെന്നായിരുന്നു അവരുടെ വാദം. പക്ഷെ മാസങ്ങൾക്കുള്ളിൽ ഗുജറാത്ത് സംഭവം ഉണ്ടായതോടെ ഇക്കൂട്ടർ മലക്കം മറിഞ്ഞു. ന്യൂനപക്ഷരക്ഷയ്ക്ക് മാത്രമായി പുതിയ നിയമം വേണമെന്ന വിചിത്രവാദം അവർ ശക്തമായി അവതരിപ്പിക്കാൻ തുടങ്ങി. ആ പ്രീണനരാഷ്ട്രീയതന്ത്രത്തിന്റെ ഫലമാണ് ഈ ഹിന്ദുമാരണബില്ല്.

**ബില്ലിന്റെ ഭീകരസ്വഭാവം**

ആകെ 9 അദ്ധ്യായങ്ങളും 138 വകുപ്പുകളും അഞ്ച് പട്ടികകളും 3 അനുബന്ധങ്ങളുമുള്ള ഈ ബില്ലിന് സമഗ്രമായ ഒരാമുഖമില്ല. നിർവ്വചനങ്ങളടങ്ങുന്ന ഒന്നാം അദ്ധ്യായത്തിൽ 3(ഇ)ലാണ് ഗ്രൂപ്പ് എന്താണെന്ന് പറഞ്ഞിട്ടുള്ളത്. മതന്യൂനപക്ഷങ്ങളോടൊപ്പം തികഞ്ഞ ദുഷ്ടലാക്കോടെയാണ് ഭാഷാന്യൂനപക്ഷങ്ങളേയും പട്ടികജാതി-പട്ടികവർഗവിഭാഗങ്ങളേയും അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഫലത്തിൽ മതന്യൂനപക്ഷങ്ങൾക്ക് മാത്രമാകും നിയമപരിരക്ഷ. 3 (ജെ) യിൽ വളരെ വ്യക്തമായി മതന്യൂനപക്ഷങ്ങളിൽ പെടുന്നവർക്ക് സംഭവിക്കുന്ന ശാരീരികമോ മാനസികമോ സാമ്പത്തികമോ ആയ നഷ്ടങ്ങൾ പരിഹരിക്കാനാണ് നിയമം എന്ന് ചൂണ്ടിക്കാണിക്കുന്നു. അതിന്റെ അർത്ഥം എന്തെങ്കിലും ദൗർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടായാൽ മതം നോക്കി ആയിരിക്കും കേസെടുക്കുക എന്ന് ചുരുക്കം. മാനമായാലും ധനമായാലും ഹിന്ദുക്കൾക്ക് നഷ്ടം സംഭവിച്ചാൽ ഈ നിയമത്തിലൂടെ ഒരു പരിഹാരവും ലഭിക്കില്ല. ലൈംഗികാക്രമണത്തെക്കുറിച്ചുള്ള 7-ാം വകുപ്പ്

*ശേഷം 34-ാം പേജിൽ*

അഖില

# മാളികപ്പുറത്തമ്മ

പുരാണങ്ങളും ഇതിഹാസങ്ങളും തമ്മിൽ പല പല വ്യത്യാസങ്ങളുമുണ്ടെന്ന് നമുക്കറിയാം. 'ഇതി ഇഹ ആസതേ ഇതി ഇതിഹാസ' എന്ന നിരുക്തമനുസരിച്ച് നോക്കുമ്പോൾ കഥകൾ വിവിധ രൂപത്തിൽ വിവിധ രചനകളിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഉദാഹരണത്തിന് ധർമ്മശാസ്താവിന്റെ പൂർണ്ണാവതാരമായ അയ്യപ്പൻ പുരാണപുരുഷനായും ചരിത്രപുരുഷനായും വാഴ്ത്തുപാട്ടുകളിലൂടെയും, അയ്യപ്പൻപാട്ടുകളിലൂടെയും നമ്മൾ അറിയുന്നുണ്ട്. പുരാണത്തിൽ അഭൗമശക്തിയുള്ള ഭഗവാനാകുമ്പോൾ ചരിത്രത്താളുകളിൽ ആയോധനശക്തിയിൽ അദ്വിതീയനായ യോദ്ധാവാകുന്നു അയ്യപ്പൻ. ആദ്യത്തേതിൽ ശൈവ-വൈഷ്ണവശക്തികൾ ഏകീകരിച്ച് മോഹിനീപുത്രനായി പിറവിയെടുക്കുമ്പോൾ രണ്ടാമത്തേതിൽ അയ്യപ്പൻ രാജഭാഗിനേയനായി രൂപപ്പെടുന്നു. രണ്ട് ജനനകഥകളുടെയും പൊരുൾ ഏതാണ്ട് ഒന്നുതന്നെ- ദുഷ്ടനിഗ്രഹം- അത് മഹിഷീവധമാകാം ഉദയന്റെ നിഗ്രഹമാകാം. രണ്ടിലും വളർത്തച്ഛനാകുന്നത് പന്തളമന്നനായ രാജശേഖരപാണ്ഡ്യൻ തന്നെ

നിസ്സാരമായ മനുഷ്യജന്മങ്ങളിൽ സ്നേഹഭദ്രതയും വിഛിന്നബന്ധങ്ങളും സർവസാധാരണമാണ്. എന്നാൽ പുരാണങ്ങളും ഇതിഹാസങ്ങളും ഉദ്ഘോഷിക്കുന്നത് ദേവന്മാർക്കും അവ ബാധകങ്ങളാണെന്നാണ്. രാധയെ വിട്ടുപിരിഞ്ഞ കൃഷ്ണന്റെ ഉള്ളിൽ രാധ പിന്നീടൊരിക്കലെങ്കിലും നിഴലുവീഴ്ത്തിയിട്ടുണ്ടോ എന്ന് സംശയമാണ്. എന്നാൽ രാധ എന്നും കാത്തിരുന്ന തന്റെ ഹൃദയചോരനുവേണ്ടി. മറ്റൊരാളിന്റെ പത്നിയായിട്ടും സംതൃപ്തയായ ഗൃഹനായികയായിട്ടും അവൾക്ക് കൃഷ്ണനെ മറക്കാനായില്ല. ഒരുപക്ഷെ അവളുടെ ജന്മമായികത കൊണ്ടാവാം അത്.

പുരാണപുരുഷനായ അയ്യപ്പന്റെ സ്നേഹം മോഹിച്ചത് മഹിഷിയുടെ പുനരവതാരമാണ് ലീല[1] എന്നാണ് സങ്കല്പം. ഭഗവൽമർദ്ദനത്തിലൂടെ താൻ മരണാസന്നയായെന്നും ഹരിഹരപുത്രനായ അയ്യപ്പനാണ് തന്നെ വധിക്കാൻ നിയുക്തനായതെന്നും മഹിഷിക്കു മനസ്സിലായി. പ്രാണൻ വെടിയാൻ തുടങ്ങുന്ന ഓരോ നിമിഷങ്ങളിലും ഭഗവൽ സ്തോത്രങ്ങൾ അവളുടെ നാവിൽ തുടിച്ചു. ഭഗവാൻ അവളുടെ ഭക്തയിൽ പ്രസാദിക്കുകയും അവളെ അനുഗ്രഹിക്കുകയും ചെയ്തു. മരണം പൂർത്തിയായ നിമിഷത്തിൽ തന്നെ ആ ശരീരത്തിൽ നിന്നും അതിസുന്ദരിയായ ഒരു സ്ത്രീരൂപം പ്രത്യക്ഷമായി. ഭഗവാനെ നമസ്കരിച്ചശേഷം ലോകമോഹിനിയായ മായാദേവിയാണ് താനെന്ന് സ്വയം പരിചയപ്പെടുത്തി. തന്നെ പത്നിയായി സ്വീകരിക്കണമെന്നുള്ള ഒരപേക്ഷ അവൾ ഭഗവാനിൽ സമർപ്പിച്ചു. നൈഷ്ഠിക ബ്രഹ്മചാരിയായ തനിക്കതിന് സാദ്ധ്യമല്ലെന്നും ശബരിമലയിൽ മഞ്ചാംബികയായി സ്ഥാനം നൽകാമെന്നും അയ്യപ്പൻ പ്രതിവചിച്ചു. അതിനുവേണ്ടി ക്ഷേത്രത്തിന്റെ തെക്കുവശത്തായി ഒരു തറ കെട്ടിയൊരുക്കി. അയ്യപ്പപ്രതിഷ്ഠക്ക് കുറച്ച് മുൻപായി ഐശ്വര്യദേവതയായ മഹാലക്ഷ്മിയുടെ അംശമായ ലീലയെ അയ്യപ്പൻ



തന്നെ ആവാഹിച്ച് ഒരു തറയിൽ സ്ഥാപിതമാക്കി. ആകാശമാർഗ്ഗേണ വന്ന ഒരു തേജസ്സ് അപ്പോൾ ആ തറയിൽ വന്നൊതുങ്ങി. അയ്യപ്പൻ അതിനു മുൻപിൽ അല്പനേരം ധ്യാനനിരതനായി.

അയ്യപ്പൻ മാളികപ്പുറത്തമ്മയ്ക്ക് മറ്റൊരു വാഗ്ദാനം കൂടി കൊടുത്തതായി പുരാണങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. മകരസംക്രമനാളുകളിൽ കന്നി അയ്യപ്പന്മാരെത്താതിരുന്നാൽ മഞ്ചാംബികയെ വിവാഹം കഴിക്കാമെന്നായിരുന്നു അത്. മനസ്സിൽ പരശതം മോഹങ്ങളുമായി ഓരോ മകരസംക്രമവുമെത്താൻ ദേവി കാത്തിരിക്കും. മകരജ്യോതിദർശനത്തിന്റെ പുണ്യത്തിൽ എണ്ണമറ്റ ഭക്തജനങ്ങൾ മതിമറന്നു നില്ക്കുമ്പോൾ മാളികപ്പുറത്തമ്മ സർവാഭരണവിഭൂഷിതയായി അണിഞ്ഞൊരുങ്ങുകയായിരിക്കും. സ്വാമിക്ക് വരണമാല്യം ചാർത്താനുള്ള ഉൾത്തുടിപ്പുമായി.

കുത്തുവിളക്കിന്റെ അകമ്പടിയോടെ കത്തുന്ന തീവെട്ടികളുടെ ദീപപ്രഭയോടെ, വാദ്യമേളങ്ങളുടെ ശബ്ദകോലാഹലത്തോടെ ആനപ്പുറത്ത് മുത്തുക്കുടയും വെഞ്ചാമരങ്ങളും ചൂടി മാളികപ്പുറത്തമ്മ എഴുന്നെള്ളും.

കന്നി അയ്യപ്പന്മാർ വന്നിട്ടുണ്ടാകരുതേ എന്ന നൊന്തുവിളി അപ്പോൾ ആ ഹൃദയത്തിൽ മുഴങ്ങുന്നുണ്ടാവും. ഇത്തവണയെങ്കിലും തന്റെ പ്രണയം പൂവണിയാനുള്ള ഒരു ദേവവരം.

പതിനെട്ടാംപടിയിൽ നിന്നാൽ അകലെയുള്ള ശരംകുത്തി വ്യക്തമായി കാണാം.

വാദ്യഘോഷങ്ങളോടെ എഴുന്നള്ളത്ത് പതിനെട്ടാം പടിക്കൽ വന്നു നിൽക്കും.

ദേവി ഒന്നേ നോക്കുകയുള്ളൂ.

കണ്ണിൽ പതിയുന്നത് മലപോലെ, കുന്നുകൂടി കിടക്കുന്ന ശരക്കോലുകളാണ്. ദേവിയുടെ മുഖം ഭഗ്നപ്രതീക്ഷയുടെ തീവ്രതയിൽ കദനപൂരിതമാകും. കണ്ണുകൾ ഈറനാകും. നിശ്ശബ്ദമായ തേങ്ങലിന്റെ സ്പന്ദനങ്ങൾ അധരത്തിലുടയും. അതിന്റെ പ്രതീകങ്ങളെന്നോണം വാദ്യമേളങ്ങൾ നിലയ്ക്കും. തീവെട്ടികൾ കണ്ണുകളടയ്ക്കും.

നൊന്തുപിടയുന്ന മനസ്സോടെ ഭഗവാനെ വലം വെച്ച് പടിഞ്ഞാറെ നടയിലെത്തുമ്പോഴേയ്ക്കും ക്ഷേത്രനടയും അടഞ്ഞുകഴിയും. നിരാശയായി-ദു:ഖിതയായി മാളിക്കപ്പുറത്തേയ്ക്ക് തിരിച്ചെഴുന്നള്ളുമ്പോൾ മഞ്ചാംബിക അടുത്ത മകരസംക്രമരാത്രി സ്വപ്നം കാണുന്നുണ്ടാകും.

മനുഷ്യനിലായാലും ദൈവങ്ങളിലായാലും ഭഗ്നപ്രണയം ജന്മത്തെത്തന്നെ ബാധിക്കുമെന്നുള്ളതിന് ഒരു പ്രധാന ഉദാഹരണമാണ് മാളികപ്പുറത്തമ്മ. എന്നാലും ഒരു വലിയ ഭാഗ്യം മഞ്ചാംബികയ്ക്കു സിദ്ധിച്ചു. തന്റെ പ്രാണപ്രിയന്റെ സമീപത്തുതന്നെ അവർക്കൊരിരിപ്പിടം കിട്ടി. ഭഗവാനെ കാണാനായെത്തുന്ന പരശ്ശതം ഭക്തന്മാരുടെ കൂപ്പുകൈകൾ അവരുടെ മുന്നിലും ഉയരുന്നു. അഭീഷ്ടവരങ്ങൾക്കായി.

എന്നാലും ആ നെഞ്ചിലെ തേങ്ങൽ - കലിയുഗവരദന് പ്രണയമല്ല വലുത്. ഭക്തരക്ഷണമാണ്.

അതുമാത്രം.

ഗാലവൻ എന്ന മഹർഷിയുടെ മകളായി പിറന്ന ലീല സ്വന്തം ഭർത്താവിന്റെ ശാപത്താലാണ് മഹിഷീമുഖത്തോടുകൂടി ഭൂമിയിൽ ജനിച്ചത്. ലീലയുടെ സങ്കടം കണ്ടപ്പോൾ ശാപമോക്ഷവും ഭർത്താവു കൊടുത്തു. ഹരിഹരപുത്രനായി അയ്യപ്പൻ ഭൂമിയിലവതരിക്കുമ്പോൾ ആ കയ്യാൽ മോക്ഷം കിട്ടുമെന്ന്.

മഹായോഗപീഠേ ജ്വലന്തം മഹാന്തം

മഹാവാക്യസാരോപദേശം സുശാന്തം.

മഹർഷിപ്രഹർഷപ്രദം ജ്ഞാനകന്ദം

പരംജ്യോതിരൂപം ഭജേ ഭൂതനാഥം.

●

---

## വർഗ്ഗീയബിൽ: ചില യാഥാർത്ഥ്യങ്ങൾ

32-ാം പേജിൽനിന്നും

പറയുന്നത് മതന്യൂനപക്ഷത്തിൽപ്പെട്ട സ്ത്രീകൾക്കേ മാനമുള്ളൂ എന്നാണ്.

ഈ ബിൽ നിയമമായാൽ ഹിന്ദുക്കൾ മാത്രമേ കുറ്റവാളികളാവൂ, വിചാരണ ചെയ്യപ്പെടൂ, ശിക്ഷിക്കപ്പെടൂ. ആരോപണംതന്നെ തെളിവായി അംഗീകരിക്കപ്പെടും. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ഇഷ്ടംപോലെ ഹിന്ദുവിരുദ്ധപ്രചാരണം നടത്താം. ഈ നിയമപ്രകാരം മതന്യൂനപക്ഷങ്ങൾ ചെയ്യുന്ന അത്തരം പ്രവൃത്തികൾ കുറ്റകൃത്യങ്ങളാവില്ല.

20-ാം വകുപ്പനുസരിച്ച് റിപ്പോർട്ട് ചെയ്യപ്പെടുന്ന കലാപം ഗ്രൂപ്പിൽപ്പെട്ടവർക്ക് എതിരെ ആണെങ്കിൽ ആ സംസ്ഥാനത്ത് ആഭ്യന്തരസംഘർഷം നിലനിൽക്കുന്നതായി കണക്കാക്കി കേന്ദ്രസർക്കാരിന് ഭരണഘടനയിലെ 355-ാം വകുപ്പിന്റെ പിന്തുണയോടെ സംസ്ഥാനസർക്കാരുകളെ പിരിച്ചുവിടാൻ സാധിക്കും. ഇതു നമ്മുടെ ഫെഡറൽ സംവിധാനത്തെതന്നെ തകർക്കാൻ പോന്ന ഒന്നാണ്.

**അധികാരമേറെ, ഉത്തരവാദിത്വമൊട്ടുമില്ല**

ഈ നിയമം നടപ്പിൽവരുത്തുന്നതിന് മേൽനോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട സർക്കാരുകളോട് ആജ്ഞാപിക്കുന്നതിനുമായി ഏഴംഗ ദേശീയ അതോറിട്ടി രൂപീകരിക്കും. അതിന്റെ ഘടനയാണേറെ വിചിത്രം. അതോറിട്ടി ചെയർമാനും വൈസ് ചെയർമാനും മതന്യൂനപക്ഷത്തിൽപ്പെട്ട ആളുകളായിരിക്കണം. ഏഴംഗ അതോറിറ്റിയിൽ നാലുപേരും ന്യൂനപക്ഷമതവിഭാഗത്തിൽപ്പെട്ടവരായിരിക്കും. ദുരൂഹത ചുഴ്ന്നുനിൽക്കുന്ന ഈ ഉപദേശകസമിതിക്ക് അപാരമായ അധികാരശക്തികളുണ്ട്. ഒരു സാധാരണ ഹിന്ദുവിനെ കേസിൽ കുടുക്കുന്നതു തുടങ്ങി സംസ്ഥാനസർക്കാരുകളെ പിരിച്ചുവിടുന്നതിനുവരെ അധികാരങ്ങളുള്ള ഈ സമിതി ശ്രീമതി സോണിയയോടല്ലാതെ മറ്റാരോടും ഉത്തരം പറയേണ്ടതില്ല.

നമ്മുടെ ഭരണഘടനയ്ക്കും നീതിന്യായവ്യവസ്ഥയ്ക്കും എതിരായിട്ടാണ് ഇതിലെ 138 വകുപ്പുകളും എഴുതിച്ചേർത്തിരിക്കുന്നത്. ഈ ബിൽ നിയമമായാൽപ്പിന്നെ, 69 രാമസേവകർ കൊല്ലപ്പെട്ട ഗോധ്രയിലുണ്ടായതുപോലെയുള്ള സംഭവങ്ങളിലെ പ്രതികൾക്കെതിരെപോലും കേസെടുക്കാനോ അവരെ വീടുകയറി അറസ്റ്റു ചെയ്യാനോ പോലീസിന് സാദ്ധ്യമല്ല. മുസ്ലീം-ക്രൈസ്തവ വിഭാഗങ്ങൾക്കിടയിലെ പോരും പടലപ്പിണക്കവും സംഘർഷവും കുറ്റകൃത്യങ്ങളായി കണക്കാക്കാനുമാവില്ല. മുസ്ലീങ്ങൾ ക്രിസ്ത്യാനികളെ ആക്രമിച്ചാലും ഈ നിയമത്തിന്റെ പരിധിക്കുള്ളിൽ വരില്ല. അത്തരം സാഹചര്യത്തിൽ മൂവാറ്റുപുഴയിൽ പ്രൊഫ. ജോസഫിന്റെ കൈവെട്ടിയ കേസിലെ പ്രതികൾക്കെതിരെയും നടപടി എടുക്കാനാവില്ല.

ഈ നിയമത്തിലൂടെ സഹോദരങ്ങളെ തമ്മിലകറ്റുവാനും സമൂഹത്തെ വിഘടിപ്പിക്കുവാനും രാഷ്ട്രത്തെ ശിഥിലീകരിക്കാനും യത്നിക്കുന്ന ഗൂഢശക്തികളെ ഒറ്റപ്പെടുത്താൻ നമുക്ക് സജ്ജരാകാം.

●



# ആഴ്വാഞ്ചേരി തമ്പ്രാക്കൾ

**ഡോ. രാജൻ ചുങ്കത്ത്**

അന്തരിച്ച എ.ആർ. തമ്പ്രാക്കൾ എന്ന ആഴ്വാഞ്ചേരി രാമൻ വലിയ തമ്പ്രാക്കൾ ഒരുപക്ഷേ ചരിത്രത്തിലെ അവസാനത്തെ തമ്പ്രാക്കൾ ആകാം. മറ്റു 31 തമ്പ്രാക്കളും ചരിത്രവഴിയിൽ നമുക്ക് നേരത്തേ നഷ്ടമായി. ഇപ്പോൾ ആഴ്വാഞ്ചേരിയും.

1976-ൽ ഔദ്യോഗികജീവിതത്തിന്റെ ഭാഗമായാണ് ഞാൻ എ.ആർ. തമ്പ്രാക്കളെ ആദ്യം കാണുന്നത്. അക്കാലത്ത് വളാഞ്ചേരി വെറ്ററിനറി സർജനായിരുന്ന എനിക്കായിരുന്നു ആതവനാട് ആരംഭിക്കാൻ പോകുന്ന ജില്ലാ കോഴിവളർത്തൽകേന്ദ്രത്തിന്റെ സ്ഥലമെടുപ്പ് ചുമതല. കോഴി വളർത്തൽ കേന്ദ്രത്തിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയുടെ ജന്മാവകാശം ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ പേരിലായിരുന്നു. അതുമായി ബന്ധപ്പെട്ട ചില രേഖകൾ ശരിയാക്കാനാണ് മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കൊപ്പം ഞാൻ തമ്പ്രാക്കളെ കാണാൻ പോയത്.

"അദ്ദേഹത്തിന്റെ ദേഹം പവിത്രമത്രെ. നിർദ്ദേശങ്ങൾ ആജ്ഞയത്രെ. ചലനമോ എഴുന്നള്ളത്ത്. ആഹാരം അമൃതേത്ത്. മനുഷ്യജീവികളിൽ ഏറ്റവും പൂജ്യനീയൻ. ഭൂമിയിൽ ഈശ്വരന്റെ പ്രതിനിധിയാണദ്ദേഹം." 126 വർഷം മുമ്പ് 'മലബാർ മാന്വലി'ൽ വിവരിക്കുന്ന ഈ വാങ്മയചിത്രം ആഴ്വാഞ്ചേരി രാമൻ തമ്പ്രാക്കളുടെ ഏതോ പൂർവ്വപിതാ



ആഴ്വാഞ്ചേരി മന

*ഫോട്ടോ: ഡോ. രാജൻ ചുങ്കത്ത്*

ക്കളുടേതാണ്.

കേരളപ്പഴമയുടെ പുറംതോടിളക്കിയാൽ കാണാം 'നേത്രനാരായണന്റെ' പുരാവൃത്തം. ഇതിൽ ചരിത്രമുണ്ട്. ഐതിഹ്യമുണ്ട്. വാമൊഴിയും വരമൊഴിയുമുണ്ട്. പരശുരാമൻ കേരളത്തിലെ 32 ഗ്രാമങ്ങളിൽ കുടിയിരുത്തിയ നമ്പൂതിരിമാരെ ആഭിജാത്യക്രമത്തിൽ ആഢ്യൻ, വിശിഷ്ടബ്രാഹ്മണൻ, സാമാന്യബ്രാഹ്മണൻ, ജാതിമത്രേയൻ, സാങ്കേതികൻ, ശാപഗ്രസ്തൻ, പാപിഷ്ഠൻ എന്നിങ്ങനെ ഉപജാതികളായി വിഭജിച്ചപ്പോൾ ആഢ്യബ്രാഹ്മണനും മുകളിൽ ആത്മീയാചാര്യസ്ഥാനം നല്കി തമ്പ്രാക്കളെ അവരോധിച്ചു.

ആഴ്‌വാഞ്ചേരിക്ക് പുറമെ കല്പകഞ്ചേരി തമ്പ്രാക്കൾ, കുറുമാത്തൂർ തമ്പ്രാക്കൾ, അകവൂർ തമ്പ്രാക്കൾ എന്നിങ്ങനെ തമ്പ്രാക്കൾ സ്ഥാനമുള്ള വേറെയും ബ്രാഹ്മണഗൃഹങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നു. ഒരുപക്ഷേ, കേരളത്തിലെ 32 ബ്രാഹ്മണഗ്രാമങ്ങൾക്കും അക്കാലത്ത് ഓരോ തമ്പ്രാക്കൾ ഉണ്ടായിരുന്നിരിക്കാം. അവരിൽ പലർക്കും പല കാരണങ്ങളാൽ അവരുടെ തമ്പ്രാക്കൾ പദവി നഷ്ടമായി. ഇന്ന് തമ്പ്രാക്കൾസ്ഥാനം നിലനില്ക്കുന്ന ഏകകുടുംബം ആഴ്‌വാഞ്ചേരി മനയാണ്.

ബ്രാഹ്മണരുടെ മതപരമായ കാര്യങ്ങളിൽ 'സുപ്രീം അതോറിറ്റി' എന്നതിലുപരി, രാജശാസനകളെ ധിക്കരിക്കുന്ന നമ്പൂതിരിമാരെ ശിക്ഷിക്കാനുള്ള അധികാരവും ആഴ്‌വാഞ്ചേരി തമ്പ്രാക്കൾക്കുണ്ടായിരുന്നു.

പാരമ്പര്യമായി തമ്പ്രാക്കൾക്ക് ലഭിച്ചിട്ടുള്ള നാല് പൗരോഹിത്യ പ്രവൃത്തികൾ ഭദ്രാസനം (Chief seat in any Assembly), സർവ്വമാന്യം (Universal Respectability), ബ്രഹ്മസാമ്രാജ്യം (Sovernity over all Brahmins), ബ്രഹ്മവർച്ചസ് (Highest Authority in Veidc Learning) എന്നിവയാണ്.

എല്ലാം പരമ്പരയാ വഹിക്കേണ്ടതും, യഥാവിധി അനുഷ്ഠിക്കേണ്ടതും തമ്പ്രാക്കളുടെ കർത്തവ്യമാകുന്നു. ഇതിനുപുറമെ ബ്രാഹ്മണരുടെ ആചാരാനുഷ്ഠാനകാര്യങ്ങളിൽ തർക്കമുണ്ടായാൽ അവസാനതീർപ്പ് കല്പിക്കാൻ തമ്പ്രാക്കൾ വേണം.

ഋഗ്വേദിയായ ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ ആചാരാനുഷ്ഠാനങ്ങൾ ശുകപുരം ഗ്രാമത്തിലെ മറ്റു 'ആഢ്യൻ' നമ്പൂതിരിമാരുടേതു



*ആഴ്‌വാഞ്ചേരി രാമൻ വലിയ തമ്പ്രാക്കൾ*

**ആഴ്‌വാഞ്ചേരിയിൽ 'ദത്ത്' പതിവില്ല. ദായക്രമം വിട്ടുവീഴ്ചയില്ലാത്ത മക്കത്തായം. വിചിത്രമായ ആചാരങ്ങളുടെ പേരിൽ വൈകാതെ ആഴ്‌വാഞ്ചേരിമന അന്യംനിന്ന് പോകില്ലേ എന്ന ചോദ്യം സ്വാഭാവികം. "അതാണ് വിധിയെങ്കിൽ അങ്ങനെതന്നെയാവട്ടെ" എന്നായിരുന്നു എ.ആർ. തമ്പ്രാക്കളുടെ മറുപടി.**

പോലെയാണെങ്കിലും അല്പം വ്യത്യാസങ്ങൾ ഉണ്ട്. മറ്റുള്ളവർ 'ശംഖ്' രീതിയിൽ തറ്റുടുക്കുമ്പോൾ ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ 'ഗദ' രീതിയിലാണ് തറ്റുടുക്കുന്നത്. ആധ്യാത്മികതയുടെ പരിവേഷത്തോടെയുള്ള സവിശേഷമായ ഒരു ജീവിതരീതിയാണ് തമ്പ്രാക്കൾക്ക് വിധിച്ചിട്ടുള്ളത്. പരാന്നഭോജനവും പരസ്ത്രീഗമനവും തമ്പ്രാക്കൾക്ക് നിഷിദ്ധമാണ്. ആഴ്‌വാഞ്ചേരിയിലെ മൂത്ത തമ്പ്രാക്കൾ മാത്രം വംശം നിലനിർത്താൻ വിവാഹിതനാകും. ബാക്കിയുള്ള തമ്പ്രാക്കൾ എല്ലാം പൂർണബ്രഹ്മചര്യം അനുഷ്ഠിച്ച് ജിതേന്ദ്രിയരായി ഈശ്വരസേവയിൽ മുഴുകി മനയിൽതന്നെ താമസിക്കണം. ആധാരങ്ങളിലും മറ്റു രേഖകളിലും തമ്പ്രാക്കളുടെ പ്രവൃത്തി 'ഈശ്വരവിചാരം' എന്നാണ്.

അധികാരകേന്ദ്രങ്ങളേയും ബ്രാഹ്മണരേയും തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയായിരുന്നു ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ. കാരണം ഇരുവർക്കും എല്ലാ കാര്യത്തിലും സ്വീകാര്യനായിരുന്നു തമ്പ്രാക്കൾ. ശരീരംകൊണ്ടായില്ലെങ്കിലും, മനസ്സുകൊണ്ടെങ്കിലും തമ്പ്രാക്കൾ കടന്നുചെല്ലാത്ത വിശേഷപ്പെട്ട ഒരു ചടങ്ങും പണ്ട് കേരളത്തിലെ രാജകൊട്ടാരങ്ങളിലോ, ബ്രാഹ്മണഗൃഹങ്ങളിലോ നടന്നിരുന്നില്ല. ഏതു ചടങ്ങിനും ആഴ്‌വാഞ്ചേരി തമ്പ്രാക്കൾക്കുള്ള 'പലക' അവിടെ ആദ്യമേ പ്രതിഷ്ഠിക്കും. അവസാനംവരെ അതവിടെ ഉണ്ടാവും.

മുറജപത്തിന് തിരുവിതാംകൂർ മഹാരാജാവ് ആഴ്‌വാഞ്ചേരി തമ്പ്രാക്കളെ ക്ഷണിക്കുന്നത് 'മുറ' ജപിക്കാനല്ല. മറിച്ച് മഹാരാജാവിന്റെ ആദരണീയ അതിഥിയായിട്ടാണ്. മുറജപവേളയിൽ വൈദികന്മാർ തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടായാൽ അന്തിമവിധി കല്പിക്കാനുള്ള അധികാരവും ആഴ്‌വാഞ്ചേരി തമ്പ്രാക്കൾക്കായിരുന്നു.

മഹാരാജാവിന്റെ ക്ഷണം സ്വീകരിച്ച് മുറജപത്തിനെത്തുന്ന ആഢ്യന്മാരടക്കമുള്ള നമ്പൂതിരിമാർ, കൊട്ടാരത്തിൽ ചെന്ന് രാജാവിനെ മുഖം കാണിക്കുമ്പോൾ, മഹാരാജാവ് തിരുമനസ്സ് തമ്പ്രാക്കൾ താമസിക്കുന്ന കരിപ്പുകോയിക്കലിൽ എത്തി തമ്പ്രാക്കളെ മുഖം കാണിക്കും. മഹാരാജാവ് കാണാൻ വരുമ്പോൾ തമ്പ്രാക്കൾ ആവണപ്പലകയിൽനിന്ന് എഴുന്നേൽക്കില്ല. തമ്പ്രാക്കളെ പ്രദക്ഷിണംവച്ച് സാഷ്ടാംഗം നമസ്കരിക്കുന്ന കുലശേഖരപ്പെരുമാളെ ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ ഇരുന്നുകൊണ്ട് അനുഗ്രഹിക്കും. ഇതിൽനിന്നും ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ ആത്മീയപ്രഭാവവും അംഗീകാരവും മനസ്സിലാക്കാം.

ആഴ്‌വാഞ്ചേരിയിൽ 'ദത്ത്' പതിവില്ല. ദായക്രമം വിട്ടുവീഴ്ചയില്ലാത്ത മക്കത്തായം. വിചിത്രമായ ആചാരങ്ങളുടെ പേരിൽ വൈകാതെ ആഴ്‌വാഞ്ചേരിമന അന്യംനിന്ന് പോകില്ലേ എന്ന ചോദ്യം സ്വാഭാവികം. "അതാണ് വിധിയെങ്കിൽ അങ്ങനെതന്നെയാവട്ടെ" എന്നായിരുന്നു എ.ആർ. തമ്പ്രാക്കളുടെ മറുപടി. ഒരുപാട് സാമുദായികപ്രശ്നങ്ങളിൽ അന്തിമതീർപ്പ് കല്പിച്ച ഒരു ന്യായാധിപന്റെ കറകളഞ്ഞ നീതിബോധം തന്നെയാവണം സ്വന്തം കുടുംബത്തിന്റെ ഭാവിയെ ബാധിക്കുന്ന ഈ കടുത്ത തീരുമാനത്തിന്റെ പുറകിലും. ●

# ധർമ്മസ്ഥല

## ധർമ്മക്ഷേത്രവും ജീവിതക്ഷേത്രവും

**എസ്.പി. നമ്പൂതിരി**



**ക്ഷേത്ര**ങ്ങളുടെ ഉല്പത്തി വികാസപരിണാമങ്ങളെക്കുറിച്ചും വർത്തമാന കാലപ്രസക്തിയെക്കുറിച്ചും പഠിക്കാനാഗ്രഹിക്കുന്നവർക്ക് മുന്നിൽ ഉദാത്തമാതൃകയായി ധർമ്മസ്ഥലയിലെ മഞ്ജുനാഥേശ്വരക്ഷേത്രം നിലകൊള്ളുന്നു.

ഒരു ദീർഘയാത്രയുടെ തളർച്ച യും താങ്ങിയാണ് രാത്രിയുടെ രണ്ടാം യാമത്തിൽ ഞങ്ങൾ ധർമ്മസ്ഥലയിൽ എത്തുന്നത്. കുട്ടികൾ തളർന്നുറങ്ങിക്കഴിഞ്ഞിരുന്നു. വിശപ്പടക്കണം. ഒന്നുറങ്ങണം. രണ്ടും അടിയന്തിരസ്വഭാവമുള്ള അത്യാവശ്യങ്ങൾ. ദൈവദൂതനെപ്പോലെ പ്രത്യക്ഷപ്പെട്ട ഒരു മലയാളിസുഹൃത്ത് ദേവസ്ഥാനം അതിഥിമന്ദിരത്തിൽ രണ്ടു മുറി സംഘടിപ്പിച്ചുതന്നു. അങ്ങനെ അന്ന് ധർമ്മസ്ഥലയിൽ അന്തിയുറങ്ങി.

രാവിലെ ഞങ്ങൾ മഞ്ജുനാഥേശ്വരക്ഷേത്രത്തിലേക്കു പോയി. ദീർഘനേരം ക്യൂവിൽ നിന്നും നടന്നും ദേവസന്നിധിയിലെത്തി. മഞ്ജുനാഥേശ്വരൻ പരമശിവനാണ്. പക്ഷേ, മഞ്ജുനാഥേശ്വരന്റെ പൂജാരികൾ വൈഷ്ണവബ്രാഹ്മണരാണ്. തൊഴുതുനീങ്ങുമ്പോൾ മതില്ക്കെട്ടിന്നകത്തുതന്നെ മുഖമണ്ഡപത്തോടു ചേർന്ന്, തുലാഭാരത്തട്ടിനടുത്തായി, ഭക്തജനങ്ങളുടെ അഭിവാദനങ്ങൾ ഏറ്റുവാങ്ങിനില്ക്കുന്ന ഒരു രാജോചിതവേഷത്തെ ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. ക്ഷേത്രധർമ്മാധികാരി ഡോ. വീരേന്ദ്രഹെഗ്ഡേ ആണതെന്ന് അന്വേഷണത്തിൽ മനസ്സിലായി.

ഒരു ഹിന്ദുക്ഷേത്രത്തിന്റെ ഉടമസ്ഥനായ ഒരന്യമതസ്ഥനെ ഞാനാദ്യം കാണുകയാണ്. ഗിന്നസ്ബുക്കിൽ രേഖപ്പെടുത്തേണ്ട ഒരപൂർവ്വ ചൈതന്യം നമുക്കിവിടെ ദർശിക്കാം. ഈ ശിവക്ഷേത്രത്തിനടുത്തുതന്നെ ജൈനതീർത്ഥങ്കരനായ 'ബാഹുബലി'യുടെ ഒരു ദിഗംബര പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. മുപ്പത്തിയൊമ്പതടി ഉയരമുള്ള ഒരു ഏകശിലാവിഗ്രഹം പതിമൂന്നടി ഉയരമുള്ള ഒരു ശിലാപീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ആത്മത്യാഗത്തിന്റേയും അഹങ്കാരനിരാസത്തിന്റേയും ആത്മനിയന്ത്രണത്തിന്റേയും പ്രതീകമായ ആ നഗ്നപ്രതിമ ബാഹുബലിയുടെ ദീർഘതപസ്സിനെ ഓർമ്മിപ്പിക്കുന്നു.

ഭരതനും ബാഹുബലിയും ഒന്നാം



ജൈനതീർത്ഥങ്കരനായ ഋഷഭ മഹാരാജാവിന്റെ പുത്രന്മാരായിരുന്നു. ഭരതന് അയോധ്യയും ബാഹുബലിക്ക് പോദനാപുരവും നൽകിയിട്ടാണ് രാജാവ് ഇഹലോകവാസം വെടിഞ്ഞത്. ഭരതന് ഏകഛത്രാധിപതിയാവണം. സാമ്രാജ്യത്വദുർമോഹം ഭരതനെ ബാധിച്ചു. പോദനാപുരമൊഴികെ മറ്റു രാജ്യങ്ങളെല്ലാം ഭരതൻ കീഴടക്കി. ബാഹുബലിയോട് തന്റെ അധീശത്വം അംഗീകരിച്ച് സാമന്തനാവാൻ ഭരതനാവശ്യപ്പെട്ടു. ബാഹുബലി വഴങ്ങിയില്ല. ഭരതൻ കോപാവിഷ്ടനായി. പരസഹസ്രം മനുഷ്യരുടെ ജീവധനാദികൾ പണയപ്പെടുത്തുന്ന ഒരു രക്തരൂയിതയുദ്ധം ഒഴിവാക്കുന്നതിനുവേണ്ടി ആയുധമെടുക്കാത്ത ഒരു ദ്വന്ദ്വയുദ്ധത്തിന് ഇരുവരും ധാരണയിലെത്തി. ദ്വന്ദ്വയുദ്ധത്തിൽ ഭരതൻ പരാജിതനായി. ഭരതനെ വേണമെങ്കിൽ വധിക്കാമായിരുന്നു. അപ്പോഴേക്കും ബാഹുബലിക്ക് ഒരു പുതിയ ബോധോദയമുണ്ടായതുകൊണ്ട് ആ ദുരന്തം ഒഴിവായി. മദമോഹമാത്സര്യങ്ങളുടെ മായാവലയത്തിൽനിന്നും മോചിതനായ ബാഹുബലി എല്ലാമുപേക്ഷിച്ച് നഗ്നനായി നിന്നുകൊണ്ട് മോക്ഷപ്രാപ്തി വരെ തപസ്സുചെയ്തു. യുദ്ധം ചെയ്യാനുള്ള അന്തിമതീരുമാനമെടുക്കുമ്പോഴും നാടിന്റേയും നാട്ടുകാരുടേയും ദുരിതങ്ങൾ ഒഴിവാക്കാനുള്ള ഇരുപക്ഷത്തേയും വ്യഗ്രത എക്കാലത്തേയും ഭരണാധികാരികൾക്ക് ഒരു നല്ല മാതൃകയാണ്. യുദ്ധത്തിൽ വെന്നിക്കൊടി നാട്ടിയവർ വിജയത്തിന്റെ സമസ്തൈശ്വര്യങ്ങളും സ്വയം ത്യജിച്ച് പരമജ്ഞാനം നേടാൻ ശ്രമിക്കുന്നത് ലോകചരിത്രത്തിലെ അപൂർവ്വ വിസ്മയങ്ങളിലൊന്നാണ്. ആധുനിക ഭരണാധികാരികൾ ഈ ചരിത്രപാഠത്തിന്റെ ചെറിയൊരംശമെങ്കിലും ഉൾക്കൊണ്ടിരുന്നെങ്കിൽ ലോകമാകെ രക്ഷപ്പെട്ടുപോകുമായിരുന്നു.

ഈ മഹാത്യാഗത്തിന്റെ ധന്യസ്മരണകളുണർത്തുന്ന ഒറ്റക്കൽ വിഗ്രഹം 1975-ലാണ് ഇവിടെ പ്രതിഷ്ഠിതമായത്. നൂറ്റിയെഴുപതു ടൺ ഭാരമുള്ള ഈ ശിലാശില്പം മുപ്പത്തിനാലു കിലോമീറ്ററകലെ കാരക്കൽ എന്ന സ്ഥലത്തുനിന്നാണ് ഇവിടെ എത്തിച്ചത്. വിഗ്രഹത്തിന് എത്രയും അനുയോജ്യമായ ഒറ്റക്കല്ല് അവിടെയാണൊത്തുകിട്ടിയത്. 1982-ൽ ബാഹുബലിയുടെ മഹാമസ്തകാഭിഷേകം ലോകമെമ്പാടുമുള്ള നിരവധി ജൈനസന്ന്യാസിമാരുടെ കാർമ്മികത്വത്തിലും അഭൂതപൂർവ്വമായ ഒരു ജനസഞ്ചയത്തിന്റെ സാന്നിധ്യത്തിലും സഹകരണത്തിലും ഒരു ചരിത്രസംഭവമെന്നപോലെ കൊണ്ടാടപ്പെട്ടു. പ്രതിമയുടെ നിർമ്മാണവും അതിവിടേയ്ക്ക് കൊണ്ടുവന്നതും ഒരു പോറൽപോലുമേല്ക്കാതെ ഉയർത്തി പ്രതിഷ്ഠിച്ചതും ശരിക്കും ഭഗീരഥപ്രയത്നം തന്നെയായിരുന്നു. പ്രതിഷ്ഠാമഹോത്സവം ഈ പ്രദേശത്തിന്റെയാകെ ഒരു ജീവിതോത്സവമായിരുന്നു.

ഈ ക്ഷേത്രസമുച്ചയത്തിൽ നെടുനായകമായി ശോഭിക്കുന്നത് ശിവക്ഷേത്രം തന്നെ. ഗണപതി, ഭഗവതി, നവഗ്രഹങ്ങൾ തുടങ്ങി ഉപദേവന്മാരുമുണ്ട്. ചന്ദ്രനാഥസ്വാമിക്ഷേത്രമെന്ന ജൈനവിഹാരം അടുത്തകാലത്ത് ചേതോഹരമായ ശില്പഭംഗിയോടെ പുതുക്കിപ്പണിയുകയുണ്ടായി. ആകാശനീലിമയുടെ പട്ടുമേലാപ്പിൻതാഴെ, ഹരിതച്ഛവിയാർന്ന കാനനഭംഗിയുടെ പശ്ചാത്തലത്തിൽ വെണ്ണക്കല്ലിൽ തീർത്ത ആ വാസ്തുശില്പം ഹൃദയസ്പർശിയായ ഒരു ഭാവഗീതംപോലെ ആസ്വാദ്യമായി അനുഭവപ്പെട്ടു. ദക്ഷിണേന്ത്യയിലെ ദിഗംബരതീർത്ഥാടനകേന്ദ്രങ്ങളിൽ ഒരു പ്രമുഖസ്ഥാനമാണ് ഈ ജൈനവിഹാരത്തിനുള്ളത്.

ധർമസ്ഥലയിലെ ശിവക്ഷേത്രത്തിൽ ഭക്തിയോഗവും ജൈനവിഹാരത്തിൽ കർമയോഗവുമാണ് കൊടിനാട്ടിയിരിക്കുന്നത്. നാനാത്വത്തിലെ ഏകത്വം എന്ന ഭാരതീയദർശനസാരം ഉൾക്കൊള്ളുകയും കർമ്മപഥത്തിലെത്തിക്കുകയും ചെയ്ത ഡോ.ഹെഗ്ഡേ എന്ന ഒരു മഹാനുഭാവന്റെ ഹൃദയവിശാലതയാണ് ഈ അഭിഷേകകർമ്മത്തിന് സവിശേഷമായൊരു ചരിത്രപ്രാധാന്യം നേടിക്കൊടുത്തത്.

എട്ടുനൂറ്റാണ്ടുകൾ താണ്ടിവന്ന ഹെഗ്ഡേ കുടുംബപരമ്പരയിലെ ഇരുപത്തിയൊന്നാമത്തെ കണ്ണിയാണ് എന്റെ മുന്നിലിരിക്കുന്ന വീരേന്ദ്ര ഹെഗ്ഡേ എന്ന ഈ അപൂർവ്വവ്യക്തിത്വം. "പലമതസാരവുമേകം" എന്ന വിശ്വദർശനത്തിൽ വിശ്വസിക്കുക മാത്രമല്ല, ഈ ദർശനം പ്രായോഗികജീവിതത്തിലേക്കു പരിഭാഷപ്പെടുത്തുന്ന തരത്തിലുള്ള ലോകസേവനപദ്ധതികൾക്കു നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ഒരു കർമ്മയോഗിയാണ് എന്നോട് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അന്നദാനം, അഭയദാനം, വിദ്യാദാനം, ഔഷധദാനം



തുടങ്ങി ജീവിതത്തിന്റെ സർവ്വതലങ്ങളേയും പുൽകിയുണർത്തുന്ന മഹാദാനങ്ങളുടെ ഒരു വറ്റാത്ത അമൃതവാഹിനിയാണ് ധർമ്മസ്ഥല.

ഹെഗ്ഡേ കുടുംബത്തിന്റെ വിഖ്യാതമായ അതിഥിസൽക്കാരമാധുര്യത്തെ സൂചിപ്പിക്കുന്ന ഒരൈതിഹ്യമുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് വീരമന്ന ഹെഗ്ഡേ എന്ന ജൈനമതനേതാവും അമ്മു ഹെഗ്ഡേയും കുഡുമ എന്ന ഒരു കർണാടകഗ്രാമത്തിൽ ഗൃഹസ്ഥാശ്രമജീവിതം നയിക്കുന്ന കാലം. വീട്ടുപേര് നെല്ലിയാടി. ധർമ്മക്ഷയത്തിൽ ദുഃഖിതയായ ധർമ്മദേവത മനുഷ്യരൂപം പൂണ്ട് നെല്ലിയാടി ഭവനത്തിലെത്തി. നെല്ലിയാടി കുടുംബത്തിന്റെ മഹാമനസ്കത അക്കാലത്തു പ്രസിദ്ധമായിരുന്നു. അതു പരീക്ഷിക്കാൻ തന്നെയാണ് ധർമ്മദേവത എത്തിയത്. ഹെഗ്ഡേ ദമ്പതികളുടെ മധുരോദാരമായ അതിഥി സൽക്കാരരീതികളിൽ ധർമ്മദേവത ആകൃഷ്ടയായി. അത്ഭുതമെന്നു പറയട്ടെ, അന്നുരാത്രി ആ ദമ്പതികളിരുവർക്കും ഒരേ രീതിയിൽ സ്വപ്നദർശനമുണ്ടായി. തനിക്കിവിടെ ഒരു ആസ്ഥാനം വേണമെന്നും അതിന്നായി അവർ താമസിക്കുന്ന ഈ നെല്ലിയാടി ഭവനം ഒഴിഞ്ഞുകൊടുക്കണമെന്നുമാണ് സ്വപ്നത്തിൽ ധർമ്മദേവത രണ്ടുപേരോടും ആവശ്യപ്പെട്ടത്. മറിച്ചൊന്നും ചോദിക്കാതെ, മറ്റൊന്നും ചിന്തിക്കാതെ, ഹെഗ്ഡേ ദമ്പതികൾ മറ്റൊരു വീട് പണിയുകയും സ്വഗൃഹം ധർമ്മദേവതയ്ക്കു സമർപ്പിക്കുകയും ചെയ്തു. ഇന്നും ആ വീട് ധർമ്മക്ഷേത്രമായി ആദരിക്കപ്പെട്ടുവരുന്നു; ആരാധിക്കപ്പെട്ടുവരുന്നു. ഹെഗ്ഡേ ദമ്പതികളുടെ ധർമ്മോപാസനയിൽ പ്രീതിപൂണ്ട ധർമ്മദേവത വീണ്ടുമവർക്കൊരു സ്വപ്നദർശനസൗഭാഗ്യം നൽകി. ഇന്നിവിടെക്കാണുന്ന ഈ ക്ഷേത്രസമുച്ചയം ആ സ്വപ്നദർശനത്തിലൂടെ ധർമ്മദേവത നൽകിയ ഉപദേശമനുസരിച്ചു നിർമ്മിച്ചതാണ്. ദാനധർമ്മാദികളുടെ അനുസ്യൂതമായ നിർവ്വഹണത്തിനുള്ള സമസ്തൈശ്വര്യങ്ങളും സത്കീർത്തിയും ഈ ക്ഷേത്രത്തിനും ക്ഷേത്രാധികാരിക്കും കുടുംബത്തിനും എക്കാലവും ഉണ്ടാവുമെന്ന് ധർമ്മദേവത അനുഗ്രഹിക്കുകയും ചെയ്തു. പതിനാറാം ശതകത്തിൽ ഹെഗ്ഡേ കുടുംബാധിപനായിരുന്ന ദേവരാജഹെഗ്ഡേയുടെ ക്ഷണം സ്വീകരിച്ച് ഉഡുപ്പി മഠാധിപതി ശ്രീ വാഡിരാജസ്വാമികളാണ് കദ്രിയിൽനിന്നും കൊണ്ടുവന്ന ശിവലിംഗം ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചത്. ഹെഗ്ഡേ കുടുംബത്തിന്റെ ധർമ്മദീക്ഷയിൽ സന്തുഷ്ടനായ ഉഡുപ്പി മഠാധിപതി തന്നെയാണ് കുഡുമ എന്ന ഈ കുഗ്രാമത്തെ ധർമ്മസ്ഥലയെന്നു നാമകരണം ചെയ്തത്.



വര: എ.കെ.ഗോപിദാസ്

ഈ ക്ഷേത്രസമുച്ചയത്തിലെ പ്രധാന പ്രതിഷ്ഠ പരമശിവനാണ്.

ധർമ്മസ്ഥലയിലെത്തുന്നവരെല്ലാം ഈ മഹാക്ഷേത്രത്തിന്റെ അതിഥികളാണ്. "അതിഥിദേവോ ഭവ" എന്ന സൂക്തം ഈ ക്ഷേത്രത്തിന് എന്നുമെന്നും മാർഗ്ഗദർശകമാണ്. എല്ലാവർക്കും ഭക്ഷണവും താമസസൗകര്യവും സൗജന്യമായി നല്കാൻ ദേവസ്വം പ്രതിജ്ഞാബദ്ധമാണ്. മൂവായിരം പേർക്ക് ഒരേ സമയം ഭക്ഷണം കഴിക്കാവുന്ന അന്നപൂർണ്ണ എന്ന ഭക്ഷണശാലയിലും പാചകശാലയിലുമെല്ലാം ഭക്ഷ്യവസ്തുക്കളുടെ നിലവാരദീക്ഷയിലും ശുചിത്വത്തിലും അസൂയാവഹമായ ശുഷ്ക്കാന്തിയാണ് കാണാൻ കഴിയുന്നത്. നൂറ്റിയെട്ട് സിംഗിൾ റൂമുകളും നൂറ്റിരണ്ട് ഡബിൾ റൂമുകളുമുള്ള രണ്ടു അതിഥിമന്ദിരങ്ങൾക്കു പുറമേ നേത്രാവതി, വൈശാലി, ശരാവതി, ഗായത്രി, ഗംഗോത്രി എന്നീ അഞ്ച് ഗസ്റ്റ്ഹൗസുകളും സന്ദർശകരുടെ സൗകര്യാർത്ഥം സജ്ജീകരിച്ചിട്ടുണ്ട്. ക്ഷേത്രവും ക്ഷേത്രനഗരവും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിലുള്ള ശ്രദ്ധയും ജാഗ്രതയും കണ്ടു പഠിക്കേണ്ടതാണ്. ഭൂകമ്പം, വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപൊട്ടൽ മുതലായ പ്രകൃതിക്ഷോഭദുരന്തങ്ങൾ സംഭവിക്കുന്നിടത്തെല്ലാം ധർമ്മസ്ഥലയുടെ സഹായഹസ്തം ഒരു സാന്ത്വനസ്പർശംപോലെ എത്തുന്നു.

1972 മുതൽ ഡോ. ഹെഗ്ഡേയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ധന്യാൽധന്യതരമായ ഒരു മംഗളകർമ്മമാണ് സമൂഹവിവാഹം. ജാതിമതഭേദമെന്യേ ഏതു വധൂവരന്മാർക്കും

ഇവിടെ വിവാഹിതരാകാം. താലി, മന്ത്രകോടി, വിവാഹസദ്യ എന്നിവയുടെ ചെലവുകൾ ദേവസ്വം വഹിക്കും. ഓരോരുത്തർക്കും താന്താങ്ങളുടെ ആചാരമനുസരിച്ച് വിവാഹിതരാകാം.

ആരോഗ്യവിദ്യാഭ്യാസ മേഖലകളിലായി മുപ്പത്തിമൂന്നു സ്ഥാപനങ്ങൾ ദേവസ്വം നടത്തുന്നുണ്ട്. ആയുർവേദ കോളേജുകൾ, ലോ കോളേജ്, ഡന്റൽ കോളേജ്, ആർട്സ് ആന്റ് സയൻസ് കോളേജുകൾ, എൻജിനീയറിംഗ് കോളേജുകൾ, യോഗാ-പ്രകൃതിചികിത്സാകോളേജ്, ലളിതകലാ അക്കാദമി, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, ക്ഷയരോഗാശുപത്രി, നേത്രചികിത്സാലയം, ടീച്ചേഴ്സ് ട്രെയിനിങ്ങ് കോളേജുകൾ മുതലായി വൈവിധ്യമാർന്ന വൈജ്ഞാനിക മേഖലകളിൽ വിജയസ്തംഭങ്ങളായി വിരാജിക്കുന്നവയാണ് ഈ സ്ഥാപനങ്ങളെല്ലാം.

നീതിനിർവ്വഹണരംഗത്ത് മറ്റൊരു ദേവാലയവും ചെയ്യാത്ത വലിയൊരു സേവനമാണ് ധർമ്മസ്ഥല അനുഷ്ഠിച്ചുവരുന്നത്. വ്യവഹാരങ്ങൾകൊണ്ട് മുടിഞ്ഞ എത്രയെത്ര കുടുംബങ്ങളെയാണ് ഈ ദേവസ്ഥാനം രക്ഷിച്ചിട്ടുള്ളത്! ഏതെങ്കിലും ഒരു കക്ഷി പരാതിയുമായി ക്ഷേത്രധർമ്മാധികാരിയെ സമീപിച്ചാൽ പരാതിക്കാരനു പറയാനുള്ളതെല്ലാം ധർമ്മാധികാരി ക്ഷമാപൂർവ്വം കേൾക്കുന്നു. എതിർകക്ഷിയെ വരുത്തി അയാൾക്കു പറയാനുള്ളതും കേൾക്കുന്നു. ഇതോടൊപ്പം രണ്ടുപേരോടും ഐക്യത്തിന്റേയും സമാധാനത്തിന്റേയും ഐശ്വര്യത്തെക്കുറിച്ച് സാരോപദേശങ്ങളും നല്കുന്നു. എന്തെങ്കിലും വിട്ടുവീഴ്ച ചെയ്യേണ്ടിവന്നാലുള്ള നഷ്ടവും ഒത്തുതീർപ്പായാൽ ഭാവിയിൽ ഒഴിവായിക്കിട്ടുന്ന ധനനഷ്ടവും ലഭിക്കുന്ന സമാധാനവും സമയലാഭവും സംതൃപ്തിയുമെല്ലാം ശാന്തമായി വിലയിരുത്താൻ അഭ്യർത്ഥിക്കുന്നു. കേസ് മഞ്ജുനാഥേശ്വരക്ഷേത്രസന്നിധിയിൽ സമർപ്പിക്കുന്നു എന്നാണ് വിശ്വാസം. പിന്നെ കക്ഷികൾ തമ്മിൽ ബന്ധപ്പെടാൻ പാടില്ല. പലരും, ഈ സന്ദർഭത്തിൽ കണ്ണടച്ച് കൈയുയർത്തിപ്പിടിച്ച് മത്സരവുമായി മുന്നോട്ടുപോകരുതെന്ന് മറുകക്ഷിയോട് അപേക്ഷിക്കുന്നു. ദേവസ്ഥാനത്തിന്റെ നിയമകാര്യവിഭാഗം കേസ് പഠിച്ച് ഹെഗ്ഡേക്കു റിപ്പോർട്ടു നല്കുന്നു. അവസാനം രണ്ടു കക്ഷികളേയും വരുത്തി അവർക്ക് പറയാനുള്ളതെല്ലാം പറയാൻ അവസരം കൊടുക്കുന്നു. ഹെഗ്ഡേ വിധി കല്പിക്കുന്നു - പരമശിവന്റെ പ്രതിനിധിയെന്ന നിലയ്ക്ക്. ഈ വിധി കക്ഷികൾ മാത്രമല്ല സിവിൽ കോടതികൾ പോലും അംഗീകരിക്കുന്നു എന്നതാണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. മറ്റു കോടതിവിധികൾക്കെതിരെ അപ്പീൽ പോവുക സാധാരണമാണല്ലോ. ഹെഗ്ഡേയുടെ ഒരു വിധിയെപ്പോലും ഇതുവരേയും ആരും ചോദ്യം ചെയ്തിട്ടില്ല. തലമുറകൾനീണ്ട വാശിയേറിയ നിയമയുദ്ധങ്ങൾവരെ ഈ ക്ഷേത്രസന്നിധിയിൽ യോജിപ്പിലും സമാധാനത്തിലും പര്യവസാനിച്ചിട്ടുണ്ട്.

**നീതിനിർവ്വഹണരംഗത്ത് മറ്റൊരു ദേവാലയവും ചെയ്യാത്ത വലിയൊരു സേവനമാണ് ധർമ്മസ്ഥല അനുഷ്ഠിച്ചുവരുന്നത്. വ്യവഹാരങ്ങൾകൊണ്ട് മുടിഞ്ഞ എത്രയെത്ര കുടുംബങ്ങളെയാണ് ഈ ദേവസ്ഥാനം രക്ഷിച്ചിട്ടുള്ളത്?**



ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് ധർവാർ, ഷിമോഗ, ചിക്മാംഗലൂർ, വടക്കൻ കാനറ, ദക്ഷിണ കാനറ, കൂർഗ് എന്നീ ജില്ലകളിലായി 52 താലൂക്കുകളിൽ 55 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടത്തിയത്. അമ്പതുശതമാനം ദേവസ്വവും അമ്പതു ശതമാനം ജില്ലാ പഞ്ചായത്തുകളുമാണ് പദ്ധതിച്ചെലവുകൾ നിർവ്വഹിച്ചത്.

കൃതഹസ്തരായ തച്ചുശാസ്ത്രവിദഗ്ദ്ധരും വാസ്തുശില്പവിശാരദരുമടങ്ങുന്ന ഒരു സംഘം ധർമസ്ഥലയിൽ ഇവിടെ സ്ഥിരമായി പ്രവർത്തിക്കുന്നു. മഞ്ജുനാഥേശ്വര സാംസ്കാരിക-ഗവേഷണ ഫൗണ്ടേഷനാണിതിന് നേതൃത്വം കൊടുക്കുന്നത്. ഇന്ത്യയിലെ ക്ഷേത്രങ്ങൾ നമ്മുടെ അഭിമാനസ്തംഭങ്ങളാണ്. മിക്ക ക്ഷേത്രങ്ങളുടേയും പൂർവ്വകാല മഹിമകൾ നഷ്ടപ്പെട്ടുപോകുന്നു. ഇത്തരം ക്ഷേത്രങ്ങളുടെ നഷ്ടതേജസ്സ് വീണ്ടെടുക്കുംവിധം പുനരുദ്ധരിക്കുന്ന ഒരു ബൃഹത്പദ്ധതി ഡോ.ഹെഗ്ഡേ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു.

കല, സാഹിത്യം, ദർശനം എന്നിങ്ങനെ വിവിധ മേഖലകളിലായി ഏതാണ്ട് അയ്യായിരത്തിൽ പരം പുരാതന ലിഖിതശേഖരങ്ങളും പുരാവസ്തുക്കളും ഇതിനോടകം ഈ ഫൗണ്ടേഷൻ ശേഖരിച്ചുകഴിഞ്ഞു. ഇവയെല്ലാം പഠിക്കുന്നതിനും പരിഭാഷപ്പെടുത്തുന്നതിനും പണ്ഡിതന്മാരുടെ വിദഗ്ദ്ധസമിതികൾ പ്രവർത്തിക്കുന്നുണ്ട്. പുരാവസ്തുശേഖരങ്ങൾ മഞ്ജുഷ എന്ന പേരിൽ ഒരു മ്യൂസിയമായും സംരക്ഷിക്കപ്പെടുന്നു. പഴയ കുതിരവണ്ടികൾ മുതൽ പഴയതും പുതിയതുമായ പലതരം കാറുകളും വിമാനങ്ങളും വരെ പ്രദർശിപ്പിക്കുന്ന ഒരു വാഹനമ്യൂസിയം ധർമ്മസ്ഥലയുടെ കിരീടത്തിലെ



ദരിദ്രകർഷകരെ സ്വയംപര്യാപ്തതയിലേക്കു നയിക്കുവാൻ ശ്രമിക്കുന്ന ഒരു പദ്ധതിയാണ് പ്രഗതിബന്ധു. അഞ്ചുമുതൽ പത്തുവരെയുള്ള കർഷക കുടുംബങ്ങളെ ച്ചേർത്ത് ഓരോ ഗ്രൂപ്പ് രൂപീകരിക്കുന്നു. ദേവസ്വത്തിൽ നിന്നയയ്ക്കുന്ന വിദഗ്ദ്ധരായ സന്നദ്ധസേവകർ ഈ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നു.

മറ്റൊരു പൊൻതൂവലാണ്. എല്ലാ വാഹനങ്ങളും പണിക്കുറവുകൾ തീർത്തു സജീവമാക്കി നിർത്തിയിരിക്കുകയാണ്. 1938-ൽ നിർമ്മിച്ചതും രണ്ടാംലോകമഹായുദ്ധത്തിൽ പങ്കെടുത്തതുമായ ഒരു വ്യോമസേനാവിമാനവും ബിർള സംഭാവന ചെയ്ത ഒരാധുനിക വിമാനവും ആകാശനൗകകളുടെ വികാസചരിത്രം മൗനഭാഷയിൽ വിളംബരം ചെയ്തുകൊണ്ട് ചിറകൊതുക്കി വിശ്രമിക്കുന്നതുപോലെ തോന്നി.

എല്ലാ വർഷവും ഒരു സർവ്വമത സമ്മേളനം ഇവിടെ സംഘടിപ്പിക്കാറുണ്ട്. "സംഗച്ഛദ്ധ്വം... സംവദദ്ധ്വം" എന്ന ഋഗ്വേദസൂക്തം ധർമ്മസ്ഥലയുടെ കൊടിയടയാളമാണ്; കേന്ദ്രമുദ്രാവാക്യവുമാണ്. ഒരുമിച്ചു നടക്കാനും ഒരുമിച്ചു ചിന്തിക്കാനും ഒരുമിച്ചു ജീവിക്കാനും ഋഗ്വേദം ആഹ്വാനം ചെയ്യുന്നു. സർവ്വമതസമന്വയം ലക്ഷ്യംവച്ചുള്ള ഒരു മതസംഗമത്തിന് തുടക്കം കുറിച്ചത് 1933-ൽ ശ്രീ മഞ്ജയ്യ ഹെഗ്ഡേയാണ്. കവികളും സാഹിത്യമീമാംസകരും തത്ത്വചിന്തകരും പങ്കെടുക്കുന്ന കലാതത്ത്വവിചാരങ്ങളും കവിസമ്മേളനങ്ങളും സാഹിത്യചർച്ചകളും ഈ മതോദ്ഗ്രഥനസംരംഭത്തിന്റെ ഭാഗമാണ്. ഒരുകാലത്ത് മനുഷ്യസ്നേഹികളായ പ്രവാചകന്മാർ നൂതനചിന്തകൾക്കു രൂപം കൊടുത്തു. അന്നത്തെ സാമൂഹ്യജീർണതകളിൽനിന്നും മനുഷ്യനെ രക്ഷിക്കാൻ വേണ്ടിയാണ് മതങ്ങൾ ആവിർഭവിച്ചത്.

ഇവിടെ നടക്കുന്ന ഒരു പ്രതീകാത്മക ചടങ്ങാണ് നാരീപൂജ. അന്നേ ദിവസം ക്ഷേത്രത്തിലെത്തുന്ന മുഴുവൻ സ്ത്രീകൾക്കും (മുൻകൂട്ടി പേർ രജിസ്റ്റർ ചെയ്തിരിക്കണം) ഓരോ സാരി കൊടുത്തുകൊണ്ട് ക്ഷേത്ര ധർമ്മാധികാരി അവരെ ആദരിക്കുന്നു.

ഇതിനും പുറമേ നിരക്ഷരരായ ഗ്രാമീണവനിതകളെ ബോധവത്ക്കരിക്കുന്നതിനുവേണ്ടിയുള്ള ഭഗീരഥശ്രമങ്ങളും ദേവസ്വം നടത്തുന്നുണ്ട്. കുടുംബാസൂത്രണം, സമ്പാദ്യശീലം, പൗരബോധം, ശുചിത്വം, ശിശുപരിപാലനം എന്നീ വിഷയങ്ങളിൽ പരിശീലനം കൊടുക്കുന്ന മുപ്പതു ജ്ഞാനസേവാകേന്ദ്രങ്ങൾ 1992-ൽ ദേവസ്വം സ്ഥാപിച്ചു. ഭയം, സഭാകമ്പം മുതലായ ദൗർബല്യങ്ങളിൽനിന്നും മോചിതരാകാനും വാതിൽപ്പാളിക്കു പിന്നിൽ മറഞ്ഞു നില്ക്കുന്നവരെ മുഖ്യധാരയിലേക്കു കൊണ്ടുവരാനും ഈ കേന്ദ്രങ്ങൾ സഹായിക്കുന്നു.

തൊഴിൽതേടി നഗരങ്ങളിലേക്കു പലായനം ചെയ്യേണ്ടിവരുന്ന ചെറുപ്പക്കാർക്ക് ഒരാശാകേന്ദ്രമാണ് ദേവസ്വം രൂപീകരിച്ചിട്ടുള്ള റഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട്. തൊഴിൽ കണ്ടെത്തൽ, തൊഴിൽപരിശീലനം, സാങ്കേതികജ്ഞാനം, സാമ്പത്തികസഹായം, സാധ്യതാപഠനങ്ങൾ എന്നിവയെല്ലാം റഡ്സെറ്റ് ചെയ്യുന്നു. ധനകാര്യസ്ഥാപനങ്ങൾ, കേന്ദ്രസംസ്ഥാനസർക്കാരുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായ വിവിധ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലങ്ങളെ കോർത്തിണക്കിയാണ് റഡ്സെറ്റ് പ്രവർത്തിക്കുന്നത്. പത്തു സംസ്ഥാനങ്ങളിലായി പതിനെട്ട് റഡ്സെറ്റ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ശരീരമനസ്സുകളുടെ ശരിയായ താളം കാത്തുസൂക്ഷിക്കുവാൻ സഹായിക്കുന്ന ഒരു ഭാരതീയശാസ്ത്രമാണ് യോഗശാസ്ത്രം. ഈ ശാസ്ത്രശാഖയെക്കുറിച്ച് ബഹുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി യോഗാക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. ഓരോ വർഷവും ഇരുന്നൂറ്റിയമ്പത് ഹൈസ്കൂൾ അധ്യാപകർക്ക് യോഗശാസ്ത്രപരിശീലനം കൊടുക്കുന്നു. ഓരോ അധ്യാപകനും ഓരോ വർഷവും നൂറ് വിദ്യാർത്ഥികളെ എങ്കിലും പരിശീലിപ്പിക്കണമെന്നാണ് വ്യവസ്ഥ. അപ്പോൾ ഇരുപത്തയ്യായിരം കുട്ടികൾ ഓരോ വർഷവും ഈ അറിവ് ഉൾക്കൊള്ളുന്നു.

ദരിദ്രകർഷകരെ സ്വയംപര്യാപ്തതയിലേക്കു നയിക്കുവാൻ ശ്രമിക്കുന്ന ഒരു പദ്ധതിയാണ് പ്രഗതിബന്ധു. അഞ്ചുമുതൽ പത്തുവരെയുള്ള കർഷക കുടുംബങ്ങളെച്ചേർത്ത് ഓരോ ഗ്രൂപ്പ് രൂപീകരിക്കുന്നു. ദേവസ്വത്തിൽ നിന്നയയ്ക്കുന്ന വിദഗ്ദ്ധരായ സന്നദ്ധസേവകർ ഈ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നു. യോഗം ചേരുന്നതു മാറി മാറി ഓരോ കർഷകന്റേയും കൃഷിസ്ഥലത്താവും. ഇന്ന് എണ്ണായിരത്തിൽപ്പരം കർഷകർ ആയിരത്തിൽപ്പരം ഗ്രൂപ്പുകളിലായി പ്രവർത്തിക്കുന്നു. അമിതപലിശ വാങ്ങുന്നവരിൽനിന്നും കൃഷിക്കാരെ രക്ഷിക്കാൻ പ്രത്യേക പദ്ധതികളുണ്ട്. നല്ലയിനം തൈകൾ വിതരണം ചെയ്യുക, ശാസ്ത്രീയമായ കൃഷിരീതികൾ അഭ്യസിപ്പിക്കുക, ഉത്പന്നങ്ങൾക്ക് കമ്പോളം കണ്ടുപിടിക്കുക എന്നിവയിലെല്ലാം ദേവസ്വം ഈശ്വരനെപ്പോലെ സഹായിക്കുന്നു.

ദേശീയ സാക്ഷരതാമിഷന്റെ സഹായത്തോടെ കർഷക കുടുംബങ്ങളിൽ അക്ഷരവെളിച്ചം എത്തിക്കുന്നതിനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. പരിശീലനം സിദ്ധിച്ച പരശ്ശതം അധ്യാപകർ ഇതിന്നായി നിയോഗിക്കപ്പെട്ടിരിക്കുന്നു. ജ്ഞാനദീപമെന്ന ഈ പദ്ധതിക്കുവേണ്ടി മുപ്പത്തിനാലുലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

ധർമ്മസ്ഥല ധർമ്മക്ഷേത്രം മാത്രമല്ല, ജീവിതക്ഷേത്രം കൂടിയാണ്. ക്ഷേത്രത്തെക്കുറിച്ച് ശ്രീകൃഷ്ണന്റെ പ്രസിദ്ധമായ ഗീതാവാക്യമുണ്ടല്ലോ.

"ഇദം ശരീരം കൗന്തേയ
ക്ഷേത്രമിത്യഭിധീയതേ"

ഈ കൃഷ്ണസൂക്തത്തിന്റെ ഓജസ്സും ജീവസ്സുമുള്ള ചേതോഹരമായ ഒരു വ്യാഖ്യാനമാണ് ധർമ്മസ്ഥല.

*(ഗ്രീൻബുക്സ് പ്രസിദ്ധീകരിച്ച മഹാക്ഷേത്രങ്ങൾ എന്ന പുസ്തകത്തിൽനിന്നും)*

# 1187 വൃശ്ചികമാസം എങ്ങനെ?




**വിശേഷദിവസങ്ങൾ**

വൃശ്ചികം 1ന് മണ്ഡലകാലാരംഭം. ഗുരുവായൂരിൽ പ്രധാനം. ദഗ്ദ്ധയോഗം. 3ന് വൈക്കത്തഷ്ടമി. 4ന് വൈധൃതിപുണ്യകാലം, വൈക്കത്താറാട്ട്. 5ന് ഏകാദശി തൃപ്രയാറിൽ പ്രധാനം, രാത്രി 7മ. 46 മി.ന് ഹരിവാസരാരംഭം, ദഗ്ദ്ധയോഗം. 7ന് പ്രദോഷവ്രതം. 8ന് അമാവാസി, സ്ഥാലീപാകം. 13ന് അശുഭയോഗം. 14ന് സ്കന്ദഷഷ്ഠിവ്രതം. 16ന് ദഗ്ദ്ധയോഗം, പറശ്ശിനിക്കടവിൽ പ്രധാനം. 17ന് പ്രളയകൽപാദി. 20ന് ഗുരുവായൂരിൽ ഏകാദശി, ഗീതാദിനം, 6 മ.10.മി മുതൽ ഹരിവാസരാരംഭം. 26ന് പരശുരാമജയന്തി. 30ന് ഷഡശീതി പുണ്യകാലം.

| | | | |
|---|---|---|---|
| | ഗു | ശി | |
| | ശു - 5.40 ധനു<br>ശു - 29 -54 മകരം | | ച |
| | | | കു |
| | ര ബു<br>ശു സ | മ | |

**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**

പൊതുവേ വളരെ അനുകൂലം. ഗൃഹനിർമ്മാണം ആരംഭിക്കുവാനും മുടങ്ങിയത് പുനരാരംഭിക്കുവാനും സാമ്പത്തിനേട്ടങ്ങൾക്കും തൊഴിൽരംഗത്ത് പുരോഗതിയും പ്രമോഷൻ സാദ്ധ്യതകളും വിദ്യാവിജയവും ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കുവാനും പുണ്യക്ഷേത്രങ്ങൾ ദർശിക്കുവാനും ബന്ധുക്കളുമായി കൂടിച്ചേരാനുള്ള അവസരങ്ങളും കാണുന്നു.

**എടവക്കൂറ് (കാർത്തിക 3/4, രോഹിണി, മകയിരം 1/2)**

പിതൃസ്ഥാനീയർക്ക് ദുരിതവും ഗൃഹത്തിൽ കലഹവും തൊഴിൽരംഗത്ത് അനാവശ്യ ഇടപെടലുകളും മേലധികാരികളുടെ അപ്രീതിയും തൊഴിൽനഷ്ടങ്ങളോ കാണാം. കൂടാതെ വാഹനഅപകടങ്ങൾ, ആശുപത്രിവാസം, നിശ്ചയിച്ചുറപ്പിച്ച പലകാര്യങ്ങളും മുടക്കവും, വിദ്യാപരാജയവും ആരോഗ്യപ്രശ്നങ്ങളും. അയ്യപ്പഭജനയും ശനിയാഴ്ചവ്രതവും പരിഹാരം.

**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)**

പൊതുവെ നല്ല ഫലങ്ങൾ . വ്യവഹാരവിജയവും മത്സരപരീക്ഷകളിൽ ജയവും തൊഴിൽരംഗത്ത് കുതിച്ചുകയറ്റവും പ്രമോഷൻ സാദ്ധ്യതകളും ഗൾഫ് യാത്രായോഗവും കാണുന്നു. ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കുവാനും വിദ്യാവിജയവും കുടുംബഐക്യവും ഗുരുതുല്യരുമായി കൂടിച്ചേരാനുള്ള അവസരവുമുണ്ട്.

**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**

ഗുണദോഷഫലങ്ങൾ പ്രതീക്ഷിക്കാം. തൊഴിൽരംഗത്ത് ഉയർച്ചയും ഗൾഫ്യാത്രകൾക്ക് തടസ്സവും ദുഷ്കീർത്തിയും ആരോഗ്യപ്രശ്നങ്ങളും അപകടവും ഗൃഹത്തിൽ മംഗളകർമ്മസിദ്ധിയും വസ്തുവാഹനാദികൾ വാങ്ങുകയും വിദ്യാവിജയവും മത്സരങ്ങളിൽ ജയവും വ്യവഹാരവിജയവും ഫലം.

**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)**

പൊതുവേ അനുകൂലമല്ല. ഗൃഹഛിദ്രതയും കലഹവും തൊഴിൽരംഗത്ത് പ്രശ്നങ്ങളും സ്ഥലമാറ്റവും തരംതാഴ്ത്തലും ഭീഷണിയും ശത്രുശല്യവും ഫലം. ഗൃഹത്തിൽ മംഗളകർമ്മതടസ്സം, വിദ്യാപരാജയം, ഗൾഫ് യാത്രാതടസ്സം, വ്യവഹാരപരാജയം, ആരോഗ്യതകർച്ച എന്നിവ കാണുന്നു. മാതൃഅരിഷ്ടതകൾ സൂക്ഷിക്കുക. തസ്കരഭയം - വീഴ്ച എന്നിവ കരുതിയിരിക്കണം.

**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**

പ്രതാപവും ശത്രുനാശവും തൊഴിൽരംഗത്ത് പുരോഗതിയും പ്രമോഷനും വസ്തുവാഹനാദികൾ മൂലം സാമ്പത്തികനേട്ടവും മത്സരപരീക്ഷകളിൽ ജയം, വ്യവഹാരജയം, ഗൾഫ് യാത്രായോഗം, ഗൃഹനിർമ്മാണം എന്നിവയും വിവാഹാദിമംഗളകർമ്മങ്ങൾ നടക്കുക, പുരസ്കാരങ്ങൾ കിട്ടുക തുടങ്ങിയ അനുകൂലഫലങ്ങൾ കാണാം.

**തുലാക്കൂറ് (ചിത്തിര 1/2, ചോതി, വിശാഖം 3/4)**

ശത്രുശല്യവും അപമാനവും ഗൃഹം മാറി താമസിക്കേണ്ടിവരികയോ യാത്രകളിൽ അപകടങ്ങളോ തസ്കരശല്യമോ കാണുന്നു. വിദ്യാർത്ഥികൾക്ക് വളരെ മോശം കാലം, ഗൃഹത്തിൽ നിശ്ചയിച്ചുറപ്പിച്ച വിവാഹാദിമംഗളകർമ്മങ്ങൾ മാറ്റിവെക്കേണ്ടിവരിക, ദൂരയാത്രകൾ ഒഴിവാകുക. ആരോഗ്യം പോര.

**വൃശ്ചികക്കൂറ് (വിശാഖം 1/4, അനിഴം, തൃക്കേട്ട)**

കുടുംബകലഹവും കഠിനാദ്ധ്വാനവും അനാവശ്യയാത്രകളും. വിലപ്പെട്ട വസ്തുവഹകൾ കൈവിടേണ്ടിവരിക, തൊഴിൽരംഗത്ത് ശത്രുശല്യവും മേലധികാരികളുടെ അഴിമതിയും മത്സരപരീക്ഷകളിൽ തോൽവി - വ്യവഹാരപരാജയം, ആരോഗ്യഹാനി ഫലം.

**ധനുക്കൂറ് ( മൂലം, പൂരാടം, ഉത്രാടം 1/4)**

തീരെ അനുകൂലമല്ല. ഗൃഹത്തിൽ ശത്രുശല്യം, തസ്കരഭയം, അഗ്നിഭയം, ആരോഗ്യപ്രശ്നങ്ങൾ, മംഗളകർമ്മതടസ്സം എന്നിവയും തൊഴിൽമുടക്കവും വിദ്യാപരാജയം യാത്രാമുടക്കങ്ങൾ മാതൃഅരിഷ്ടത എന്നിവ ഫലം.

**മകരക്കൂറ് ( ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**

ഗുണദോഷഫലങ്ങൾ. ഗൃഹനിർമ്മാണം പൂർത്തിയാവുക, വാഹനങ്ങൾ വസ്തുവഹകൾ വാങ്ങുക. മംഗളകർമ്മസിദ്ധി, തൊഴിൽരംഗത്തുയർച്ച, മത്സരപരീക്ഷ, വിജയം, ഗൾഫ് യാത്രായോഗം എന്നിവയും കളത്രദുരിതം, കലഹം പിതൃഗുരുജനാരിഷ്ടത, ആരോഗ്യപ്രശ്നങ്ങൾ എന്നി കാണും.

**കുംഭക്കൂറ് ( അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി )**

വളരെ അനുകൂലസമയം. ഇഷ്ടപ്പെട്ട തൊഴിൽലബ്ധി, ഗൾഫ് യാത്രായോഗം, ഇഷ്ടവിവാഹസിദ്ധി, പുണ്യക്ഷേത്രദർശനയോഗം, മത്സരപരീക്ഷകളിൽ ഉന്നതവിജയം, വ്യവഹാരജയം, ആരോഗ്യപുഷ്ടി, ബന്ധുബലം, തൊഴിൽരംഗത്ത് ഉയർച്ച ഫലമാകുന്നു.

**മീനക്കൂറ് ( പൂരൂരുട്ടാതി 1/4, ഉതൃട്ടാതി, രേവതി)**

പിതൃജനാദിവേർപാട് ദുരിതങ്ങളും ആരോഗ്യമാനസികപ്രശ്നങ്ങളും കളത്രാരിഷ്ടതയും കലഹവും സഹോദരന്മാരുമായി കലഹവും തൊഴിൽരംഗത്ത് ശത്രുശല്യവും സ്ഥാനനഷ്ടവും അനാവശ്യയാത്രകളും വിലപിടിച്ച വസ്തുവഹകൾ കൈമോശം വരികയും വിദ്യാപരാജയവും ഫലമാകുന്നു.